## <u>കുടുംബ യോഗചരിത്രം</u>
**1915** മുതൽ

മാവേലിക്കര തായ് വേരുറപ്പിച്ചിട്ടുള്ള വടക്കേത്തലയ്ക്കൽ കുടുംബം കഴിഞ്ഞ നാനൂറിലേറെ വർഷങ്ങളിലായി കല്ലൂപ്പാറ, പത്തനാപുരം, തുമ്പമൺ, അടൂർ, പുത്തൻകാവ്, കായംകുളം, കുമ്പനാട്, കണ്ടനാട് ആദിയായ സ്ഥലങ്ങളിൽ പടർന്നുപന്തലിച്ചു വളരുകയാണല്ലോ. ഈ കുടുംബാംഗങ്ങൾ തമ്മിൽ ആദികാലം മുതൽ തന്നെ വിവാഹാദി അടിയന്തിരങ്ങൾക്കും മറ്റും തമ്മിൽ കാണുകയും ആകമാന കുടുംബത്തിന്റെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തിരുന്നതായി തെളിവുകൾ ഉണ്ടെങ്കിലും ഔപചാരികമായ ഒരു കുടുംബയോഗം ആദ്യമായി കൂടുന്നത് 1915-ാമാണ്ട് മാവേലിക്കര വഴുവാടി കുഞ്ചാറ്റിൽ വച്ചാണ്. മാരേട്ട് ഏബ്രഹാം ശെമ്മാശൻ (പിന്നീട് മാർത്തോമ്മാ സഭയുടെ ജീവാത്മാ പരമാത്മാവുമായിത്തീർന്ന ഏബ്രഹാം വലിയ മെത്രാപ്പോലീത്താ) അദ്ധ്യയിലാണ് അന്നു യോഗം കൂടിയത്. മാരേട്ട് ശ്രീ. എ. പീലിപ്പോസ് ജഡ്ജിയും ഊരിയേപ്പടിക്കൽ ശ്രീ. ഒ. സി. നൈനാൻ വക്കീലും ആ യോഗത്തിൽ സംബന്ധിച്ച പ്രമുഖവ്യക്തി കളായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ കുടുംബയോഗം 1916-ൽ കല്ലൂപ്പാറ മാരേട്ടുവച്ച നടന്നു. പ്രസ്തുത യോഗത്തിൽ സംബന്ധിച്ചവർ ഒരു ആകമാനവംശാവലി തയ്യാറാക്കുന്നതിനുവേണ്ടി കുഞ്ചാറ്റിൽ ശ്രീ. നൈനാൻ ഇടിച്ചാണ്ടിയേയും കാഞ്ഞിരത്തിൻ മൂട്ടിൽ ശ്രീ. ഉമ്മൂമ്മൻ ഉമ്മുമ്മനേയും (ക്ലാസിഫയർ) ചുമതല പ്പെടുത്തിയായി കാണുന്നു. അവർ തയ്യാറാക്കിയ വംശാവലിയിൽ കുറെ ഭാഗങ്ങൾ ഇപ്പോൾ കണ്ടുകിട്ടിയിട്ടുണ്ട്.

അടുത്ത യോഗം ` മാവേലിക്കര വഴുവാടി പോളച്ചിറക്കൽ പുത്തൻ വീട്ടിൽ വച്ച് കണ്ടനാട് ശ്രീ. യൂയാക്കിം മാർ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 1917-ൽ നടന്നതായി രേഖകൾ കാണുന്നു. യൂയാക്കീം തിരുമേനി ഈ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു എന്നതും കൊല്ലവർഷം 1863-ാമാണ്ട് സ്ഥാപിക്കപ്പെട്ട വടക്കേത്തലയ്ക്കൽ കുടുംബവകയായിരുന്ന തഴക്കര സെമിനാരി പള്ളി 1917-ാമാണ്ട് കുടുംബാംഗ മായ തിരുമേനിയുടെ പേർക്ക് ഉടമ്പടി കൊടുത്തതായി രേഖകൾ കാണുന്ന തിനാലും വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ ഒരു പ്രബല ശാഖ കണ്ടനാട്ട് ആസ്ഥാനം ഉറപ്പിച്ചിരുന്നു എന്ന കാര്യം നിസ്തർക്കമാണ്. പക്ഷേ നിർഭാഗ്യ കരമെന്നു പറയട്ടെ, ഈ ശാഖയെ വടക്കേത്തലയ്ക്കൽ കുടുംബവുമയി ബന്ധപ്പെടുത്തുന്ന കണ്ണി ഇനിയും കണ്ടുകിട്ടേണ്ടിയിരിക്കുന്നു.

നാലാമത്തെ കുടുംബയോഗം 1918-ൽ കണ്ടിയൂർ താന്നിമൂട്ടിൽ കുഞ്ഞു നൈനായുടെ ഭവനത്തിൽവെച്ചാണ് നടന്നത്. പരേതനായ പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനിയുടെ വന്ദ്യ പിതാവും മലങ്കര ഓർത്ത ഡോക്സ് സഭയുടെ നെടുംതൂണു കളിൽ ഒരാളുമായിരുന്ന കിഴക്കേത്ത ലയ്ക്കൽ തോമസ് കത്തനാരാണ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത്.

കായംകുളത്ത് കൊട്ടയ്ക്കാട്ട് ശ്രീ. ചെറിയാച്ചന്റെ ഭവനത്തിൽ വച്ച് 5-ാമത്തെ കുടുംബയോഗം 1919 -ൽ നടന്നു. ഏബ്രഹാം മാർത്തോമ്മാ സഫർഗൻ തിരുമേനിയായിരുന്നു അദ്ധ്യക്ഷൻ.

അടുത്ത യോഗം ഊരിയേപ്പടിക്കൽ ശ്രീ. ഒ. സി. നൈനാൻ വക്കീലിന്റെ ഭവനത്തിൽ വച്ചു കൂടാൻ തീരുമാനിച്ചെങ്കിലും ഏതോ കാരണവശാൽ അതു നടന്നില്ല. അതിനുശേഷം 1973-ൽ ശ്രീ. എ. മാരേട്ടിന്റെ ഭവനത്തിൽവച്ചു കൂടിയ മാരേട്ടു ശാഖായോഗത്തിലേക്ക് മറ്റു ശാഖകളിലെ പ്രതിനിധികളെ ക്ഷണിക്കുകയും അവിടെവച്ചു മുടങ്ങിപ്പോയ കുടുംബയോഗം പുനർ

ജീവിപ്പിക്കുന്നതിപ്പെറ്റി ആലോചിക്കുകയും അതിനുവേണ്ടി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ നമ്മുടെ ആകമാന കുടുംബ യോഗത്തിന്റെ പുനർജീവനത്തിന് വഴിയൊരുക്കിയ മാരേട്ട് ശാഖയോട് മറ്റു ശാഖകളെല്ലാം കടപ്പെട്ടിരിക്കുന്നു.

1974 ഒക്ടോബർ 25-ാം വടക്കേത്തലയ്ക്കൽ കുടുംബാംഗവും സുപ്രസിദ്ധ സാഹിത്യകാരനുമായ ശ്രീ. കെ. ഈ. മത്തായി പാറപ്പുറത്തിന്റെ മാവേലിക്കരയുള്ള ഭവനത്തിൽ വെച്ചാണ് കുടുംബയോഗം നടന്നത് എല്ലാ ശാഖകളിൽ നിന്നുമായി ഏതാണ്ട് ആയിരത്തോളം അംഗങ്ങൾ ആ യോഗ ത്തിൽ സംബന്ധിച്ചിരുന്നു. കുടുംബം വകയായിരുന്ന തഴക്കര സെമിനാരി പള്ളിയിൽ വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. പൊതുയോഗാദ്ധ്യക്ഷൻ വന്ദ്യ ദിവ്യശ്രീ. മാരേട്ട് തോമസ് റമ്പാൻ ആയിരുന്നു. വന്ദ്യവയോധികനും ഇതപര്യന്തമുള്ള എല്ലാ കുടുംബയോഗങ്ങളിലും ഭാഗഭാക്കുമായ വടക്കേ ത്തലയ്ക്കൽ സ്കറിയാ കത്തനാർ ഈ യോഗത്തിൽ ആദ്യവസാനം പങ്കെടു ത്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സർവ്വശ്രീ. കെ. എൻ. മാത്യു കൊട്ടയ്ക്കാട്ട് കായംകുളം, ഐ. തോമസ് പത്തനാപുരം, പ്രൊഫസർ ഒ. ഏ. ചെറിയാൻ ഊരിയേപ്പടിക്കൽ, ഷാജി മാരേട്ട്, ദിവ്യശ്രീ. റ്റി. എൻ. കോശി കത്തനാർ ഊരിയേപ്പടിയ്ക്കൽ, ജോർജ് സ്കറിയാകത്തനാർ പറമ്പിൽ മാവേലിക്കര, ജി. നൈനാൻ കത്തനാർ താന്നിമൂട്ടിൽ മാവേലിക്കര, എം. എം. മത്തായി മാരേട്ട് എക്സ്. എം. എൽ. എ., മാരേട്ട്, കല്ലൂപ്പാറ, പി. സി. തോമസ്സ് അടൂർ, ഒ. സി. നൈനാൻ ഊരിയെപ്പടി ക്കൽ, കെ. സി. അലക്സാണ്ടർ കുഞ്ചാറ്റിൽ മാവേലിക്കര, ഏലിയാമ്മ ജോസഫ് മാരേട്ട് കല്ലൂപ്പാറ, കെ. ഈ. മത്തായി പാറപ്പുറത്ത് മാവേലിക്കര, എൻ. അലക്സാണ്ടർ എക്സ് എം. പി. താന്നിമൂട്ടിൽ, കെ. ഐ. ചാക്കോ കുഞ്ചാറ്റിൽ മാവേലിക്കര, എം. ഒ. നൈനാൻ മാരേട്ട് മുതലായവർ പ്രസംഗിച്ചു.

യുവജനങ്ങളുടെ നാടകവും, കുട്ടികളുടെ വിവിധ കലാപരിപാടികളും സമ്മേളനത്തിന് കൊഴുപ്പ് കൂട്ടി. യുവജനങ്ങളുടേതായ ഒരു പ്രത്യേക സംഘടന രൂപീകൃതമായത് ഈ സമ്മേളനത്തോട് അനുബന്ധിച്ചാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

അടൂർ ശ്രീ. പി. സി. തോമസിന്റെ ഭവനത്തിൽ വച്ചാണ് 1975ലെ കുടുംബയോഗം കൂടിയത്. പൂർവ്വാധികം വർണ്ണശബളമായ പ്രസ്തുത യോഗം കൊറ്റനെല്ലൂർ ഓർത്തഡോക്സ് പള്ളിയിൽ വി. മൂന്നിന്മേൽ കുർബ്ബാന യോടെ ആണ് സമാരംഭിച്ചത്. പൊതുയോഗാദ്ധ്യക്ഷൻ റവ. ഫാ. ജോർജ് സ്കറിയാകത്തനാരും ഉദ്ഘാടകൻ വെരി. റവ. തോമസ് റമ്പാൻ മാരേട്ടും ആയിരുന്നു. ഏകദേശം ആയിരത്തഞ്ഞൂറോളം കുടുംബാംഗങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു.

സർവ്വശ്രീ. എൻ. അലക്സാണ്ടർ എക്സ്. എം. പി., എം. എം. മത്തായി എക്സ്. എം. എൽ. എ., പ്രൊഫ. ഒ. ഏ. ചെറിയാൻ, കെ. ഇ. മത്തായി പാറപ്പുറത്ത്. കെ. റ്റി. ജോസഫ്, സി. എ. സഖറിയാ, ഡോ. സി. ജയിംസ്, പി. ഒ. പാപ്പച്ചൻ, ഉമ്മൻ റേ വറുഗീസ്, ദിലീപ് അലക്സാണ്ടർ, കുര്യൻ തോമസ്, കെ. എൻ. മാത്യു, ഉമ്മൻ തോമസ്, എ. മാരേട്ട്, വി. ജോർജ്, ശാന്തമ്മ തോമസ്സ് എന്നിവരെല്ലാം വിവിധ യോഗങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു.

ശ്രീ. പാറപ്പുറം രചിച്ച വഴിയമ്പലം എന്ന നാടകം ആയിരുന്നു കലാപരി പാടിയിലെ പ്രധാന ഇനം. മാവേലിക്കര ശാഖയിലെ ഇളം തലമുറ ചേർന്നു അവതരിപ്പിച്ച ഈ നാടകം ഒന്നിലധികം പ്രാവശ്യം തിരുവനന്തപുരം, കോഴിക്കോട് റേഡിയോ നിലയങ്ങളിൽ നിന്ന് പ്രക്ഷേപണം ചെയ്യുകയു ണ്ടായി എന്ന വസ്തുതയും പ്രസ്താവ്യമത്രേ.

അടുത്ത കുടുംബയോഗം 1976 ഒക്ടോബർ മാസത്തിൽ ഊരിയേപ്പടി ക്കൽ ശ്രീ. ഒ. സി, നൈനാൻ (ഹെഡ്മാസ്റ്റർ) അവറുകളുടെ ഭവനത്തിൽ വച്ചാണ് നടത്തപ്പെട്ടത്. കുടുംബയോഗത്തിന്റെ പുനരുദ്ധാരണത്തിനുശേഷം നടത്തപ്പെട്ട ഏറ്റവും സമുജ്വലമായ യോഗമായിരുന്നു ഇത്.

യോഗത്തിൽ റവ. റ്റി. എൻ. കോശി ഊരിയേപ്പടിക്കൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ഒ. സി. നൈനാൻ സ്വാഗതവും, ശ്രീ. എൻ. അലക്സാണ്ടർ എക്സ്. എം. പി., റവ. കെ. റ്റി. തോമസ് പുത്തൻകാവ്, റവ. ഏബ്രഹാം മാരേട്ട്, റവ. ജി. നൈനാൻ താന്നിമൂട്ടിൽ, ശ്രീ. എ. മാരേട്ട് കല്ലൂപ്പാറ, ശ്രീ. കെ. ഇ. മത്തായി പാറപ്പുറത്ത് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

കലാപരിപാടികളിൽ പ്രധാനപ്പെട്ട ഇനം മാവേലിക്കര ശാഖയുടെ ബഹറിൻ കുഞ്ഞന്നാമ്മ എന്ന നാടകം ആയിരിന്നു. സാം മാത്യു പാറപ്പുറ ത്ത്, സിൽവി നൈനാൻ പാറപ്പുറത്ത്, സുജാത മാത്യു പാറപ്പുറത്ത്, സുനിൽ മാത്യു പാറപ്പുറത്ത്, ബേബി കുഞ്ചാറ്റിൽ, കുഞ്ഞുമോൾ കുഞ്ചാറ്റിൽ, ഗീത സോണിവില്ല തുടങ്ങിയവർ ഈ നാടകത്തൽ പങ്കെടുത്തു. ഈ നാടകവും തിരുവനന്തപുരം നിലയത്തിൽ നിന്നും പ്രക്ഷേപണം ചെയ്യുകയുണ്ടായി.

അടുത്ത കുടുംബയോഗം 1977 ഒക്ടോബറിൽ പത്തനാപുരത്തു വച്ച കൂടുവാൻ തീരുമാനിച്ചു.

ആകമാന കുടുംബയോഗത്തിന്റെ പുനർജീവനത്തിനുശേഷം എല്ലാ ശാഖകളിലും ശാഖായോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തു തയും പ്രസ്താവ്യമാണ്.

കുടുംബയോഗ ചരിത്രം

**(1977 മുതൽ 1997 വരെ)**

1977-ൽ പത്തനാപുരം ശാഖയിൽ മാക്കുളം ഓർത്തഡോക്സ് പള്ളിയുടെ കോമ്പൗണ്ടിൽ വച്ചും.
1978-ൽ തുമ്പമൺ ശാഖയിൽ പേരൂർ ശ്രീ. പി. എ. ജോർജിന്റെ ഭവനത്തിൽ വച്ചും.
1979-ൽ മാരേട്ട് കിഴക്കേത്തലയ്ക്കൽ (പേരൂർ) എം. പി. ജോസഫിൻറ ഭവനത്തിൽ വച്ചും.
1980-ൽ മാവേലിക്കര ശാഖയിൽ കുഞ്ചാറ്റിൽ ശ്രീ. സി. എൻ. അലക്സാണ്ടറുടെ ഭവനത്തിൽ വച്ചും.

1981 -ൽ അടൂർ മേലേതിൽ പുളിക്കൽ ശ്രീ. പി. ജി. തോമസിൻറ ഭവനത്തിൽ വച്ചും.
1982-ൽ ഊപടിക്കൽ തോപ്പിൽ ശ്രീ. റ്റി. എൻ. നൈനാന്റെ ഭവനത്തിൽ
1983-ൽ പത്തനാപുരം ശാഖയുടെ ആഭ്യമുഖ്യത്തിൽ പത്തനാപുരം മാക്കുളം പള്ളി അങ്കണത്തിൽ വച്ചും.
1984-ൽ തുമ്പമൺ ശാഖയിൽ പുലിയംമഠത്തിൽ ശ്രീ. കുഞ്ഞുകുഞ്ഞിന്റെ ഭവനത്തിൽ വച്ചും.
1985-ൽ മാരേട്ട് കിഴക്കേത്തലയ്ക്കൽ ശ്രീ. എം. പി. ജോസഫിൻറ ഭവനത്തിൽ വച്ചും.
1986-ൽ മാവേലിക്കര ശാഖയുടെ ആഭിമുഖ്യത്തിൽ മാവേലിക്കര പറമ്പിൽ വന്ദ്യ ദിവ്യശ്രീ ജോർജ് സ്കറിയാ കോർ എപ്പിസ്കോപ്പായുടെ ഭവനത്തിൽ വച്ചും.
1987-ൽ അടൂർ ശാഖയുടെ ആഭിമുഖ്യത്തിൽ മണക്കാല ഗവ. യു. പി. എസ്. ൽ വച്ചും.
1988-ൽ ഊ്യപടിക്കൽ ശാഖയിൽ ഗ്രേസ് മൗണ്ടിൽ ശ്രീ. ഒ. എ. നൈനാന്റെ ഭവനത്തിൽ വച്ചും.
1989 ൽ പത്തനാപുരത്ത് ലൈറ്റ് ഹൗസിൽ ശ്രീ.പി.ജി.ഗീവർഗീസിൻറ ഭവനത്തിൽ വച്ചും.
1990 ൽ തുമ്പമൺ ശാഖയിൽ കമ്മാഞ്ചേരിൽ ശ്രീ. കെ. കെ. തങ്കച്ചൻറ ഭവനത്തിൽ വച്ചും.
1991-ൽ മാരേട്ട് കിഴക്കേത്തലക്കൽ (പേരൂർ) ശ്രീ. എം. പി. ജോസഫിന്റെ ഭവനത്തിൽ വച്ചും.
1992 ൽ മാവേലിക്കര ശാഖയുടെ ആഭിമുഖ്യത്തിൽ ചെറുകോൽ മാർ ത്തോമ്മാ ട്രിനിറ്റി ഹാളിൽ വച്ചും.
1993-ൽ അടൂർ ശാഖയുടെ ആഭിമുഖ്യത്തിൽ കണ്ണംകോട് ഓർത്ത ഡോക്സ് പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ചും.
1994-ൽ ഊപ്പടിക്കൽ ശാഖയുടെ ആഭിമുഖ്യത്തിൽ ഊ്യപടിക്കൽ ഗ്രേസ് മൗണ്ടിൽ ശ്രീ. ഒ. എ. നൈനാന്റെ ഭവനത്തിൽ വച്ചും.
1995-ൽ പത്തനാപുരം ശാഖയുടെ ആഭിമുഖ്യത്തിൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ വച്ചും.
1996-ൽ തുമ്പമൺ ശാഖയുടെ ആഭിമുഖ്യത്തിൽ തുമ്പമൺ സെന്റ് ഗ്രീഗോറിയോസ് ഓഡിറ്റോറിയത്തിൽ വച്ചും.
1997-ൽ മാരേട്ട് ശാഖയുടെ ആഭിമുഖ്യത്തിൽ കല്ലൂപ്പാറ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി ആഡിറ്റോറിയത്തിൽ വച്ചും നടന്നു.
1998-ൽ മാവേലിക്കര ശാഖയിൽ വച്ച് നടത്തി

വടക്കേത്തലയ്ക്കൽ
മഹാകുടുംബത്തിലെ സഭാ മേലദ്ധ്യക്ഷന്മാർ


1. ശമഓൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

1 മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഭരണത്തിൽ ഇരുന്നിരുന്ന കൊച്ചി ഭദ്രാസനത്തിന് ആദ്യമായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്താ ആയിരുന്നു ഇദ്ദേഹം. 1823 ൽ കണ്ടനാട് കരവട്ടുവീട്ടിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ മാതാ പിതാക്കൻമാർ താപസശ്രേഷ്ഠനായ മകൻ ദനയുടെ പേർ കുട്ടിക്ക് നല്കി. ബാല്യത്തിൽ തന്നെ ദൈവഭക്തിയിലും പ്രാർത്ഥനാ ജീവിതത്തിലും അതീവതല്പരനായിരുന്ന ഇദ്ദേഹത്തിന് യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ കശ്ശീശാ പട്ടം നല്കി. തീവ്രസന്യാസി പട്ടക്കാരനെന്ന നിലയിലും, അഗാധമായ ദൈവഭക്തി, നിരന്തരമായ പ്രാർത്ഥനാജീവിതം എന്നീ വിശിഷ്ട ഗുണങ്ങളാലും മകൻ കത്തനാർ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെട്ടിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ


ദീവന്നാസ്യോസ് (രണ്ടാമൻ) ഇദ്ദേഹത്തെ റമ്പാനാക്കി. 1875 ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് കുന്നംകുളം പള്ളികൾ സന്ദർശിച്ചുകൊണ്ടിരുന്ന അവസരത്തിൽ ചിറളയം പള്ളിയിൽ വച്ച് മാൻ റമ്പാനെ ദീവന്നാസ്യോ സ് എന്നും മുറിമറ്റത്തിൽ പൗലൂസ് റമ്പാനെ ഈവാനിയോസ് എന്നും നാമകരണം ചെയ്ത് മെത്രാപ്പോലീത്തന്മാരായി വാഴിച്ചു. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മുളന്തുരുത്തിയിൽ വച്ച് കൂടിയ സുന്നഹദോ സിൽ മലങ്കരയെ 7 ഭദ്രാസന ഇടവകകളായി പുനഃസംഘടിപ്പിച്ചതിൽ ഒന്നായ കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായി. വൃദ്ധനും തപോനിഷ്ഠയുള്ളവനുമായ മെത്രാപ്പോലീത്താ ദീർഘനാൾ ഭരണം നടത്തിയില്ല. ഏറെതാമസിക്കാതെ ഭരണകാര്യങ്ങളിൽ നിന്ന് വിരമിച്ച് ശിഷ്ടായുസ്സ് ഇദ്ദേഹം പുനരുദ്ധരിച്ച് കുടുംങ്ങമംഗലം പള്ളിയിൽ കഴിച്ചു കൂട്ടി. നിശ്ശബ്ദ സേവന ജീവിതത്തിന്റെ പര്യായമായ ഈ പുണ്യപുരുഷൻ 1888-ൽ പരലോകപ്രാപ്തനാകുകയും കടുങ്ങമംഗലം തുരുത്തി പള്ളിയിൽകബറടക്കപ്പെടുകയും ചെയ്തു.



തുമ്പമൺ ഭദ്രാസനാധിപനായിരുന്ന് പരുമല കബറടങ്ങിയ
***1863-1924*** കണ്ടനാട് യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ



മോസ്റ്റ് റവ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത  എം.എ.ഡി.ഡി
***3***ജനനം ***: 1881***     മരണം ***: 1947*** സെപ്റ്റംബർ ***1***




റൈറ്റ് റവ. ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ***M.A., B.D.***
ജനനം കൊ.വ. ***1072*** ഇടവം ***29*** മരണം ***: 1951*** ഏപ്രിൽ ***17***



തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ*.*
*(*ചെങ്ങന്നൂർ ഭദ്രാസനം*)*
ജനനം ***:1938*** ഏപ്രിൽ ***3 -***മരണം ***2018*** ഓഗസ്റ്റ് ***24***



*.*
വെരി*.* റവ*.* തോമസ് റമ്പാൻ മാരേട്ട്
ജനനം മരണം



വടക്കേത്തലയ്ക്കൽ പറമ്പിൽ സ്കറിയാ കത്തനാർ
ജനനം *: 1883 -* മരണം *: 1977* ആഗസ്റ്റ് *9*

മലങ്കര ക്രിസ്ത്യാനികളുടെ സാമൂഹ്യ ജീവിതം
പാറപ്പുറത്ത്

ഇന്ത്യയിൽ കേരളത്തിലൊഴിച്ച് മറ്റെല്ലായിടവും ഉള്ള ക്രിസ്ത്യാനികൾ മിക്കവരും അവശ സമുദായങ്ങളിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച് വന്നിട്ടുള്ളവരായതിനാൽ സമൂഹത്തിൽ അവർക്ക് ഇന്നും ആ പതിത്വം കല്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്ന് മാനസ്സാന്തരപ്പെടുത്തിയവരിൽ നല്ലൊരു വിഭാഗം ഉന്നത വർഗ്ഗക്കാരായിരു ന്നതിനാലും മത പരിവർത്തനത്തിനുശേഷം അവർ ഏർപ്പെട്ട ശ്രേഷ്ഠമായ വാണിജ്യ വൃത്തി മൂലവും ഉന്നതവർഗ്ഗക്കാർക്ക് ഒപ്പം മാന്യമായ
ഒരു സ്ഥാനം ആദി കാലം മുതൽക്കേ അവർക്കുണ്ടായിരുന്നു.

പോർട്ടുഗീസുകാർ ആദ്യമായി കേരളത്തിൽ വരുമ്പോൾ കണ്ട് ക്രിസ്തീ യ സമുദായത്തെപ്പറ്റി വ്യക്തമായ ചരിത്രരേഖകൾ

ഉണ്ട്. അവർ സവർണ്ണ ഹിന്ദുക്കളെപ്പോലെ കുടുമ്മ വളർത്തിയിരുന്നു. കാതുകുത്തി കടുക്കൻ ഇട്ടി രുന്നു. അമ്പലത്തിന്റെ മാതൃകയിൽത്തന്നെ ദേവാലയങ്ങൾ നിർമ്മിച്ചിരു ന്നു. ഹിന്ദു വിഗ്രഹങ്ങളുടെ സ്ഥാനത്ത് കുരിശു പ്രതിഷ്ഠിച്ചിരുന്നു എന്ന വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളുവത്രേ. അമ്പലങ്ങളും ദേവാലയ ങ്ങളും അടുത്തടുത്ത് സ്ഥിതി ചെയ്തിരുന്നു. വിശ്വാസത്തിന്റെ കാര്യത്തി പോലും അവർക്കു ഭേദചിന്തയില്ലായിരുന്നു. തിരുവോണം, വിഷു പോലെ യുള്ള എല്ലാ ഹൈന്ദവ വിശേഷദിനങ്ങളും ഹിന്ദുക്കളോടൊപ്പം ക്രിസ്ത്യാ നികളും ആഘോഷിച്ചിരുന്നു. എന്തിനേറെ, അന്യത്ര ചേർത്തിരിക്കുന്ന ശ്രീ. എൻ. അലക്സാണ്ടരുടെ ലേഖനത്തിൽ പറയും പ്രകാരം നമ്മുടെ കുടുംബ സ്ഥാപകനായ ശങ്കരനാരായണ ഭട്ടതിരി വിശ്വാസത്തിന്റെ കാര്യത്തി ലൊഴിച്ച് മറ്റെല്ലാറ്റിലും ആയുഷ്കാലം മുഴുവൻ ഒരു ബ്രാഹ്മണനായി ച്ചിരിക്കുവാനാണല്ലോ സാദ്ധ്യത ഇതിനുള്ള പ്രധാന കാരണം മതം മാറിയെങ്കിലും തങ്ങൾക്ക് പാര മ്പര്യസിദ്ധമായ ആഢ്യത കൈവെടിയാൻ അവരിഷ്ടപ്പെട്ടില്ല എന്നത് ആണ്. മറ്റൊന്ന് മതപരിവർത്തനത്തിനു ശേഷം അവർ സ്വീകരിച്ച വാണിജ്യപരമായ പ്രവർത്തനങ്ങൾക്ക് സമുദായത്തിൽ ഉണ്ടായ മാന്യതയാണ്. ആ മാന്യത മനസ്സിലാക്കിയ കേരള രാജാക്കന്മാർ ചെപ്പേടുകൾ വഴിയും മറ്റും അവർക്കു നൽകിയ പദവികൾ അത് വിലപ്പെട്ടവയായിരുന്നു.

കേരളത്തിലെ ആദിമ ക്രിസ്ത്യാനികളുടെ ആചാരക്രമങ്ങളിൽ ചില തിനെപ്പറ്റി ചുരുക്കമായി ചുവടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മാപ്പിള

സാമൂഹ്യമായ ഔന്നത്യത്തെ അംഗീകരിച്ചുകൊണ്ട് കേരളത്തിലെ ഭരണാധികാരികൾ നൽകിയ പേരാണ് മഹാപിള്ള എന്നത്. മഹാപിള്ള ലോപിച്ചാണ് മാപ്പിള ആയത്. ഒരു കാലത്ത് നസ്രാണികൾ തങ്ങളുടെ പേരിനോട് ചേർത്ത് മാപ്പിള എന്ന സ്ഥാനനാമവും ഉപയോഗിച്ചിരുന്നു. (ഉദാ. ചെറിയാൻ മാപ്പിള, വറുഗീസ് മാപ്പിള) കാലാന്തരത്തിൽ യഹൂദന്മാരും മുഹമ്മദീയരും ഈ പേര് ഉപയോഗിക്കുവാൻ തുടങ്ങിയപ്പോഴാണ് മാപ്പിള പ്രയോഗം നസ്രാണികളുടെ ഇടയിൽ പ്രചാരലുപ്തമായത്.

പണിക്കർ

ആയുധശിക്ഷണം നൽകിയിരുന്നവരേയും യുദ്ധവീരന്മാരേയും ആണ ല്ലോ പഴയകാലത്ത് പണിക്കർമാർ എന്ന് വിളിച്ചിരുന്നത്. സ്വന്തം സൈനീക ശക്തിതന്നെ ഉണ്ടായിരുന്ന ആദിമ ക്രിസ്ത്യാനികളിൽ ആയോധന വിദ ഗ്ധരായ പലരും പണിക്കർ എന്ന പേരിൽ അറിയപ്പെട്ടുപോന്നിരുന്നു. പലർ ക്കും നാട്ടുവാഴികൾ തന്നെ ആ സ്ഥാനം കല്പിച്ചുകൊടുത്തിരുന്നു.

അറുപത്തിനാലിൽക്കാർ

ബ്രാഹ്മണർ കേരളത്തിൽ അറുപത്തിനാല് ഗ്രാമങ്ങളിലായിട്ടാണല്ലോ പാർത്തിരുന്നത്. അതിനാൽ അവരെ അറുപത്തിനാലില്ക്കാർ എന്നു വിളി ച്ചിരുന്നു. ആ ബ്രാഹ്മണരിൽ നിന്നും മാനസ്സാന്തരപ്പെട്ടു വന്നവരായതുകൊ ണ്ടാവണം ആദിമ ക്രിസ്ത്യാനികളേയും അറുപത്തിനാലിൽക്കാർ എന്നു വിളിച്ചുവന്നിരുന്നത്. ഇതിനും പുറമേ താണ ജാതിക്കാർ അവരെ "പതിനം പരിഷമാളോർ' എന്നും വിളിച്ചിരുന്നു. കേരളത്തിലെ പതിനാല് പരിഷ (ജാതിക്ക്) ഉടയവർ എന്ന അർത്ഥമാണ് ആ സംബോധനയിൽ ള്ളത്.

വൈവാഹിക ആചാരങ്ങൾ ഒത്തുകല്ല്യാണം

വിവാഹപരമായ ആചാരങ്ങൾ അക്കാലത്ത് ബ്രാഹ്മണരുടേതുപോലെ ആയിരുന്നു. വധുവിന്റെയും വരന്റെയും വീട്ടുകാർ തമ്മിലുള്ള വിവാഹ നിശ്ചയത്തിന് ഒത്തുകല്ല്യാണം എന്നായിരുന്നു പേര്. ചിലയിടങ്ങളിൽ കുറി എഴുതിമാറുക എന്നും പറഞ്ഞിരുന്നു.

നസ്രാണികളുടെ വിവാഹങ്ങൾ പണ്ട് ഞായറാഴ്ച ആണ് നടത്തിയിരു ന്നത്. ശനിയാഴ്ചതന്നെ വീട്ടുകാരും ബന്ധുക്കളും എത്തിച്ചേരും. ആദ്യത്തെ ചടങ്ങ് ഗുരുദക്ഷിണയാണ്. അതു കഴിഞ്ഞാൽ അന്തംചാർത്ത് (ചന്തം ചാർത്ത്) കരയിലെ ക്ഷുരകൻ പന്തൽ വാതിൽക്കൽ വന്നുനിന്ന്, "പതിനം പരിഷമാളോരെ അന്തം ചാർത്താൻ കയറ്റി ഇരുത്തട്ടെ' എന്ന് മൂന്ന് പ്രാവശ്യം ചോദിക്കുന്നു. അനുവാദം വാങ്ങിയശേഷം ക്ഷുരകൻ വരനെ ഒരു കുരണ്ടി യിൽ ഇരുത്തി മുഖക്ഷൗരം ചെയ്യുന്നു. ("കോളവെട്ടുക" എന്നാണ് അതിനു പണ്ട് പറഞ്ഞിരുന്നത്) പണ്ടുകാലങ്ങളിൽ വിവാഹകാലംവരെ യുവാക്കന്മാർ മുഖക്ഷൗരം

ചെയ്തിരുന്നില്ലത്രേ.

മധുരം കൊടുക്കൽ

വരന് അന്തം ചാർത്തുന്നതുപോലെ വധൂഗൃഹത്തിൽ നടക്കുന്ന ചടങ്ങാണ് മൈലാഞ്ചിയിടൽ. ഇതും ബ്രാഹ്മണക്ഷത്രിയ പാരമ്പര്യങ്ങ ളിൽനിന്ന് വന്നതാണ്. അന്തം ചാർത്ത് കഴിഞ്ഞാൽ വരനെയും മൈലാഞ്ചി യിടൽ കഴിഞ്ഞാൽ വധുവിനേയും എണ്ണതേച്ച് കുളിപ്പിക്കുകയായി. അതിനു ശേഷമാണ് മധുരം കൊടുക്കൽ. ഈ ഓരോ ചടങ്ങിനോടും ബന്ധപ്പെടുത്തി പാടാനുള്ള പ്രത്യേകം പാട്ടുകൾ ഉണ്ട്. ഹിന്ദുക്കളുടെ സരസ്വതി പൂജപോ ലെ പ്രാരംഭത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ അപദാനങ്ങളെ പ്രകീർത്തി ച്ചുകൊണ്ടുള്ള "മാർത്തോമ്മൻ' പാട്ടാണത്രേ പാടിയിരുന്നത്.

അയനിയൂട്ട്

വിവാഹദിവസം രാവിലെ വരന്റെ പെങ്ങൾ ഒരു പാത്രത്തിൽ മിന്നും മന്ത്രകോടിയും മറ്റൊന്നിൽ അയനിയപ്പവും വഹിച്ചു കൊണ്ടു പള്ളിയിലേ ക്ക് പോകുന്നു. ഈ പോക്കിന് വാദ്യഘോഷങ്ങൾ അകമ്പടി സേവിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഈയവസരത്തിൽ വധുവിന്റെയും വരൻ യും ഗൃഹങ്ങളിൽ സദ്യക്കുള്ള ഒരുക്കങ്ങൾ നടക്കുകയും പന്തലിൽ "മണർ ക്കോലം' ഉണ്ടാക്കി വിതാനിക്കുകയും വധൂവരന്മാരെ വിശേഷവസ്ത്രങ്ങളും ആഭരണങ്ങളും അണിയിയ്ക്കുകയും ചെയ്യുന്നു.

മണവാളൻ പുളുപ്പട്ട് കുത്തിയുടുത്തും കൈയിലും, കഴുത്തിലും പൊ ന്നാഭരണങ്ങൾ ധരിച്ചും, മണവാട്ടി തലയിൽ പൊൻമുടി ചൂടിയും പത്തു വിരലിലും മോതിരവും കാലിൽ പൊൻ വളയും കഴുത്തിൽ പത്തക്കമാലയും കാതിൽ കാതിലയും തലയിൽ പൊൻമുടിയും നെറ്റിപ്പട്ടവും ധരിച്ചും ആണ് ദേവാലയത്തിലേക്കുള്ള യാത്ര. കളഭം, കസ്തൂരി മുതലായവ നസ്രാണികൾ സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു. പെണ്ണുങ്ങൾ കണ്ണെഴുതാറുണ്ടായി രുന്നു.

ഒരുവിധം നിലയുള്ള കുടുംബങ്ങളിൽ വരൻ പല്ലക്കിലോ ആനപ്പുറ ത്തോ ആണ് വിവാഹയാത്രയിൽ സംബന്ധിച്ചിരുന്നത്. മടക്കയാത്രയിൽ ഘോഷയാത്രയുടെ പ്രതാപം വർദ്ധിച്ചിരിക്കും. മുമ്പിൽ വാളും പരിചയും ധരിച്ച അകമ്പടിക്കാർ പഞ്ചവാദ്യങ്ങൾ കുരവ, കുന്തപ്പയറ്റ്, ഞാണിന്മേൽ ദണ്ഡിപ്പ്, വെൺചാമര, പട്ടുകുടകൾ മുതലായവ ഈ ഘോഷയാത്രയിൽ അകമ്പടി സേവിച്ചിരുന്നു. ഈ ചടങ്ങുകളിൽ മിക്കവയും ബ്രാഹ്മണപൂർവ്വി കരിൽ നിന്നോ നാട്ടുവാഴികളിൽനിന്നോ ലഭിച്ചിട്ടുള്ള പദവികൾ ആണ്.

താലികെട്ട്

പുരോഹിതൻ വധൂവരന്മാരെക്കൊണ്ട് പാണിഗ്രഹണം ചെയ്യിക്കുന്നത് പൗരാണികസിദ്ധമായ ചടങ്ങാണ് എന്നതിന് യാതൊരു സംശയവും ഇല്ല. കൂടാതെ ആശീർവദിച്ച താലി വരൻ വധുവിന്റെ കഴുത്തിൽ കെട്ടുന്നതും മന്ത്രകോടിയിൽ നിന്ന് എടുത്ത ഏഴു നൂലുകൾ കൂട്ടിപ്പിരിച്ച ചരടിൽ താലി കോർത്ത് കെട്ടുന്നതും മന്ത്രകോടി ധരിപ്പിക്കുന്നതും ബ്രാഹ്മണസമ്പ്രദായ ങ്ങളല്ലാതെ മറ്റൊന്നും അല്ല. അതിനുശേഷം വരന്റെ സഹോദരി കൊണ്ടു വന്നിട്ടുള്ള അയനി പലഹാരത്തിൽനിന്നു ഒരു ഓഹരി എടുത്ത് വധുവര ന്മാർക്ക് കൊടുക്കുകയും ബാക്കിയുള്ളത് അവിടെയുള്ള സ്ത്രീകൾ പങ്കിട്ട് കഴിക്കുകയും ചെയ്തിരുന്നു.

വിവാഹ ഘോഷയാത്ര പന്തലിൽ എത്തിയാൽ രണ്ട് മരപ്പലകളിൽ വലതുവശത്ത് വരനെയും ഇടതുവശത്ത് വധുവിനേയും കിഴക്കോട്ട് അഭി മുഖമായി നിർത്തി വധുവിന്റെ അമ്മ നെറ്റിയിൽ കുരിശുവരച്ച് നെല്ലും നീരും വീഴ്ത്തുന്നു. ഐശ്വരസമൃദ്ധമായ ഒരു ജീവിതത്തെക്കുറിച്ചുള്ള ആംശസ

വിവാഹചടങ്ങുകളിൽ നിറപറയും നിലവിളക്കും അനിവാര്യമായിരുന്നു. കൂടാതെ വധൂവരന്മാരെ പന്തലിലേക്ക് സ്വീകരിക്കുമ്പോൾ സ്ത്രീകൾ കുരവയിടുകയും സംഘംചേർന്ന് പാട്ടുകൾ പാടുകയും പതിവായിരുന്നു.

അടച്ചുതുറ

വിവാഹശേഷം നാലാംദിവസം ഉണ്ടായിരുന്ന സവിശേഷമായ ഒരു ചടങ്ങാണ് അടച്ചുതുറ മണവാളൻ കുളിച്ച് ഊണ് കഴിഞ്ഞ് തോഴരുമായി മണവറയിൽ പ്രവേശിച്ച് കതക് അടച്ചിരിക്കും. വധുവിന്റെ അമ്മ പലതരം പാട്ടുകൾ പാടി കതക് തുറക്കാൻ

വിനീതമായി അപേക്ഷിക്കും. ഈ പാട്ടു
കളിലൂടെ, ഗോദാനം, സ്വർണ്ണദാനം, വസ്ത്രദാനം മുതലായി പല വാഗ്ദാന ങ്ങളും ഉണ്ടായശേഷമേ വാതിൽ തുറക്കപ്പെടുകയുള്ളൂ. എത്ര ഉറക്കെ പാടി യാലും കേട്ടില്ല, കേട്ടില്ല'' എന്നേ വരൻ തോഴർ പറയുമായിരുന്നുള്ളൂ. ഇങ്ങനെ അമ്മായിയമ്മയെ വിഷമിപ്പിക്കുന്നത് കല്യാണമോടിക്ക് അത്യാ വശ്യമായിരുന്നത്.

ഇവ കൂടാതെ നല്ലവാതിൽ (വധൂവരന്മാർ വധൂഗൃഹത്തിലേക്ക് പുറപ്പെ ടുന്നതു സംബന്ധിച്ചുള്ള ചടങ്ങുകൾ) വിവാഹശേഷമുള്ള നാലാം കുളിയും അതോടനുബന്ധിച്ചുള്ള ചടങ്ങുകളും, ജ്ഞാനസ്നാനം, പേര് ഇടീൽ, ചോറ് ഊണ്, എഴുത്തിനിരുത്ത്, മരണാനന്തര ചടങ്ങുകൾ എന്നിങ്ങനെ ഒട്ടെല്ലാ കാര്യത്തിലും ബ്രാഹ്മണരുടേതിനോട് ഏറ്റവും അധികം സാദൃശ്യമുള്ള ചടങ്ങുകൾ ആണ് ആദിമകാലം മുതലെ നാം അനുവർത്തിച്ച് പോന്നിട്ടുള്ളത്.

ഇതൊക്കെ കേവലം യാദൃശ്ചിക സാദൃശ്യങ്ങളാണെന്ന് കരുതുവാൻ നിവർത്തിയില്ല. കേരളീയ ക്രിസ്ത്യാനികളുടെ സമുജ്ജ്വലമായ പാരമ്പര്യ ത്തിന് നിദർശകങ്ങളായി ഇവയെ കണക്കാക്കാവുന്നതാണ്.

## വേരുകൾ

പ്രൊഫ. ഒ. എ. ചെറിയാൻ

ഏറെക്കാലം പ്രവർത്തനരഹിതമായി കഴിഞ്ഞശേഷം വീണ്ടും ഒന്നു ചേരുകയും ഈ വലിയ കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ അറിയാൻ ഇടയാവുകയും ചെയ്ത സാഹചര്യത്തിലാണ് എന്നേപ്പോലുള്ളവർക്ക് സ്വന്തം പാരമ്പര്യത്തെപ്പറ്റി ഒരു ഏകദേശബോധമുണ്ടായത്. അറുപത് വർഷങ്ങൾക്കുമുമ്പ് നമ്മുടെ കുടുംബപിതാക്കൾ ആണ്ടിലൊരിക്കൽ ഒന്നിച്ചു കൂടി കുടുംബകാര്യങ്ങൾ ചർച്ചചെയ്യുകയും വംശാവലി തയ്യാറാക്കുകയും ചെയ്തിരുന്നു എന്നത് ഒരു കടങ്കഥ കേൾക്കുന്ന വികാരത്തോടെയാണ് ഞങ്ങൾ ശ്രദ്ധിച്ചത്.

എന്നിട്ടും ഒരുനിമിഷം ഞാൻ സംശയിച്ചുനിന്നു. മനുഷ്യന്റെ അറിവും ചിന്തയും അനുനിമിഷം ചക്രവാളങ്ങളിൽ നിന്നു ചക്രവാളത്തിലേക്ക് പ്രയാണം ചെയ്തു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബത്തി ന്റെ ഇടുങ്ങിയ വൃത്തങ്ങളിൽ നമ്മുടെ ചിന്തകളെ ഒതുക്കിനിർത്തുന്നത് ശരിയായിരിക്കുമോ?

ഇല്ല, ആ ചിന്തയ്ക്കു ഒരു നിമിഷത്തെ ആയുസ്സേ ഉണ്ടായിരുന്നുള്ളു. ബ്രിട്ടിഷ് രാജ്യതന്ത്രജ്ഞനായ ബർക്കിന്റെ വാക്കുകൾ ഞാൻ ഓർമ്മിച്ചു. "പൂർവ്വികന്മാരെ സാദരം സ്മരിക്കാത്ത ഒരു ജനതയ്ക്കു ശ്രേയസ്കര മായ ഒരു ഭാവി ഉണ്ടാകയില്ല.''

അടുത്തകാലത്ത് വായിക്കാനിടയായ ഒരു പുസ്തകവും ഇത്തരുണ ത്തിൽ എന്റെ ചിന്തയെ തൊട്ടുണർത്തുകയുണ്ടായി. അമേരിക്കൻ സാഹി ത്യചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത വിപ്ലവം സൃഷ്ടിച്ച അലക്സ് ഹെയ്ലി എന്ന നീഗ്രോ ഗ്രന്ഥകാരന്റെ വേരുകൾ എന്ന ഗ്രന്ഥം. ഹെയ്ലി തന്റെ വേരുകൾ അന്വേഷിച്ചുകൊണ്ടു നടത്തിയ തീർത്ഥയാത്രയുടെ വികാരനിർഭരമായ കഥയാണ് ആ നോവൽ.

1964-ൽ ഹെയ്ലി ഒരു ലേഖനം എഴുതാൻ വേണ്ടി ചില പഴയ റിക്കാർ ഡുകൾ പരിശോധിക്കുകയായിരുന്നു. ഹെയ്ലിയുടെ കണ്ണുകൾ "മറേ, ബ്ലാ ക്ക്, ബ്ലാക്ക് സ്മിത്ത് എന്നിങ്ങനെ രണ്ടുമൂന്നു പേരുകളിൽ കുരുങ്ങിക്കിട ന്നു. തന്റെ ആത്മാവിനോടു ബന്ധപ്പെട്ട പേരുകൾ! തന്റെ അമ്മൂമ്മയുടെ
അമ്മൂമ്മ, സിന്തിയായും അവരുടെ സഹോദരിമാരും ഈ പേരുകൾ പല പ്രാവശ്യം പറഞ്ഞത് അദ്ദേഹം ഓർമ്മിച്ചു.

ഒരു നീണ്ട ചരിത്രത്തിലെ അറ്റുപോയ ഇഴകൾ ആയിരുന്നു ആ പേരു കൾ. നൂറ്റാണ്ടുകൾക്ക് മുമ്പ് ആഫ്രിക്കൻ വനാന്തരങ്ങളിൽനിന്ന് മൃഗങ്ങളെ യെന്നോണം വേട്ടയാടി പിടിച്ച് ചങ്ങലക്കിട്ട് അമേരിക്കയിൽ എത്തിച്ച അടിമ കളുടെ ആദ്യതലമുറ

ആ വേരുകൾ തേടി നീണ്ട പന്ത്രണ്ടു വർഷക്കാലം മൂന്നു ഭൂഖണ്ഡ ങ്ങളിലായി ഹെയ്ലി നടത്തിയ തീർത്ഥയാത്രയുടെ ഫലമായി ചുരുളഴിയു ന്ന കഥയാണ് നോവലിലെ പ്രതിപാദ്യം.

"ഗ്രിയോട്ടുകൾ'' എന്ന ചലിക്കുന്ന ചരിത്രപുസ്തകങ്ങളായ ആഫ്രി ക്കൻ കിഴവന്മാരുടെ മദ്ധ്യത്തിലിരുന്നുകൊണ്ട് ഹെയ്‌ലി ആ കഥ കേട്ടു. ആ കഥ കേട്ടുകൊണ്ടിരുന്നപ്പോൾ - ഹെയ്‌ലി എഴുതുന്നു.

"എന്റെ ചുറ്റും വളഞ്ഞിരുന്ന വയോവൃദ്ധന്മാർ ഒരുതരം നൃത്തത്തിന്റെ ചുവടുവെപ്പോടെ എന്റെ പൂർവ്വികന്മാരെപ്പറ്റി പറയാൻ തുടങ്ങി. എന്റെ ഉള്ളിൽ കരച്ചിൽ പൊട്ടി ഉയർന്നു. അത് അതിശക്തിയായി മുകളിലേ ഉയർന്നുവന്നു. കൈകൾ കൊണ്ട് ഞാൻ മുഖം പൊത്തി. നോക്കു. ഞാനൊരു പ്രായപൂർത്തിയായ പുരുഷനാണ്. എനിക്കെങ്ങനെ കരയാനാവും

അതെ, നൂറ്റാണ്ടുകൾക്ക് മുമ്പ് താഴമൺ മഠത്തിൽ വന്ന് താമസിച്ച ശങ്കരനാരായണ ഭട്ടതിരി എന്ന എന്റെ ആദിമ പിതാവിനെക്കുറിച്ച് വായി ക്കുമ്പോൾ, കൊച്ചുകുട്ടിയായിരിക്കുമ്പോൾ അമ്മയുടെ കൈ പിടിച്ചുകൊണ്ട് വിജനമായ കാട്ടുപാതകളിലൂടെ മാവേലിക്കരയിൽനിന്ന് കല്ലൂപ്പാറയിലേക്ക് നടന്നുപോയ എന്റെ പിതാമഹനെക്കുറിച്ച് ആലോചിക്കുമ്പോൾ എൻറ ഉള്ളിലും കരച്ചിൽ പൊട്ടിവിടരുന്നു. ഈ ആലോചന എന്റെ മനസ്സിന്റെ ചക്രവാളത്തെ സങ്കുചിതമാക്കുകയല്ല, മറിച്ച് പ്രപഞ്ചത്തോളം വ്യാപകമാക്കു കയാണ് ചെയ്യുന്നത്.

ഒരു പുനരൈക്യത്തിൻറ ആരംഭം

ആയിരത്തി തൊള്ളായിരത്തി എഴുപത്തിമൂന്ന് നവംബർ അഞ്ച് ! നല്ല നീളവും, നീളത്തിനുതക്ക വണ്ണവും, നീണ്ട ഖദർ ജൂബ്ബായും, പാതി നരച്ച പറ്റവെട്ടിയ മുടിയും മീശയും, നല്ല മുഖപ്രസാദവും ഒക്കെയുള്ള ഒരാൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മാവേലിക്കര ശാഖയിൽ കടന്നുവരുന്നു. ഇദ്ദേഹത്തിന് ഒരു കോടതി ചെക്ക് മാറികിട്ടാനുണ്ട്. ചെക്കിൽ "എ. മാരേട്ട്" എന്ന പേരുകണ്ടപ്പോൾ ചീഫ് കാഷ്യർ ശ്രീ. സി. എൻ. അലക്സാണ്ടർ ചോദിച്ചു :

"എ. മാരേട്ട് എന്നുപറഞ്ഞാൽ.....?''


"ഞാൻ തന്നെ, എന്താ സംശയമുണ്ടോ ?''

"താങ്കളെ സംശയമില്ല. മാരേട്ട് എന്നുപറയുന്നത് എന്റെ ഒരു പിതാമഹൻ കല്ലൂപ്പാറയിൽ പോയി താമസിച്ച വീടിന്റെ പേരാണ്.... "


ഇങ്ങനെയാണ് തുടക്കം. എ. മാരേട്ട് (അച്ചൻകുഞ്ഞ്) വിവരങ്ങൾ മത്തായിച്ചനോട് (എം. എം. മത്തായി എക്സ്. എം. എൽ. എ.) പറഞ്ഞു. തുടർന്ന് മത്തായിച്ചന്റെ ഒരെഴുത്തും, ശ്രീ. എം. പി. പോളിന്റെ നേതൃ ത്വത്തിൽ ഒരു പ്രതിനി ധി സംഘവും. ഡിസംബർ 26-ാം തീയതി നട ക്കുന്ന മാരേട്ടു ശാഖകുടുംബ വാർഷികത്തിൽ സംബന്ധിക്കാനുള്ള ക്ഷണവുമായിട്ടാണ് അവർ വന്നത്.

മാവേലിക്കര മൂലകുടുംബശാഖ ഉണർന്നെഴുന്നേറ്റു. ആ ഉണർവ്വി ൻ തരംഗവീചികളിൽ 60 കൊല്ലങ്ങൾക്കു മുമ്പ് പ്രവർത്തനരഹി തമായിപ്പോയ വടക്കേത്തലയ്ക്കൽ കുടുംബയോഗം പുനർജീവിച്ചു. പിന്നെ സംഭവിച്ചതെല്ലാം ഈ കുടുംബചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടു ത്തിയിട്ടുണ്ട്.

കുടുംബയോഗ പുനരൈക്യത്തിന് മുൻകൈ എടുത്ത
കുടുംബനേതാക്കൾ



എൻ. അലക്സാണ്ടർ എക്സ്. എം. പി.
മാവേലിക്കര



എം. എം. മത്തായി
ക്സ്. എം. എൽ. എ. കല്ലൂപ്പാറ



എം. പി. പോൾ, കല്ലൂപ്പാറ.



കെ. ഇ. മത്തായി പാറപ്പുറത്ത്, മാവേലിക്കര



സി. എൻ. അലക്സാണ്ടർ, കുഞ്ചാറ്റിൽ
, മാവേലിക്കര.

വടക്കേത്തലയ്ക്കൽ കുടുംബം

എൻ. അലക്സാണ്ടർ, എക്സ് എം. പി.

(വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ ഉത്ഭവത്തെപ്പറ്റി ഇവിടെ വിവരി ക്കുന്ന സംഭവപരമ്പരകൾ പൂർണ്ണമായി ചരിത്രസംഭവങ്ങളെ ആധാരമാക്കി യുള്ളതല്ല. പൂർവികന്മാരിൽനിന്ന് പരമ്പരാഗതമായി പറഞ്ഞും കേട്ടും വന്നിട്ടുള്ള ചില വസ്തുതകളെയും സ്വതന്ത്രമായ ചില പര്യവേക്ഷണങ്ങളെ യും ആണ് ഇവിടെ അവലംബമാക്കിയിട്ടുള്ളത്.)

ഭൂതകാലത്തിന്റെ ധൂമയവനികയ്ക്കുള്ളിൽ മറഞ്ഞ് കിടക്കുന്ന നമ്മുടെ കുടുംബത്തിന്റെ ഉല്പത്തിചരിത്രം ചരിത്രവസ്തുക്കളുടെ വെളിച്ചത്തിൽ പുനരാഖ്യാനം ചെയ്യുക തികച്ചും ക്ലേശകരമായ ഒരു പ്രക്രിയയാണ്. എങ്കിലും കേരളക്കരയിലെ ആദിമ ക്രിസ്ത്യാനികളുടെ ചരിത്രം പരിശോധിച്ച് ചെല്ലുന്ന വർക്ക് മാവേലിക്കര ആസ്ഥാനമാക്കി ജന്മംകൊണ്ട ഈ കുടുംബത്തിൻറ പൗരാണികത ബോദ്ധ്യമാകും എന്ന കാര്യം നിസ്തർക്കമാണ്.

പല വഴികളിലൂടെ ശേഖരിച്ച് അറിവുകളെ കൂട്ടിയിണക്കി ഞാനിവിടെ അവതരിപ്പിക്കുന്ന ഈ കുടുംബകഥ പൂർണ്ണമാണെന്ന് അവകാശപ്പെടുന്നി ല്ല. കൂടുതൽ ചരിത്രസത്യങ്ങൾ കണ്ടെത്താൻ വേണ്ടി ഇനിയും ഗവേഷണം തുടരേണ്ടതായിട്ടുണ്ട്. മൺമറഞ്ഞ നമ്മുടെ പൂർവികന്മാർ എനിക്കതിന് കരുത്ത് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മാവേലിക്കരയിൽ തായ്ത്തടി ഉറപ്പിച്ച് വിവിധ സ്ഥലങ്ങളിലേക്ക് ശാഖോ പശാഖകളെ നീട്ടി അവിടവിടെ വേരുകളിറക്കി വളവും വെള്ളവും ശേഖരിച്ച് പുഷ്ടിയാർജ്ജിച്ച് പിന്നെയും കൊമ്പുകൾ നീട്ടി വളർന്ന് പന്തലിച്ച് കിടക്കുന്ന ഒരു മഹാവൃക്ഷമാണല്ലോ നമ്മുടെ കുടുംബം.

തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലേക്ക് ശാഖകൾ നീട്ടിയതുകൊ ണ്ട് തൃപ്തിപ്പെടാതെ ഭാരതത്തിൽ പല സ്ഥലങ്ങളിലേക്കും, കടൽ താണ്ടി അന്യഭൂഖണ്ഡങ്ങളിലേക്കും ഇന്ന് കൊമ്പുകൾ നീട്ടി കൊണ്ടിരിക്കുകയാണ്. ഈ വൃക്ഷത്തിന്റെ ഓജസ്സും തേജസ്സും ദൈനംദിനം എന്നോണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രക്രിയ ഇനി തുടർന്ന് പോകും എന്ന കാര്യം തീർച്ച യാണ്.

കല്ലൂപ്പാറ, തിരുവല്ല, പുത്തൻകാവ്, അടൂർ, പത്തനാപുരം, കോന്നി,
തുമ്പമൺ, കായംകുളം, കോട്ടയം, കണ്ടനാട്, ആലപ്പുഴ, കൊച്ചി, എറണാ കുളം, ഇന്ത്യയിലെ വിവിധ നഗരങ്ങൾ, അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, ആസ്ത്രേലിയ, മലേഷ്യ, സിംഗപ്പൂർ, സിലോൺ എന്നിവിടങ്ങളിലെല്ലാം എത്ത പ്പെട്ട് നാം ആസ്ഥാനങ്ങൾ ഉറപ്പിച്ചിരിക്കുന്നു. ആലോചിച്ച് നോക്കുമ്പോൾ നമുക്ക് തന്നെ അത്ഭുതം തോന്നിക്കുന്ന വളർച്ച. യഹോവയുടെ അനുഗ്രഹ ത്താൽ വളർന്നുവന്ന ഇസ്രായേൽ ജനതയെപ്പോലെ അസാമാന്യമായ ദൈ വാനുഗ്രഹവും കർമ്മശക്തിയും ഒന്നുചേർന്ന ഒരു മഹൽ വ്യക്തി ആയിരു ന്നു നമ്മുടെ കുടുംബത്തിന്റെ സ്ഥാപകൻ എന്നത് തർക്കമറ്റ സംഗതി ആ ണ്. കിട്ടിയേട ത്തോളം അറിവുകളും ഈ നിഗമനത്തെ സാധൂകരിക്കുന്ന വയാണ്.

ചരിത്രം ആരംഭിക്കുന്നത് കൊടുങ്ങല്ലൂരിൽ നിന്നാണ്. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പര്യടനം ആരംഭിക്കുന്നതുതന്നെ കൊടുങ്ങല്ലൂരിൽ നിന്നാണല്ലോ. ഒരു യഹൂദ വണിഗ്വരന്റെ അകമ്പടിയോടെ മാർത്തോമ്മാ കൊടുങ്ങല്ലൂരിൽ വന്ന് ഇറങ്ങുന്ന ദിവസം കൊടുങ്ങല്ലൂർ രാജാവിൻറ മകളുടെ വവിാഹമായിരുന്നുവത്രേ. വിവാഹം പ്രമാണിച്ചുള്ള രാജകീയ വിരുന്നിലേയ്ക്കു മറ്റെല്ലാവരെയും ക്ഷണിച്ചകൂട്ടത്തിൽ ഈ സഞ്ചാരികളും ക്ഷണിക്കപ്പെടുകയും അവർ അതിൽ സംബന്ധിക്കുകയും ചെയ്തു. എന്നാൽ മാർത്തോമ്മാ സദ്യയിൽ പങ്കെടുക്കാതെ വിചാരമഗ്നനായിരിക്കുന്നതു വിരു ന്നിനോടുള്ള അവഹേളനമായി തെറ്റിദ്ധരിച്ച ഒരു രാജഭൃത്യൻ മാർത്തോമ്മാ യുടെ കരണത്തടിച്ചു. "ആ അടിച്ച കൈ പട്ടി കടിച്ചെടുത്തുകൊണ്ട് വരും'' എന്ന് മാർത്തോമ്മാ എബ്രായ ഭാഷയിൽ പറഞ്ഞുവത്രെ. പറഞ്ഞപ്രകാരം തന്നെ ആ രാജഭൃത്യൻ ജലസംഭരണത്തിനായി പുറത്തേക്ക് പോകുമ്പോൾ ഒരു കടുവ അയാളെ ആക്രമിക്കുകയും കൈ കടിച്ചുമുറിച്ച് വേർപെടുത്തുക യും ചെയ്തു. മാർത്തോമ്മാ അത്ഭുതസിദ്ധികളുള്ള ഒരു മഹാപുരുഷനാ ണെന്ന് അവിടെ കൂടിയവർക്ക് എല്ലാം ബോദ്ധ്യമായി. ഈ അത്ഭുത വാർത്ത കേട്ടറിഞ്ഞ രാജാവ് തന്റെ മകളെയും മരുമകനേയും അനുഗ്രഹിക്കാൻ മാർ തോമ്മായോട് അപേക്ഷിച്ചു. അദ്ദേഹം അപ്രകാരം ചെയ്തു.

തുടർന്ന് മാർത്തോമ്മാ കാണിച്ച ചില അത്ഭുതങ്ങളുടെ ഫലമായി പല ബ്രാഹ്മണരും മാർത്തോമ്മായുടെ കരങ്ങളിൽനിന്ന് ജ്ഞാനസ്നാനം സ്വീ കരിച്ചു. വിശ്വസിക്കാതിരുന്നവർ ആ സ്ഥലം ഉപേക്ഷിച്ച് പോയി.

ഇത് മാർത്തോമ്മായെപ്പറ്റി പറയുന്ന അനേകം കഥകളിൽ ഒന്നാണ്. ഈ കാലഘട്ടത്തിൽ ബ്രാഹ്മണ പുരോഹിതശ്രേഷ്ഠന്മാരായിരുന്ന അഞ്ച്
ഭട്ടതിരിമാരെ മാർത്തോമ്മാ കണ്ടുമുട്ടുകയുണ്ടായി എന്ന് ഐതിഹ്യം പറയു ന്നു. വിശ്വാസത്താൽ പരസ്പരം വിട്ടുവീഴ്ചയില്ലാത്ത ഭട്ടതിരിമാരും മാർ ത്തോമ്മായും പല അത്ഭുത പ്രകടനങ്ങളും അവിടെ നടത്തുകയുണ്ടായി. പക്ഷെ അവസാനം മാർത്തോമ്മായുടെ അമാനുഷിക ശക്തി അവരെ കീഴട ക്കുകതന്നെ ചെയ്തു. അഞ്ചുപേരിൽ നാലുപേർ അപ്പോൾ തന്നെ ക്രിസ്തു മതം സ്വീകരിച്ചു. പക്ഷേ അഞ്ചാമനായ ശങ്കരനാരായണ ഭട്ടതിരി വഴങ്ങി യില്ല. "കരമന' എന്നായിരുന്നുവത്രേ അദ്ദേഹത്തിന്റെ ഇല്ലപ്പേര്. പാര മ്പര്യലബ്ധമായ തന്റെ സിദ്ധികളിൽ അമിതമായ വിശ്വാസം ഉണ്ടായിരുന്ന ശങ്കരനാരായണ ഭട്ടതിരി ഏകനായി, അസ്വസ്ഥനായി സഞ്ചരിച്ചു. മാർ ത്തോമ്മായെ വിശ്വസിക്കാൻ കൂട്ടാക്കിയില്ലെങ്കിലും അദ്ദേഹത്തിൻറ മനസ്വസ്ഥത അമ്പേ തകർന്നിരുന്നു. തന്മൂലം അദ്ദേഹം മാർത്തോമ്മായുടെ അടുത്തേക്കു തന്നെ മടങ്ങിവരികയും ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം കുറെക്കാലം അദ്ദേഹം പൂഞ്ഞാർ തമ്പുരാൻ ആതിഥ്യം സ്വീകരിച്ച് അവിടെ കഴിഞ്ഞതായി കരുതപ്പെടുന്നു.

അക്കാലങ്ങളിൽ വൈദിക ബ്രാഹ്മണർ തങ്ങളുടെ പൂജാസാമഗ്രിക ളുമായി ദേശസഞ്ചാരം ചെയ്ത് അതാതു സ്ഥലങ്ങളിലുള്ള ആഢ്യബ്രാ ഹ്മണകുടുംബങ്ങളുടെയോ ക്ഷത്രിയകുടുംബങ്ങളുടെയോ ആതിഥ്യം സ്വീകരിച്ച് താമസിക്കാറുണ്ടായിരുന്നുവത്രേ.

നമ്മുടെ കുടുംബനായകൻ, കരമന ഇല്ലത്തു ശങ്കരനാരായണ ഭട്ടതിരി തെക്കൻ ദിക്കുകളിലേക്കു പുറപ്പെട്ടു. ചെങ്ങന്നൂർ താഴമൺ മഠത്തിൽ എത്തി അവിടുത്തെ അതിഥിയായി കൂടി. ക്രിസ്തുവിന്റെ നാമത്തിലും മാർത്തോ മ്മാ ശ്ലീഹായെ ധ്യാനിച്ചുമാണ് തന്റെ തന്ത്രകർമ്മാദികൾ നടത്തിയിരുന്നത് എന്നതിന് ഭട്ടതിരി പ്രചാരം കൊടുത്തിരുന്നില്ല. താഴമൺ മഠക്കാർ ഭട്ടതിരി ക്രിസ്തുമതാവലംബിയാണെന്ന കാര്യം മനസ്സിലാക്കിയിരുന്നും ഇല്ല.

അങ്ങനെയിരിക്കെ താഴമൺ മഠത്തിലെ ദേവകി അന്തർജനത്തിനെ ഭട്ടതിരി വേളി കഴിച്ചു. വിവാഹശേഷം താൻ ക്രിസ്തുമതാവലംബിയാ ണെന്ന പരമാർത്ഥം മറച്ചുവെയ്ക്കാൻ ഭട്ടതിരിക്ക് കഴിഞ്ഞില്ല. ഒരുപക്ഷേ അത് ഇനിയും രഹസ്യമാക്കി വെച്ചുകൊണ്ടിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചി ല്ലായിരിക്കാം.

രഹസ്യം പുറത്തായതോടെ താഴമൺ മഠക്കാർക്ക് പരിഭ്രമമായി. അന്ന ത്തെ സാമൂഹ്യാചാരങ്ങൾ വെച്ച് നോക്കുമ്പോൾ അതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ. കൈകൊട്ടി പുറത്താക്കുക, പടിയടച്ച് പിണ്ഡംവയ്ക്കുക മുതലയാവയാണല്ലോ ഇത്തരം സാഹചര്യങ്ങളിൽ അവർ അനുഷ്ഠിച്ചുവന്ന
ആചാരം. പക്ഷെ ഇവിടെ അത്തരം ഒരു പുറന്തള്ളലിന് താഴമൺ മഠക്കാർ തയ്യാറായില്ല എന്നാണ് അറിവ്. നേരേമറിച്ച് അന്തർജനത്തേയും ഭർത്താ വിനേയും സുരക്ഷിതമായി വീട് മാറ്റുവാനാണ് അവർ ശ്രമിച്ചത്.

ഭട്ടതിരിയേയും വേളിയേയും ആനപ്പുറത്ത് കയറ്റി ഭൃത്യജനങ്ങളോട സംരക്ഷണത്തിനുവേണ്ടി കായികാഭ്യാസികളായ ഏതാനും അംഗരക്ഷക രോടും കൂടി മാവേലിക്കരയ്ക്ക് യാത്രയയച്ചുവത്രേ! പശു മുതലായ വീട്ടു മൃഗങ്ങളും അവരോടൊപ്പം ഉണ്ടായിരുന്നു.

മാവേലിക്കര കമ്പോളത്തിന്റെ വടക്കേയറ്റത്ത് - മറ്റുള്ളവരിൽനിന്ന് ഒഴിഞ്ഞ് - പൂജാദികർമ്മങ്ങൾക്ക് സൗകര്യം ഉണ്ടാകത്തക്കവണ്ണം അടുക്കൽ തന്നെ കുളവും മറ്റു ഉള്ള ഒരിടം അവർ കണ്ടെത്തി. ചെങ്ങന്നൂരിൽ നിന്ന് വളരെ അകലെയല്ലാത്തുള്ള ഒരു ക്രൈസ്തവകേന്ദ്രം എന്ന നിലയ്ക്കായിരി ക്കണം ഭട്ടതിരിയേയും വേളിയേയും കൂടി ഇരുത്താൻ അവർ മാവേലിക്കര തെരഞ്ഞെടുത്തത്.

പരസ്യമായി ക്രിസ്തുമാർഗ്ഗക്കാരായി കഴിഞ്ഞപ്പോൾ ഭട്ടതിരി തോമ യും അന്തർജനം മറിയയുമായി പേര് മാറ്റിക്കഴിഞ്ഞിരുന്നു. ഈ മാറ്റത്തോടു കൂടി അനുയായികളും അംഗരക്ഷകരുമായി കൂടെ വന്നിരുന്നവരിൽ ചിലർ എതിർ പ്രവർത്തനം ആരംഭിച്ചുവെന്നും ഭട്ടതിരി തന്റെ കർമ്മശക്തികൊ ണ്ടു അവരെ ഒതുക്കിനിർത്തിയെന്നും പറയപ്പെടുന്നു.

ഹൈന്ദവാചാരപ്രകാരമുള്ള തന്റെ ആരാധനാമൂർത്തികളെ വടക്കേ ത്തലയ്ക്കൽ ഇന്ന് കാണുന്ന അമ്പലസ്ഥലത്തേയ്ക്ക് മാറ്റി ഇരുത്തി പൂജാ കർമ്മാദികൾക്കും മറ്റും മറ്റുള്ളവരെ നിയമിച്ചു എന്നും കരുതപ്പെടുന്നു. മാപ്പിള ക്കുളവും ചെട്ടിക്കുളവും ഇന്ന് അവിടെ പ്രത്യേകമായി കാണാനുണ്ടല്ലോ. ഇന്ന് അവിടെ കാണുന്ന ചെട്ടികൾ ഭട്ടതിരിയുടെ അനുയായികളായി വന്നവരാണെന്ന് ഊഹിക്കാൻ ധാരാളം ന്യായമുണ്ട്.

ബ്രാഹ്മണകുലജാതനും പണ്ഡിതനും പ്രഗത്ഭമതിയുമായിരുന്ന ഭട്ടതിരിയായ തോമസ്സ് വളരെവേഗം പ്രശസ്തനും സ്വാധീനവും

കർമ്മ ശേഷിയുമുള്ളവനമായിത്തീരുകയാൽ മാവേലിക്കര രാജവംശത്തിന് പ പ്രയാസങ്ങളും ഉണ്ടായി എന്നും, ആ വംശസ്ഥാപകനെ ആഭിചാരങ്ങൾ വഴി നശിപ്പിക്കാൻ ശ്രമിച്ചുവെന്നും ക്രിസ്തുവിലുള്ള വിശ്വാസം വഴി അദ്ദേഹം അതിനെയെല്ലാം അതിജീവിച്ചുവെന്നും കഥകളുണ്ട്.

ഒടുവിൽ വാതരോഗി ആയിത്തീർന്നുവെങ്കിലും എഴുപത്തിരണ്ടു സംവ ത്സരം മാവേലിക്കരയുടെ ജീവചൈതന്യമായി ആ പ്രപിതാ മഹൻ ഇവിടെ ജീവിച്ചതായി കരുതപ്പെടുന്നു.
ഈ വംശസ്ഥാപകന് ഒരു കുട്ടി മാത്രമെ ഉണ്ടായിരുന്നുള്ളു. ഗീവറുഗ്ഗീ സ് എന്നായിരുന്നു പേര്. എങ്കിലും വർക്കി എന്ന പേരിലാണ് അറിയപ്പെട്ടിരു ന്നത് വഴിക്ക് വടക്കു വശത്തു വയലിറമ്പത്ത് ചെറിയമഠം എന്നൊരു ഇല്ലം അന്നുണ്ടായിരുന്നു. അവിടെ അവകാശി ആയി പാർവ്വതി എന്ന് ഒരു പെൺ കുട്ടി മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ ബ്രാഹ്മണകുടുംബവും ക്രിസ്തു മാർഗ്ഗത്തിലേക്ക് പരിവർത്തനം ചെയ്യുകയും ശോശാമ്മയായത്തീർന്ന പാർവ്വ തി അന്തർജനത്തിനെ വർക്കിച്ചൻ വിവാഹം കഴിക്കുകയും ചെയ്തു.

ഇവർക്ക് നാല് കുട്ടികൾ ഉണ്ടായി. ഇട്ടി അവിരാ എന്നായിരുന്നു മൂത്ത ആളിന്റെ പേര്. ഈ ഇട്ടി അവിരാ ആണ് വടക്കേത്തലയ്ക്കലെ ആദ്യത്തെ ക്രിസ്തീയ പുരോഹിതൻ. ആദ്യത്തേത് എന്ന് എടുത്തു പറയുവാൻ കാര ണം വടക്കേത്തലയ്ക്കൽ കുടുംബം പൗരോഹിത്യത്തിൽ തന്നെ ജന്മമെടു അതാണല്ലോ. ബ്രാഹ്മണരുടെ പുരോഹിതവർഗ്ഗത്തിൽപ്പെട്ടവരാണല്ലോ ഭട്ടതിരിമാർ.

ഇട്ടി അവിരായുടെ ഇളയവരായി രണ്ടു പെൺമക്കളാണുണ്ടായിരുന്നത് ഇട്ടി അവിരാ കത്തനാർ മാരാമൺ പാലക്കുന്നത്തു കുടുംബത്തിലെ അമ്പാട്ട് എന്ന വീട്ടിലെ കൊച്ചേലിയാമ്മയെ ആണ് വിവാഹം കഴിച്ചത്.

ഈ കാലഘട്ടത്തിൽ വടക്കേത്തലയ്ക്കൽ കുടുംബം സ്വത്തിലും സ്വാധീ നതയിലും മാവേലിക്കരയിലെ പ്രബല കുടുംബങ്ങളിൽ ഒന്നായത്തീർന്നി രുന്നു.

എന്റെ പര്യവേക്ഷണം തല്ക്കാലം ഇവിടെ അവസാനിപ്പിക്കുകയാണ്. ഉദ്ദേശം നാനൂറ് വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ഇടിച്ചാണ്ടി എന്ന് പേരായ ആളാണ് ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ അറിയപ്പെടുന്ന ആദ്യപിതാവ്. ഇട്ടി അവിരാ കത്തനാരിൽ നിന്ന് ഇടിച്ചാണ്ടി വല്ല്യപ്പനിലേക്കുള്ള ദൂരം ബന്ധിപ്പിക്കാനുള്ള എൻറ ക്ലേശകരമായ ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

കുടുംബയോഗവും കുടുംബ ചരിത്രവും
എം. എം. മത്തായി, എക്സ്. എം. എൽ. എ.

അതിപുരാതനമായ വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ ഒരു ചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടുകയാണ്. നമ്മുടെ കുടുംബത്തേയും കുടും ബാംഗങ്ങളേയും സംബന്ധിച്ചിടത്തോളം ഇതൊരമൂല്യനിധിയാണ്. ഇനി യും അനേക തലമുറകളിൽ നമ്മുടെ കുടുംബത്തിൽ ജനിക്കുന്ന സന്താന പരമ്പരയ്ക്കുവേണ്ടി ഇന്നത്തെ തലമുറയ്ക്ക് നല്കാവുന്ന ഏറ്റവും വലിയ സംഭാവനയാണീ ഗ്രന്ഥം. നമ്മുടെ കുടുംബയോഗം പുനഃസംഘടിപ്പിക്കപ്പെ ട്ടതു കൊണ്ടാണിങ്ങനെ ഒരു ഗ്രന്ഥത്തിന് രൂപം കൊടുക്കാൻ നമുക്ക് കഴി ഞ്ഞത്. ദീർഘകാലമായി മുടങ്ങിക്കിടന്ന നമ്മുടെ കുടുംബയോഗം പുന സംഘടിപ്പിക്കപ്പെട്ടിട്ട് ഏതാനും വർഷങ്ങളേ ആയിട്ടുള്ളു. വളരെ വർഷ ങ്ങൾക്ക് മുൻപ് കല്ലൂപ്പാറ മാരേട്ട് വച്ചും, കായംകുളത്ത് കൊട്ടക്കാട്ട് വച്ചും, മാവേലിക്കര കുഞ്ചാറ്റിൽ വച്ചുമൊക്കെ നമ്മുടെ പൂർവ്വീകന്മാർ എല്ലാ ശാഖ കളേയും ഉൾപ്പെടുത്തി കുടുംബയോഗങ്ങൾ നടത്തിയിട്ടുണ്ട്. കല്ലൂപ്പാറ മാരേട്ട് ശാഖക്കാർ അവരുടെ ശാഖയുടെ പ്രത്യേക കുടുംബയോഗങ്ങളും നടത്തിപ്പോന്നിരുന്നു. അക്കാലത്ത് വിവിധ ശാഖകൾ തമ്മിലും കുടുംബാം ഗങ്ങൾ തമ്മിലുമുള്ള ബന്ധവും ഐക്യവും ഊട്ടി ഉറപ്പിക്കുന്നതിന് ഈ കുടുംബയോഗങ്ങൾ പ്രയോജനപ്പെട്ടിരുന്നു. എന്നാൽ അജ്ഞാതമായ കാര ണങ്ങളാൽ ഈ കുടുംബയോഗങ്ങൾ മുടങ്ങിപ്പോയി. അടുപ്പം പോലെ ഉടപ്പം എന്നൊരു ചൊല്ലുണ്ടല്ലോ. കുടുംബയോഗം നിന്നുപോയതുകൊണ്ട് വിവിധ ശാഖക്കാർ തമ്മിലുള്ള ബന്ധത്തിനുലച്ചിൽ തട്ടി. അടുപ്പം ഇല്ലാതെ ഉടപ്പം അകന്നു. ക്രമേണ കുടുംബശാഖകൾ തമ്മിലുള്ള ബന്ധങ്ങൾ പൂർണ്ണമായും വിച്ഛേദിക്കപ്പെട്ട മട്ടായി.

ഇങ്ങനെയിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച് സ്വസ്ഥവും, സ്വരവുമായ ഒരു കുടും ബ ജീവിതത്തിലേക്ക് പ്രവേശിച്ചത്. വളരെ ചെറുപ്പത്തിലെ (23-ാമത്തെ വയസ്സു മുതൽ മുഴുവൻ സമയവും സ്വാതന്ത്ര്യസമരത്തിലും, സജീവ രാഷ്ട്രീയത്തിലും പ്രവൃത്തിച്ചുപോന്ന എനിക്ക് കല്ലൂപ്പാറയുള്ള എന്റെ മാരേട്ട്


കുടുംബാംഗങ്ങളോടുപോലും അടുത്ത് പെരുമാറുന്നതിനും കുടുംബകാര്യ ങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടപോലെ കഴിഞ്ഞിട്ടില്ല. സമയവും സൗകര്യവുമുള്ളതുകൊണ്ട് മുടങ്ങിക്കിടന്ന മാരേട്ട് കുടുംബയോഗം പുന സംഘടിപ്പിക്കുന്നതും, വല്ലപ്പോഴും കുടുംബാംഗങ്ങളെ ഒന്നിച്ചുകൂട്ടി കുടും ബത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതും നന്നായിരിക്കു മെന്ന ഒരു ചിന്ത എന്റെ മനസ്സിൽ കൂടി കടന്നുപോയി. കുടുംബത്തിലെ ചില പ്രായംചെന്ന് അംഗങ്ങളും ചെറുപ്പക്കാരും ഈ ആശയത്തെ സ്വാഗതം ചെയ്തു. 1968 ഡിസംബർ മാസത്തിൽ മാരേട്ട് കുടുംബത്തിന്റെ ഒരു ശാഖയായ മുണ്ടാലിൽ പുതുതായി പണികഴിപ്പിച്ച വീടിന്റെ കൂദാശ ദിവ സം കുടുംബാംഗങ്ങൾ എല്ലാവരും കൂടി കുടുംബയോഗം പുനഃസ്ഥാപിക്കുന്ന തിനു തീരുമാനമെടുത്തു. മാസത്തിൽ ഒരിക്കൽ കുടുംബാംഗങ്ങൾ ഒന്നിച്ച് കൂടിചർച്ചകൾ നടത്തുന്നതിനു പുറമേ എല്ലാ വർഷവും ഡിസംബർ 26-ാം വിപുലമായ തോതിൽ കുടുംബയോഗ വാർഷികവും അന്നു മുതൽ നടത്തി പ്പോരുന്നു. 1973 ഡിസംബറിൽ കൂടിയ മാരേട്ട് ശാഖാകുടുംബ വാർഷി കത്തിലേക്ക് മൂലകുടുംബമായ വടക്കേത്തലയ്ക്കൽ നിന്നും ഏതാനും പേരെ നിരീക്ഷകരായി ക്ഷണിച്ചു. മാവേലിക്കരയിൽ നിന്നും ഇതര ശാഖകളിൽ നിന്നുമായി പലരും ഈ യോഗത്തിൽ സംബന്ധിച്ചു. വിജയപ്രദമായ ഈ വാർഷികം എല്ലാവരേയും ഉന്മേഷവാന്മാരാക്കി. ഇവിടെവച്ച് വടക്കേ തലയ്ക്കൽ കുടുംബത്തിന്റെ വിവിധ ശാഖകളിൽ നിന്നും പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കേന്ദ്രകമ്മറ്റിയെ തെരഞ്ഞെടുത്തു. 1090-ാമാ ണ്ട് ഉഗ്രപ്രതാപവാനായിരുന്ന മാരേട്ട് അവിരാച്ചന്റെ 40-ാം അടിയന്തിര ത്തോടനുബന്ധിച്ച് മാരേട്ടുവെച്ച് ആരംഭിച്ച വടക്കേത്തലയ്ക്കൽ കുടുംബ യോഗം, പിന്നീട് കുറേക്കാലം മുടങ്ങിപ്പോയെങ്കിലും വീണ്ടും മാരേട്ട് വച്ചു തന്നെ പുനഃസംഘടിപ്പിക്കപ്പെട്ടു. ഇതിനുശേഷം എല്ലാ വർഷവും മുടങ്ങാ തെ നമ്മുടെ കുടുംബയോഗം നടന്നുവരുന്നു. 1974-ൽ മാവേലിക്കര പാറ പുറത്തുവച്ചും, 75-ൽ അടൂർ വെച്ചും, 76-ൽ ഊരിയേപ്പടിക്കൽ വെച്ചും, നമ്മുടെ കുടുംബത്തിന്റെ വാർഷികയോഗങ്ങൾ നടന്നു. ഇത്തവണ പത്തനാപുരത്തു വെച്ച്  അതു നടക്കുകയാണ്.

മാരേട്ട് കുടുംബയോഗം ആരംഭിച്ച് കഴിഞ്ഞ് മാരേട്ട് ശാഖാ കുടുംബ ത്തിന്റെ ഒരു ചരിത്രം എഴുതി ഉണ്ടാക്കാൻ ഞാൻ ശ്രമിക്കുകയും അത് മിക്കവാറും എഴുതിക്കഴിയുകയും ചെയ്തപ്പോഴാണ് വടക്കേത്തലയ്ക്കൽകുടുംബത്തിന്റെ വിവിധ ശാഖകളെ ഉൾപ്പെടുത്തി സമഗ്രമായ ഒരു ചരിത്രം എഴുതണമെന്ന് തീരുമാനിച്ചത്. അതനുസരിച്ച് ചരിത്രഗ്രന്ഥം എഴുതുന്ന തിന് ശ്രീമാൻ പാറപ്പുറത്തിനെ ചുമതലപ്പെടുത്തുകയും വിവിധ ശാഖ കളിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു എഡിറ്റോറിയൽ കമ്മിറ്റി യെ തെരഞ്ഞെടുക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷമായി ശ്രമകരമായ ഈ ജോലിയിൽ കമ്മറ്റി ഏർപ്പെട്ടിരിക്കയായിരുന്നു. പൊതു കുടുംബ ചരിത്ര ത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം മാരേട്ട് ശാഖാകുടുംബചരിത്രം പിന്നീ ടൊരവസരത്തിൽ പ്രസിദ്ധീകരിക്കാമെന്ന് വിചാരിക്കുന്നു. നമ്മുടെ കുടും ബത്തിന്റെ ഈ ചരിത്രഗ്രന്ഥം കുടുംബാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരമൂല്യ നിധിയും വരാനിരിക്കുന്ന തലമുറയ്ക്ക് ഒരു വലിയ മുതൽക്കൂട്ടുമാ ണെന്നുള്ളതിന് സംശയമില്ല.

മൂന്ന് മെത്രാപ്പോലീത്തന്മാർക്കും, ഒരു റമ്പാനും, ഒട്ടനവധി വൈദീക ന്മാർക്കും, ജന്മം നൽകിയ കുടുംബമാണ് നമ്മുടേത്. തന്നെയുമല്ല, എല്ലാ ശാഖക്കാരും സ്വന്തമായി ദേവാലയങ്ങളും പണികഴിപ്പിച്ചിട്ടുണ്ട്. വൈദീക രേയും, വൈദീകശ്രേഷ്ഠന്മാരേയും കൂടാതെ പ്രഗൽഭമതികളായ ഒട്ടനവധി പൂർവ്വീകന്മാരും നമുക്കുണ്ടായിട്ടുണ്ട്. കുടുംബചരിത്രം നമ്മുടെ പൂർവ്വിക ന്മാരുടെ പ്രശസ്തിയും കീർത്തിയും പറഞ്ഞുകൊണ്ട് ഇന്നത്തെ തലമുറ യ്ക്കും വരാനിരിക്കുന്ന തലമുറയ്ക്കും വലിപ്പം ഭാവിക്കാനല്ല, മറിച്ച് കുടും ബത്തിന്റെ പ്രശസ്തമായ പൂർവ്വചരിത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊ ണ്ടുകൊണ്ട് അതിന്റെ ഉത്തമമായ പാരമ്പര്യവും ഉയർന്ന സാംസ്കാരിക നിലവാരവും കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രേരണയും മാർഗ്ഗദർശനവും ഉണ്ടാകുന്നതിനു വേണ്ടിയാണ്.

ഈ ഗ്രന്ഥരചനയ്ക്ക് മുൻകയ്യെടുത്ത് പ്രയത്നിച്ച സാഹിത്യകാരനായ ശ്രീ. പാറപ്പുറത്തിനും, അദ്ദേഹത്തെ സഹായിച്ചിട്ടുള്ള മറ്റെല്ലാവർക്കും എ ൻറ അഭിനന്ദനങ്ങൾ. നമ്മുടെ കുടുംബത്തിന്റെ പ്രശസ്തമായ പാരമ്പര്യ വും ഐക്യവും ആദ്ധ്യാത്മിക ചൈതന്യവും എന്നും നിലനിർത്താൻ പിൻ തലമുറകൾക്ക് ഈ ഗ്രന്ഥം പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

മോസ്റ്റ് റവ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ എം. എ., ഡി.ഡി.



പ്രൊഫസർ വി. ടൈറ്റസ് വറുഗീസ്

(പ്രസിദ്ധ പണ്ഡിതനും ചരിത്രഗവേഷകനുമായ ശ്രീ. ടൈറ്റസ് വറുഗീസ് തിരുമേനിയുടെ ഉറ്റ സുഹൃത്തുക്കളിലൊരാളായിരുന്നു)

ക്രിസ്താബ്ദം 1881-ൽ (കൊല്ലവർഷം 1056 തുലാമാസം 17-ാം തീയതി) ജനിച്ചു. 1947 സെപ്റ്റംബർ 1-ാം തീയതി കാലം ചെയ്ത ഏബ്രഹാം മാർ ത്തോമ്മാ മെത്രാപ്പോലീത്താ പല കാരണങ്ങൾ കൊണ്ടും ഒരസാധാരണ വ്യക്തിയായിരുന്നു. മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയിലെ (യാ ക്കോബായ) ഒരു പ്രശസ്ത കുടുംബമായ മാരേട്ടു ജനിച്ചു മാർത്തോമ്മാ സഭയിലെ മെത്രാപ്പോലീത്താ ആയിതീർന്ന ഒരു വൈദീക ശ്രേഷ്ഠനായിരു ന്നു അദ്ദേഹം. ഒരു അനിയായിരിക്കുമ്പോൾ തന്നെ മെത്രാൻ സ്ഥാന ത്തേക്കു തിരഞ്ഞെടുക്കപ്പെടുകയെന്നുള്ള പദവി അദ്ദേഹത്തിനല്ലാതെ വേറൊരു സുറിയാനി ക്രിസ്ത്യാനിക്കു ലഭിച്ചിട്ടില്ല. മലങ്കര സുറിയാനിക്കാ രുടെ കുട്ടത്തിൽ രണ്ടാമതായും, മാർത്തോമ്മാ സഭയിൽ ഒന്നാമതായും വൈദികപദം പ്രാപിച്ച (പട്ടമേറ്റ) സർവകലാശാലാ ബിരുദധാരി (ഗ്രാഡ്വേറ്റ്) ആയിരുന്ന അദ്ദേഹം. (ഒന്നാമത്തെ ബിരുദധാരി വൈദീകൻ ഫാദർ പി. റ്റി. ഗീവറുഗീസ് - മാർ ഈവാനിയോസ് - ആയിരുന്നു). യാക്കോബായ സഭയും മാർത്തോമ്മാ സഭയും രണ്ടായി വേർപിരിഞ്ഞതിൽ പിന്നെ നാളിതുവരെ മാർത്തോമ്മാ സഭയിൽ പത്തു മേല്പട്ടക്കാർ (മെത്രാച്ചന്മാർ) ഉണ്ടായിട്ടുണ്ട്. അവരിൽ എതിർ സ്ഥാനാർത്ഥികളില്ലാതെ സർവ്വസമ്മതമായി പട്ടക്കാരും അത്മായ പ്രതിനിധികളുമടങ്ങുന്ന ആലോചനസഭയിൽ (പ്രതിനിധിമണ്ഡലം) * തിരഞ്ഞെടുക്കപ്പെട്ടവർ രണ്ടുപേർ മാത്രമെ ഉള്ളൂ. തീത്തൂസ് ഒന്നാമനും (1068-ൽ) ഏബ്രഹാം മാർത്തോമ്മായും (1085-ൽ). സുറിയാനി സഭയിലെ മെത്രാന്മാരിലും വൈദികരിലും ആദ്യമായി ഉന്നത വിദ്യാഭ്യാസത്തിനായി പാശ്ചാത്യ രാജ്യത്ത് (അമേരിക്ക, ഇംഗ്ലണ്ട്) പോയതും അദ്ദേഹമായിരുന്നു. കൂടാതെ കേരളത്തിനു വെളിയിൽ ഇന്ത്യയിലെ ഇതരഭാഗങ്ങളിൽ (പ്രവിശ്യകളിൽ) സഞ്ചരിച്ച് അവിടെയെല്ലാമുള്ള ക്രൈസ്തവരുടെ ഇടയിൽ വേണ്ടപോലെ അറിയപ്പെട്ടിട്ടുള്ള ഒന്നാമത്തെ സിറിയൻ ക്രിസ്ത്യൻ മെത്രാ ച്ചനും ബിഷപ്പ് ഏബ്രഹാം' തന്നെ ആയിരുന്നു. ഇതൊക്കെയാണ് കഥാ പുരുഷന്റെ പ്രത്യേകതകൾ..

ഒരു ഗംഭീര പുരുഷകേസരിയും ധനാഢ്യനുമായിരുന്ന മാരേട്ട് അവിരാ ച്ചന്റെ പ്രഥമപുത്രനായ നൈനാച്ചന്റെ ആദ്യത്തെ സന്താനമായിരുന്നു സൗന്ദര്യസൗശീല്യാദിഗുണങ്ങൾ വിളങ്ങി ശോഭിച്ചിരുന്ന കൊച്ചവറാച്ചൻ. പ്രഥമപുത്രനും ഇളയ രണ്ടു പുത്രിമാരും ജനിച്ചശേഷം അകാലചരമം പ്രാപി ച്ച നൈനാച്ചന്റെ ഭാര്യ തന്റെ കുഞ്ഞുങ്ങളോടുകൂടി സ്വഗൃഹമായ ഇരവി പേരൂർ ശങ്കരമംഗലത്തായ കരിക്കാട്ടു പോയി താമസിക്കയാണു ചെയ്തത്. ശങ്കരമംഗലത്തു കുടുംബക്കാർ നവീകരണവിശ്വാസികളായിരുന്നതിനാൽ അവരുടെ ഇടയിൽ വളർന്ന അവറാച്ചൻ ഒരു മാർത്തോമ്മാക്കാരനായിത്തീ രുന്നതിനിടയായി. തന്റെ ഏകമാതുലനായ കരിക്കാട്ടു ഉമ്മച്ചൻ ഭാഗിനേ യനെ പുത്രനിർവിശേഷമായ വാത്സല്യത്തോടെയാണ് വളർത്തിയതും വിദ്യാ ഭ്യാസം ചെയ്യിച്ചതും. ആദ്യം എം. ഒ. ഏബ്രഹാം എന്ന പേർ ധരിച്ചിരുന്ന കഥാ പുരുഷൻ മെട്രിക്കുലേഷൻ പരീക്ഷയ്ക്ക് കുടുന്നതിനു മുമ്പ് തന്റെ ചിറ്റപ്പനായ ജഡ്ജ് മാരേട്ട് . എ. പീലിപ്പോസ് ആവശ്യപ്പെട്ടതനുസരിച്ചാണ് എം. എൻ. ഏബ്രഹാം എന്ന നാമധേയം സ്വീകരിച്ചത്.

യുവാവായ ഏബ്രഹാം ഇംഗ്ലീഷ് വിദ്യാഭ്യാസം കഴിച്ചതു തിരുവല്ലാ ഗവ. ഇംഗ്ലീഷ് മിഡിൽ സ്കൂളിലും, (ഈ സ്കൂൾ പിന്നീട് നിന്നുപോയി) കോട്ടയം സി. എം. എസ്സ് ഹൈസ്കൂളിലും, തൃശിനാപ്പള്ളി എസ്. പി. ജി. കോളജിലും മദ്രാസ് ക്രിസ്ത്യൻ കോളജിലുമായിരുന്നു. പഠിക്കുന്നകാലത്ത് അവറാച്ചൻ സതീർത്ഥ്യരുടെ ഇടയിൽ ഏറ്റവും നല്ല സ്വഭാവമുള്ള യുവാവ് എന്നറിയപ്പെ ട്ടിരുന്നു. ഹോസ്റ്റലിലും ക്ലാസ്സിലുമുണ്ടായിരുന്ന സഹപാഠികളുടെ മേൽ അവറാച്ചൻ ചെലുത്തിയ സപ്രേരണയും സ്വാധീനവും അനിതരസാധാര ണമായിരുന്നു. അതുപോലെതന്നെ ഭക്തശിരോമണികളായ ചില അദ്ധ്യാപ കരോടുള്ള

സമ്പർക്കം അവറാച്ചന് അത്യധികം പ്രയോജനപ്പെട്ടു. അപ്രകാ രം തൻമേൽ സ്വാധീനം ചെലുത്തിയ ചില അദ്ധ്യാപകശ്രേഷ്ഠന്മാരുടെ പേരുകൾ മാത്രം പ്രസ്താവിക്കാം. സി. എം. എസ്സ്. കോളജിൽ റവ. മൂർ (പിൽക്കാലത്ത് ബിഷപ്പ്), മി. ഐ. ഇട്ടി, എസ്. പി. ജി. കോളജിൽ റവ. പെക്കൻഹാം വാൾഷ് (പിന്നീട് ബിഷപ്പ്) മദ്രാസ് ക്രിസ്ത്യൻ കോളജിൽ റവ. ഡോക്ടർ സ്കിന്നർ, റവ. ഡോ. ഹോഗ ആദിയായവർ. ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥിയായിരിക്കുമ്പോൾ അമിതമായി സമയം ചെലവി ടുക പതിവായിരുന്നതിനാൽ പഠിത്തത്തിനു അമാന്തം വരികപോലും ചെയ്തിട്ടുണ്ട്. എങ്കിലും ക്രിസ്ത്യൻ കോളജിൽ നിന്നു പ്രശസ്തമായ നില യിൽ ബി. എ. ഡിഗ്രി കരസ്ഥമാക്കി.

ഒരു കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ എം. എൻ. ഏബ്ര ഹാം മാർത്തോമ്മാ സഭ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അദ്ദേഹ ത്തെ സഭാസേവനത്തിനു ലഭിക്കുവാൻ അവർ അത്യധികം അഭിലഷിച്ചു. വിവാഹം മൂലം മാരേട്ടു കുടുംബത്തോട് ബന്ധപ്പെട്ടയാളും മാർത്തോമ്മാ സഭയിലെ വികാരി ജനറലും ആയിരുന്ന ബഹു. കോവൂരച്ചൻ, സഭയിലെ ഒരു പ്രമുഖ വൈദികനായിരുന്ന അയിരൂർ സി. പി. പീലിപ്പോസ് കശ്ശീശാ, തെങ്ങുമണ്ണിൽ മി. റ്റി. സി. വർക്കി, മുതലയാവരും. മാർത്തോമ്മാ സഭയിലെ രണ്ടുമെത്രാപ്പോലീത്താമാരായിരുന്ന തീത്തൂസ് ഒന്നാമനെയും, സഫ്രഗൻ തീത്തൂസ് രണ്ടാമനെയും പോലെ അവറാച്ചന്റെ മേൽ വാത്സല്യപൂർവ്വം ശക്തിമത്തായ പ്രേരണ ചെലുത്തിവന്നു. 1085-ൽ കൂടിയ സമുദായാലോ ചന സഭ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് അദ്ദേഹത്തെ ഐകകണ്ഠേന തിരഞ്ഞെടുത്തു. വിധവയായ തന്റെ പ്രിയമാതാവിനോടും കുടുംബത്തോ ടുമുള്ള കടമ ഒരു വശത്തും, സഭാസേവനത്തിനായും സുവിശേഷ പ്രചര ണത്തിനായുമുള്ള ആഹ്വാനം മറുവശത്തും തന്റെമേൽ ഹേമം ചെലുത്തി ക്കൊണ്ടിരുന്ന അക്കാലത്ത് ദൈവഹിതം അറിയുന്നതിനായി ദീർഘ ദിവസ ങ്ങൾ പ്രാർത്ഥനയിൽ ചെലവിടുകയുണ്ടായി. ഒടുവിൽ സ്വമനസ്സാക്ഷിയുടെ പ്രേരണ അനുസരിച്ചുതന്നെ ദൈവവേലയ്ക്കായി സ്വയം സമർപ്പിക്കയാണു ചെയ്തത്.

തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ മെത്രാപ്പോലീത്താ 1086 മേടം 19-ാം തീയതി എം. എൻ. ഏബ്രഹാമിനു തിരുവല്ലായിൽ വച്ച് അനേക പട്ടക്കാരുടെ സഹകരണത്തോടുകൂടി ശെമ്മാശു പട്ടം നൽകി. ഒരാണ്ടിനുശേഷം, 1087 കർക്കിടകത്തിൽ കാനഡായിൽ ടോറന്റോ പട്ടണത്തിലെ വിക്ലിഫ് കോള ജിൽ വൈദികാഭ്യസനത്തിനായി എം. എൻ. ഏബ്രഹാം ശെമ്മാശൻ അയക്കപ്പെട്ടു. അവിടെനിന്നും എം. എ.യും ഡി.ഡി.യും ഡിഗ്രികൾ എടുത്ത ശേഷം മടക്കയാത്രയിൽ ഇംഗ്ലണ്ട് മുതലായ പാശ്ചാത്യ രാജ്യങ്ങളിൽ സഞ്ചരിക്കുന്നതിനും, കെസ്വിക്ക് മുതലായ മഹായോഗങ്ങളിൽ സംബന്ധി ക്കുന്നതിനും അദ്ദേഹത്തിനിടയായി. 1090 തുലാമാസത്തിൽ സസുഖം നാട്ടിൽ തിരിച്ചെത്തി. അഭൂതപൂർവ്വമായ ആഹ്ലാദത്തോടും, തികഞ്ഞ പ്രത്യാശയോടും കൂടിയാണ് സഭാജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചത്. പാശ്ചാത്യ പര്യടനവും വിദ്യാഭ്യാസവും കഥാനായകന് അത്യധികം പ്രയോജനപ്പെടുക യുണ്ടായി. 1927-ൽ പലസ്തീൻ നാടും സന്ദർശിച്ചു.

1091 വൃശ്ചികം 20-ാം തീയതി ഏബ്രഹാം ശെമ്മാശ്ശന് ഇരവിപേരൂർ പള്ളിയിൽ വച്ചു. കശ്ശീശാ പട്ടം നൽകപ്പെട്ടു. കുറെക്കാലം സഭയിൽ ഒരു ഇട വക വികാരിയായും പൊതുപ്രവർത്തകനായും ഏബ്രഹാം കശ്ശീശാ സേവനം ചെയ്തു. പിന്നീട് 1093 ധനു 14-ാം തീയതി മലങ്കരയുടെ തീത്തൂസ് ദ്വിതീ യൻ മാർത്തോമ്മ മെത്രാപ്പോലീത്താ തോഴിയൂർ മെത്രാപ്പേലീത്തായുടെ സഹകരണത്തോടുകൂടി ഏബ്രഹാം കശ്ശീശായെ എപ്പിസ്കോപ്പാ ആയി സ്ഥാനാഭിഷേകം ചെയ്തു. തദവസരത്തിൽ കൊച്ചി തിരുവിതാംകൂർ ആംഗ്ലി ക്കൻ ബിഷപ്പ് ഡോക്ടർ ഗിൽ സമുചിതമായ ഒരു പ്രസംഗം ചെയുണ്ടാ യി. ഏബ്രഹാം മെത്രാപ്പേലീത്തായെ ടോറന്റോ യൂനിവേഴ്സിറ്റി ഡി. ഡി. ബിരുദം നൽകി. ബഹുമാനിച്ചു.

1093 മുതൽ 1119 വരെ സഗൻ മെത്രാപ്പോലീത്താ ആയിരുന്ന കാല ഘട്ടം തിരുമേനിയെ സംബന്ധിച്ചിടത്തോളം സംഭവ ബഹുലമായ ഒരു ദശയായിരുന്നു. മെത്രാപ്പോലീത്തായോടും ഇതര സഭാനേതാക്കന്മാരോടും ആത്മാർത്ഥമായി സഹകരിച്ച് സഭയുടെ നാനാവിധമായ പുരോഗതിക്ക് അദ്ദേഹം സർവാത്മനാ പ്രവർത്തിച്ചു. സഭയിൽ പുതുതായി സ്ത്രീജന സേവികാസംഘം, സന്നദ്ധസുവിശേഷകസംഘം, യുവജനസഖ്യം, വനിതാ മന്ദിരം, അനാഥശാലകൾ മുതലായവ സ്ഥാപിക്കുന്നതിനു മുൻകൈ എടു ത്തതു സഫ്രഗൻ തിരുമേനിയായിരുന്നു. സഭയുടെ ജീവനാഡിയായി കരുത പ്പെടുന്ന സുവിശേഷ പ്രസംഗസംഘത്തിന്റെ പ്രസിഡൻറായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾക്ക് അഭൂതപൂർവ്വമായ അഭിവൃദ്ധി കൈവരുത്തി. സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രതിവർഷം നടത്തിവരുന്ന മാരാമൺ കൺവെൻഷൻ നേതൃത്വം ഏറ്റെടുത്തു തന്റെ ഉജ്ജ്വലമായ പ്രസംഗ ങ്ങൾകൊണ്ടും, ഡോക്ടർ സ്റ്റാൻലി ജോൺസ് മുതലായ ജഗൽ പ്രസിദ്ധ ന്മാരായ മിഷ്യനറി വീരന്മാരെ ക്ഷണിച്ചു വരുത്തി പ്രസംഗിപ്പിച്ചും ആ മഹാ യോഗം കൂടുതൽ ആകർഷവും അനുഗ്രഹപ്രദവും ആക്കിത്തീർത്തു. സംഘ ത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിദേശമിഷ്യൻ പ്രവർത്തനങ്ങളും ആശ്രമങ്ങളും പല പ്രാവശ്യം സന്ദർശിച്ചു തന്റെ സാന്നിദ്ധ്യത്താലും നിരന്ത രമായ ഉപദേശങ്ങളാലും കൂടുതൽ ഊർജ്ജിതപ്പെടുത്തി. ക്രിതരുടെ വിശിഷ്യാ അധഃകൃത ജാതികളുടെ ഇടയിൽ സുവിശേഷപ്രചരണം നടത്തു ന്നതിനും അവരുടെ സാമൂഹ്യനില ഉയർത്തുന്നതിനും കഥാപുരുഷൻ പ്രത്യേകം ശ്രദ്ധപതിച്ചു വന്നു. സഭയിൽ പുതുതായി രണ്ടു എപ്പിസ്കോ പ്പന്മാരെ

സ്ഥാനാഭിഷേകം ചെയ്തു കാണുന്നതിനും അദ്ദേഹത്തിനുഭാഗ്യം ലഭിച്ചു. സഭാസേവനത്തിൽ താല്പര്യമുള്ള അഭ്യസ്തവിദ്യരായ യുവ ജനങ്ങളെ കണ്ടുപിടിച്ച് അവരുടെമേൽ പ്രേരണ ചെലുത്തി പട്ടത്വ സ്ഥാന ത്തും ഇതര ജോലികളിലും പ്രവേശിപ്പിക്കുന്നതിനദ്ദേഹം വിജയ കരമായി പ്രവർത്തിച്ചു. ഇപ്രകാരം വിവിധ തലങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനു കഥാപുരുഷനു സാധിച്ചിട്ടുണ്ട്.


1943-ൽ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ഏബ്രഹാം മാർത്തോമ്മാ തന്റെ സഭയുടെ മെത്രാപ്പോലിത്താ ആയി അവ രോധിക്കപ്പെട്ടു. പ്രമേഹരോഗം പിടിപെട്ടും, കഠിനാദ്ധ്വാനംകൊണ്ടും ത ന്റെ ആരോഗ്യം ക്ഷയിച്ചിരുന്നതിനാൽ മെത്രാപ്പോലീത്താ ആയി നാലുവർ ഷം ഭരിക്കുന്നതിനു മാത്രമെ അദ്ദേഹത്തിനു സാധിച്ചുള്ളു. എങ്കിലും സഭ യിലും സമൂഹത്തിലും അദ്ദേഹം തന്റെ വിശിഷ്ടനേതൃത്വം കൊണ്ടു കെ വരുത്തിയിട്ടുള്ള ബഹുവിധമായ നേട്ടങ്ങൾ എക്കാലത്തും അനുസ്മരിക്ക പ്പെടും.

ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലിത്തായുടെ ദേഹവിയോഗം പ്രമാണിച്ച് പല മഹാന്മാരും സംഘടനകളും അയച്ച അനുശോചന സന്ദേ ശങ്ങളും, അനവധി പൊതുയോഗങ്ങളിൽ പാസ്സാക്കിയ അനുശോചന പ്രമേ യങ്ങളും, പത്രറിപ്പോർട്ടുകളും ഇവിടെ ഉദ്ധരിക്കുന്നതിനു സാദ്ധ്യമല്ലെങ്കിലും ഹൈന്ദവർ നടത്തിയിരുന്ന മലയാളരാജ്യം' പത്രത്തിലെ റിപ്പോർട്ടിൽ നിന്നു ഒരു വാചകം ഉദ്ധരിക്കാം. "ഒരു തികഞ്ഞ സ്വരാജ്യസ്നേഹിയായിരുന്നതിരു മേനി രാഷ്ട്രീയകാര്യങ്ങളിൽ യാതൊരു ഒളിച്ചുകളിയിലും ഏർപ്പെടാതെ ഏറ്റവും നിർഭയമായ ഒരു നേതൃത്വമാണു നൽകിയിട്ടുള്ളത്.'' ഒരു പ്രമുഖ യാക്കോബ്യൻ നടത്തിയ പൌരപ്രഭ'യിലെ മുഖപ്രസംഗത്തിലിപ്രകാരം പറയുന്നു.

"തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യപ്രശ്നം, പള്ളികളുടെയും സിമിത്തേ രികളുടേയും നിർമ്മാണത്തിലുള്ള അവിഹിത നിയന്ത്രണം, വിദ്യാഭ്യാസ പ്രശ്നം, തുടങ്ങി ഗവണ്മെൻറിൽ നിന്ന് അപ്പഴപ്പോൾ അവലംബിച്ചു പോന്ന പ്രതിലോമപരവും പൗരാവകാശധ്വംസകവുമായ നടപടികളെ അധികരിച്ചു മാർത്തോമ്മാ സമുദായം സ്വീകരിച്ച.......... പരിപാടികൾ തിരുമേനിയുടെ വിശാല വീക്ഷണത്തിന്റെയും ധർമ്മ പ്രബുദ്ധതയുടെയും പക്വഫലങ്ങളായിരുന്നു.

നി.വ.ദി.മ.ശ്രീ. ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ

ഞങ്ങളുടെ കൊച്ചുതിരുമേനി



കെ. എം. തരകൻ

കാലം ചെയ്ത ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ മലങ്കരസഭയുടെ ഭദ്രദീപമായിരുന്നു; ഇന്നും തിരുമനസ്സിന്റെ വ്യക്തി പ്രഭാ വവും ആദ്ധ്യാത്മിക തേജസ്സും സഭയെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. പുത്തൻകാവു മർത്തമറിയം വലിയ പള്ളിയുടെ വികാരിയായിരുന്ന കിഴ ക്കേത്തലയ്ക്കൽ "വല്യച്ചന്റെ മകനായാണ് കൊച്ചു ഗീവറുഗീസ് ജനി ച്ചത്. ചെറുപ്പത്തിൽ അദ്ദേഹം മറ്റു കുട്ടികളെക്കാൾ ഊർജ്ജസ്വലനും മിടു ക്കനുമാണെന്നു പല സന്ദർഭങ്ങളിൽ തെളിയിച്ചിട്ടുണ്ട്. ഓട്ടത്തിനും ചാട്ട ത്തിനും നീന്തലിനും പഠിത്തത്തിനും ഒരുപോലെ മിടുക്കൻ, മതകാര്യങ്ങ ളിൽ അതീവ തല്പരൻ.

ചെറുപ്പത്തിൽ ശെമ്മാശ്ശനായി സെറാമ്പൂരിൽ നിന്നും ബി. ഡി. ബിരുദം നേടി; അതുകഴിഞ്ഞ് കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ നിന്നും എം. എ. ബിരുദവും കരസ്ഥമാക്കി. അപ്പോഴേക്കും അദ്ദേഹം വൈദികനായിത്തീർ ന്നു. ഓർത്തഡോക്സ് സഭയിലെ പണ്ഡിതനായ ഒരു വൈദികനെന്ന പ്രശസ്തി അദ്ദേഹം നേടി.

മല ഫാദർ ഗീവറുഗീസിനു മുപ്പതു മുപ്പത്തിരണ്ടു വയസ്സായിക്കാണണം; അപ്പോഴാണ് മലങ്കരസഭയെ ഞെട്ടിച്ച ആ സംഭവം നടന്നത്. മാർ ഈവാനി യോസ് മെത്രാപ്പോലീത്താ കത്തോലിക്കാ സഭയിൽ ചേർന്നു. കരസഭയിലെ ഏറ്റവും കരുത്തനും പണ്ഡിതനുമായ ഒരു മെത്രാപ്പോലീത്താ യാണ് സഭ വിട്ടു പോയത്. അത്തരുണത്തിൽ സഭയെ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ കരുത്തുള്ള നായകന്മാരാവശ്യമായി രുന്നു. നിലവിലിരുന്ന പ്രതിസന്ധിയെ നേരിടുന്നതിന് മാർ ഗീവറുഗീസ് ബസേലിയോസ് രണ്ടാമൻ കാതോലിക്കോസ് പുത്തൻകാവ് കിഴക്കേ തലയ്ക്കൽ ഫാദർ ഗീവറുഗീസിനെ സഭയിലെ മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. ഗീവറുഗീസ് മാർ പീലക്സിനോസ് എന്നഭിധാനത്തിൽ തുമ്പ മൺ ഭദ്രാസനത്തിന്റെ അധിപനായി ഇദ്ദേഹം മെത്രാപ്പോലീത്താ പദവി സ്വീകരിച്ചു. തുടർന്ന് ഇരുപത്തി രണ്ടു വർഷക്കാലം തിരുമേനി മലങ്കര സഭയ്ക്ക് സുധീരമായ നേതൃത്വം നൽകി. തുമ്പമൺ ഭദ്രാസനത്തിനു അവി ടുന്നു ചെയ്തിട്ടുള്ള സേവനം നിസ്സീമമാണ്. ഭദ്രാസനത്തിനു കെട്ടുറപ്പുള്ള ഒരു ചട്ടക്കൂട് അദ്ദേഹം സൃഷ്ടിച്ചു കൊടുത്തു. ഭദ്രാസനത്തിൻ കീഴിലുള്ള പല സ്ഥലങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂളും, പുത്തൻകാവു മെത്രാപ്പോലീത്തൻ സ്കൂളും രണ്ട് ഉദാഹരണങ്ങൾ മാത്രമാണ്. ബഥേൽ പള്ളി ചെങ്ങന്നൂരിൽ സ്ഥാപിച്ചതും തിരുമനസ്സാണ്. പത്തനംതിട്ട കോളജ് ആരംഭിക്കുന്നതിനുള്ള പ്രഥമ നടപടികൾ എടുത്തതും അവിടുന്നുതന്നെയാണ്.

മലങ്കരസഭയുടെ സുന്നഹദോസിലെ ഒരു പ്രമുഖാംഗം എന്ന നിലയിൽ തിരുമേനി അർപ്പിച്ച സേവനങ്ങളെക്കുറിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല. മലങ്കരസഭയിൽ സമാധാനം കണ്ടെത്തുന്നതിനായി നടന്ന എല്ലാ കൂടിയാ ലോചനകളിലും തിരുമനസ്സുകൊണ്ട് സജീവമായി പങ്കുകൊണ്ടു. മലങ്കര സഭയുടെ ആഭ്യന്തര ഭരണസ്വാതന്ത്ര്യം പരമപ്രധാനമായിരുന്നു. അതിനെ പരിരക്ഷിക്കുവാൻ തിരുമേനി മറ്റു സഭാ നേതാക്കളെന്നപോലെ പ്രതിജ്ഞാ ബദ്ധനായിരുന്നു. സഭകൾ തമ്മിൽ വിവാദം നടന്നുകൊണ്ടിരുന്നപ്പോഴും, പ്രതിപക്ഷത്തുള്ള സമൂഹങ്ങൾക്ക് ആവുന്നത്ര സഹായങ്ങൾ ചെയ്യുവാൻ തിരുമേനി സന്നദ്ധനായിരുന്നു. കോതമംഗലം മാർ ബേസിൽ ഹൈസ്കൂ ളിന്റെ സ്ഥാപനത്തിന് സർവ്വവിധങ്ങളായ സഹായങ്ങളും ചെയ്തുകൊ ടുത്തത് തിരുമേനിയാണെന്ന് കോതമംഗലത്തുകാർ സ്നേഹപൂർവ്വം ഇന്നും അനുസ്മരിക്കുന്നുണ്ട്.

തിരുമനസ്സിന്റെ സ്മരണയെ അവിടുന്നുമായി പരിചയപ്പെട്ട വ്യക്തി കളുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് അവിടുത്തെ വ്യക്തിപ്രഭാവ മാണ്. പ്രകാശം വീശുന്ന വൃത്താകാരത്തിലുള്ള മുഖം. പ്രസന്നത ആ മുഖ ത്ത് എപ്പോഴും തിരതല്ലിയിരുന്നു. സൗമ്യമെങ്കിലും ശക്തമായിരുന്ന ആ വ്യക്തിത്വം. ആരെയും തിരുമനസ്സു അനൗപചാരികമായാണ് സ്വീകരി ച്ചിരുന്നത്.

അടുത്ത് ചെല്ലുന്നവർക്ക് ആദ്യമുണ്ടാവുന്ന തോന്നൽ അദ്ദേഹം സ്വന്തം കുടുംബത്തിലെ ഒരംഗമാണെന്നാണ്. സ്നേഹസമ്പന്നനും ശക നമായ ഒരു ജ്യേഷ്ഠൻ. അദ്ദേഹത്തിന്റെ ചിരിയുടെ വശ്യശക്തി നിരുപ മമായിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർ അനുസ്മരിക്കും. മുഖത്തെ പ്രകാശത്തെ ആ മധുരഹാസം പതിന്മടങ്ങു മാറ്റു കൂട്ടുതലുള്ളതാക്കും. സാധാരണ ഫലിതം കേട്ടാൽ മതി കൊച്ചുതിരുമേനി പൊട്ടിച്ചിരി ക്കും. അധികംപേരും അദ്ദേഹത്തെ കൊച്ചുതിരുമേനിയെന്നാണ് വിളിച്ചിരു ന്നത്. സഭയിൽ ആരെങ്കിലും അദ്ദേഹത്തിന്റെ പ്രായത്തിൽ മെത്രാപ്പോലീത്തയായിട്ടുണ്ടോ എന്ന സംശയമാണ്. അടുത്തകാലത്ത്, ആരുംതന്നെയില്ല.

തിരുമേനിയെ സംബന്ധിച്ച മൂന്നു കാര്യങ്ങൾ എടുത്തു പറഞ്ഞേ മതി യാവൂ. ഒന്ന് ആരാധകരെ തന്നോടൊപ്പം ഭക്തിയുടെ മേഖലയിലേക്ക് ഉയർത്തുവാനുള്ള കഴിവ്. കൊച്ചുതിരുമേനിയുടെ വി. കർബ്ബാന അർപ്പണം ഭക്തഹൃദയങ്ങളെ വിദ്യുമേഖലയിലെത്തിച്ചിരുന്നു. "ഈ സമയത്തു നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ഉയരങ്ങളിൽ. ദൈവം വസിക്കു ന്ന മഹോന്നതങ്ങളിൽ ആയിരിക്കണമെന്നു ശുശ്രൂഷകൻ ഉച്ചരിക്കുമ്പോൾ ഭക്തഹൃദയങ്ങൾ അവിടെ എത്തിക്കഴിഞ്ഞിരിക്കും. "ദൈവമേ എന്നോടു ഉത്തരമരുളിച്ചെയ്യണമേ' എന്ന ആ നിലവിളി സ്വർഗ്ഗകവാടങ്ങൾ ഭേദിച്ച് ദൈവത്തിന്റെ സ്വർണ്ണസിംഹാസനത്തിൽ ചെന്നു മുഴങ്ങുന്നുവെന്നു ശ്രോതാവിനു അനുഭവപ്പെടുമായിരുന്നു. കൊച്ചുതിരുമേനിയുടെ സ്വരം മധുര വും പ്രൗഢവുമായിരുന്നു. ഗാനാലാപത്തിനു അവിടുത്തേക്കുള്ള വൈഭവം അനന്യസാധാരണമായിരുന്നു. തിരുമനസ്സിന്റെ കരുണക്കടലേ ഞാൻ നോക്കും' എന്ന ഗീതത്തിന്റെ ആലാപനമാധുരി സുപ്രസിദ്ധമായിരുന്ന ല്ലോ. മൂന്നാമതായി പറയേണ്ടത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സിദ്ധി യെക്കുറിച്ചാണ്. കൊച്ചുതിരുമേനി അഗാധപണ്ഡിതനായിരുന്നതുപോലെ പ്രഗത്ഭനായ ഒരു വാഗ്മിയുമായിരുന്നു.

വിഷയ പ്രതിപാദനത്തിൽ അവതരിപ്പിക്കുന്ന ആശയത്തിന്റെ ഗുരു ലഘുത്വഭേദമനുസരിച്ചു ശബ്ദത്തേയും സ്വരത്തേയും വിന്യസിപ്പിക്കുന്നതി നുള്ള തിരുമേനിയുടെ കഴിവ് അനന്യസാധാരണമായിരുന്നു. ശ്രോതാക്ക ളെ തന്നോടൊപ്പം സ്വന്തം ആശയപ്രപഞ്ചത്തിലെത്തിക്കുന്നതിന് അദ്ദേഹ ത്തിനുണ്ടായിരുന്ന വൈഭവം അസൂയാവഹമായിരുന്നു. മധുരമായ അവതരണരീതി മാത്രമല്ല, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പ്രത്യേകത; തുല്യപ്രധാനമായിരുന്നു. അവിടുന്നു അവതരിപ്പിച്ചിരുന്ന വിഷയത്തിൻറ ആന്തരിക ഗൗരവവും. പടിഞ്ഞാറുള്ള പാതിരിമാർ നടത്തുന്ന പ്രസംഗം പോലെ, ഏതെങ്കിലുമൊരു വേദവാക്യത്തെ കഥകൾ മുഖേന വിശദീകരി ക്കുന്ന സമ്പ്രദായമായിരുന്നില്ല. കൊച്ചുതിരുമേനിയുടേത്. വേദഭാഗത്തെ അവിടുന്ന് അനുസ്മരിക്കും. തുടർന്ന് അതിന്റെ ആഴത്തിലേക്കു തിരുമേനി ഇറങ്ങും. ഉപയോഗിക്കുന്ന പദങ്ങൾ ലളിതമാണ്. എങ്കിലും സുന്ദരങ്ങളാ യിരിക്കും. തന്റെ അവബോധവികാസത്തിന്റെ സ്വഭാവമനുസരിച്ചു ശ്രോ താവിനു ആ പ്രസംഗത്തിൽ നിന്നു വേണ്ടതു ശേഖരിക്കുവാൻ സാധിക്കും.പാപത്തെക്കുറിച്ചു ഒരിക്കൽ തിരുമേനി പ്രസംഗിച്ചത് ഓർക്കുന്നു പാപം ദൈവഹിതത്തിനെതിരായുള്ള നീക്കമാണ്. മനസ്സുകൊണ്ടും വാക്കുകൊ ണ്ടും കർമ്മംകൊണ്ടും ദൈവത്തെ ധിക്കരിക്കുന്നതാണു പാപം. ചെയ്യേണ്ട തു ചെയ്യാതിരിക്കുക, ചെയ്തുകൂടാത്തതു ചെയ്യുക, രണ്ടും പാപമാണ്. ഇനിയും എന്താണ് ദൈവഹിതം? കാപട്യമില്ലാതിരിക്കുന്ന മനസ്സോടെ ദൈ വത്തെയും മനുഷ്യനേയും സ്നേഹിക്കുകയെന്നതാണ് കളങ്കരഹിതമായ സ്നേഹം. പ്രതിഫലം ആവശ്യപ്പെടാതെ നൽകുന്ന സ്നേഹം. പാപം രണ്ടു വിധമുണ്ട്. തിരുമനസ്സു കൊണ്ടു തുടർന്നു: അറിഞ്ഞും അറിയാതെയും ചെയ്യുന്ന തെറ്റുകൾ. ചില പ്രേരണകൾക്കു വഴിപ്പെട്ടു ചെയ്യുന്ന തെറ്റുക ളാണിവ. പശ്ചാത്തപിക്കുക; ഇവയ്ക്കു പൊറുതി ലഭിക്കും. മറ്റുചില തെറ്റു കളാണ് ബോധപൂർവ്വം ചെയ്യുന്ന തെറ്റുകൾ, തെറ്റാണെന്നറിയാം; തെറ്റു ചെയ്യാലുള്ള ഫലമറിയാം; തെറ്റു ഒഴിവാക്കാനുള്ള ശക്തിയുമുണ്ട്. എന്നിട്ടും തെറ്റു ചെയ്താലോ? ഇത്തരം തെറ്റിനു പൊറുതി എവിടെ? ഇത്തരം തെറ്റുകളാണ് മരണകരമായവ; പരിശുദ്ധാത്മാവിന് എതിരായുള്ള പാപമാണിത്. അതുല്യനായ പ്രബോധകനും, വാഗ്മിയും, പണ്ഡിതനും, ഗായകനും, ആരാധകനുമായ ഒരു മഹാവ്യക്തിയായിരുന്നു കൊച്ചുതിരു മേനി. സഭയുടെ സൂര്യനെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കട്ടെ.

തിരുമേനി എന്റെ ആദ്ധ്യാത്മിക ഗുരുവാണ്; എന്നെപ്പോലെ അനേ കരുടെയും. തിരുമേനിയുടെ സ്മരണ എന്നെപ്പോലുള്ളവർക്ക് ആദ്ധ്യാ ത്മിക ചൈതന്യദായകമാണ്; ഞങ്ങളുടെ വെളിച്ചമാണ് തിരുമേനി; ഇന്നും തെറ്റു ചെയ്യുവാൻ മനസ്സ് ഒരുങ്ങുമ്പോൾ അശരീരി എന്നപോലെ മനസ്സിൽ മധുരമായ ആ ശബ്ദം ഉയരുന്നു - "തെറ്റെന്ന് അറിയുന്ന തെറ്റിനെ ഒഴിവാ കാത്തവൻ ജീവിക്കുമ്പോഴും ജീവിക്കുന്നില്ല; അറിഞ്ഞ തെറ്റിനെ ഒഴിവാ ക്കുന്നവൻ മരിക്കുന്നുമില്ല!!'' കൊച്ചുതിരുമേനി മരിച്ചിട്ടില്ല, മരിക്കയുമില്ല.

(മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ മകനും സുപ്രസിദ്ധ സാഹിത്യനിരൂപകനുമായ പ്രൊഫ. കെ. എം. തരകൻ കൊച്ചു തിരുമേനിയു മായി അടുത്ത ബന്ധം പുലർത്താൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളവരിൽ ഒരാളാണ്.

-ചീഫ് എഡിറ്റർ)

## കർമ്മനിരതനായ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ



ഡോ. സാമുവൽ ചന്ദനപ്പള്ളി

അനേക വൈദിക ശ്രേഷ്ഠർക്ക് ജന്മം നൽകിയ മാവേലിക്കര വടക്കേത്തലയ്ക്കൽ മഹാ കുടുംബത്തിലെ ഒരു പ്രധാന ശാഖയാണ് പുത്തൻകാവ് കിഴക്കേത്തല യ്ക്കൽ കുടുംബം. മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തിയും സൗന്ദര്യവുമായി നിറഞ്ഞുനിന്നിരുന്ന പുത്തൻകാവ് ഗീവറു ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീ ആ വൈദീക പാരമ്പര്യത്തിലെ പ്രഥമഗണനീയനാണ്. അദ്ദേഹത്തിന്റെ സഹോദരപുത്രനാണ് ചെങ്ങന്നൂർ മെത്രാസനാധിപനും, പരിശുദ്ധ എപ്പിസ്കോപൽ സുന്നഹദോസ് സെക്രട്ടറിയും, കാതേലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജരുമായ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പേലിത്താ.

പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ തോമാ കത്തനാരുടെ ത്രിതീയ പുത്രനായ അന്തരിച്ച ശ്രീ. കെ. റ്റി. തോമസാണ് പിതാവ്. മാതാവ് കോഴഞ്ചേരി തേവർവേലിൽ കുടുംബത്തിലെ തെള്ളീരത്ത് ഇടിച്ചാണ്ടി ഗീവറുഗീസിന്റെ മകൾ ഏലിയാമ്മ. ജനനം 1938 ഏപ്രിൽ 3. പ്രാഥമിക വിദ്യാഭ്യാസം പുത്തൻ കാവ് ഗവൺമെന്റ് എൽ. പി. സ്കൂളിലും, ആലപ്പുഴ ലിയോതേർട്ടീനത് സ്കൂളിലും, പുത്തൻകാവ് യു. പി. സ്കൂളിലും നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം. റ്റി. സെമിനാരിയിൽ.

കോളജ് വിദ്യാഭ്യാസത്തിന് തുടക്കം കോട്ടയം സി. എം.എസ് കോളേജി ലായിരുന്നു. ക്രൈസ്തവ മിഷനറിമാരുടെ പാദമുദ്രകൾ പതിഞ്ഞ അന്തരീ ക്ഷത്തിൽ പഠിക്കുവാനും, അതുവഴി ഒരു പ്രത്യേക ജീവിത ദർശനം ചിട്ട പ്പെടുത്തിയെടുക്കുവാനും, കെ. റ്റി. തോമസ് എന്ന ഇന്റർമീഡിയറ്റ് വിദ്യാർത്ഥിക്ക് കഴിഞ്ഞു. പ്രഗൽഭരായ അദ്ധ്യാപകർ അക്ഷരരഹസ്യം അനാവരണം ചെയ്ത് അപൂർവ്വ ആശയങ്ങൾ അവതരിപ്പിക്കുന്ന രീതി
യുവാവായ കെ. റ്റി. തോമസ് ഹൃദിസ്ഥമാക്കി. ഇംഗ്ലീഷ് അദ്ധ്യാപകരായ റവ. എ. ബാഗ്കോ, റ്റി. ആർ. സുബ്രമണ്യയ്യർ, പോൾ സി. വറുഗീസ് എന്നിവർ ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ വളരെ സ്വാധീനം നൽകി.

കോട്ടയം സി. എം. എസ്. കോളേജിൽ നിന്ന് ഇൻറർമീഡിയറ്റ് പാസ്സായ കെ. റ്റി. തോമസ് ചങ്ങനാശേരി എസ്. ബി. കോളേജിൽ നിന്ന് ഫിസിക്സ് ഐശ്ചിക വിഷയമെടുത്ത് ബി. എസ്സ് സി. ബിരുദം കരസ്ഥമാക്കി. തുടർന്ന് വേദശാസ്ത്ര പഠനത്തിനായി കൽക്കട്ട സെറാംപൂർ കോളേജിൽ ചേർന്നു. ഫാ. ഡോ. വി. സി. സാമുവൽ, റവ. ഡോ. കെ. വി. മാത്യു എന്നിവർ വേദ ശാസ്ത്ര പഠനത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സെറാം പൂരിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദം നേടി 1963-ൽ നാട്ടിൽ തിരിച്ചെത്തി. പിതൃസഹോദരനായ പുത്തൻകാവ് ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ അദ്ധ്യാപകനായി. ഏതാനും മാസം ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും പ്രവർത്തിച്ചു. 1964-ൽ ബി. എഡ്

ബിരുദത്തിനായി ചങ്ങനാശേരി എൻ. എസ്. എസ്. കോളേജിൽ ചേർന്നു. ബി. എഡ് ബിരുദം ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ആ കോളേജിലെ ഏക ഫസ്റ്റ് ക്ലാസ്സ് ആയിരുന്ന അത് 1965-66 കാലഘട്ടത്തിൽ ബോംബെയിലെ ദാദർ പാഴ്സി സ്കൂൾ, കൊളാബാ സെൻട്രൽ സ്കൂൾ എന്നീ സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യു. ജി. സി. സ്കോളർ ഷിപ്പോടുകൂടി ബറോഡാ എം. എസ്. യൂണിവേഴ്സിറ്റിയിൽ എം. എഡിന് അഡ്മിഷൻ ലഭിച്ചു. എം. എഡ് പഠനത്തിനായി ബറോഡയിൽ എത്തിയ തോടെ കെ.റ്റി.തോമസ് എന്ന യുവാവിന്റെ കർമ്മകാണ്ഡത്തിന് പുതിയൊരു വഴിത്തിരിവായി. എം.എഡും (1966-68) ഉന്നതമാർക്കോടെ കെ. റ്റി. തോമസ് കീഴടക്കി. ബറോഡയിൽ വിദ്യാഭ്യാസരംഗത്തേക്ക് കുതിച്ചുകയറി. 1968-ൽ അകാപുരിയിലുള്ള ബേബിലാൻഡ് സ്കൂൾ പ്രിൻസിപ്പൽ ആയി. 1969 മാർച്ച് ഒന്നിന് ബറോഡാ ബേസിൽ സ്കൂൾ ആരംഭിച്ച് സ്ഥാപക പ്രിൻ സിപ്പൽ ആയി.

വിദ്യാർത്ഥി ജീവിതകാലത്തുതന്നെ ആത്മീയ പ്രസ്ഥാനങ്ങളിൽ കെ. ടി. തോമസ് സജീവ താൽപ്പര്യം പ്രദർശിപ്പിച്ചിരുന്നു. വിദ്യാർത്ഥി-യുവജന പ്രസ്ഥാനവേദികൾ ആയിരുന്നു പ്രധാനപ്രവർത്തനരംഗങ്ങൾ. സ്വകീയവും, മൗലികവുമായ ശബ്ദത്തിന്റെ ഉടമ എന്ന നിലയിൽ എവിടെയും നിറഞ്ഞു നിന്നിരുന്ന കെ. റ്റി. തോമസ് നല്ല നേതൃത്വപാടവം വിദ്യാഭ്യാസകാലത്തു ത ന്നെ തെളിയിച്ചിരുന്നു. ബറോഡയിലെ പഠനകാലത്ത് തന്നെ ഗുജറാത്തിൻറവിവിധ ഭാഗങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിനും, വിദ്യാർത്ഥി പ്രസ്ഥാനം സംഘടിപ്പിക്കുന്നതിനും സമയം കണ്ടെത്തിയിരുന്നു. കിഴക്കേത്ത ലയ്ക്കൽ കുടുംബത്തിലെ ആദ്ധ്യാത്മീക ജ്യോതിസ്സുകൾ കാട്ടിക്കൊടുത്ത പ്രകാശ ത്തിലൂടെ സഞ്ചരിച്ച് അത് കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനായി ദൈവ ത്തിൽ സമ്പൂർണ്ണസമർപ്പണം നടത്തുവാൻ കെ. റ്റി. തോമസ്തീരുമാനിച്ചുറച്ചു.

1970 മെയ് മാസം ഏഴിന് കോട്ടയം ദേവലോകം അരമന ചാപ്പലിൽ വച്ച് പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായിൽ നിന്നും ശെമ്മാശ്ശുപട്ടം സ്വീകരിച്ചു. മെയ് 22ന് പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലിൽ വച്ച് ദാനി യേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ പൂർണ്ണ ശെമ്മാശ്ശുപട്ടം നൽകി. മെയ് 26ന് മാതൃ ഇടവകയായ പുത്തൻകാവ് സെന്റ് മേരീസ് പള്ളി യിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കശ്ശീശാ സ്ഥാനം നൽകി. മെയ് 30ന് പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു. തുടർന്നുള്ള ജീവിതം സമ്പൂർണ്ണ സമർപ്പണ ത്തിന്റേതായിരുന്നു. ഓതറ ദയറായിലെത്തി കുടുംബാംഗമായ മാരേട്ട് തോമസ് റമ്പാനിൽ നിന്നും താ, ആരാധനക്രമങ്ങൾ, ആരാധനാ രീതികൾ എന്നിവയിൽ പരിശീലനം നേടിയത് മധുരവും ഹൃദ്യവുമായ ആരാധനാനുഷ്ഠാനത്തിന് ഫാ. കെ. റ്റി. തോമസിനെ പക്വമാക്കി.

1970 ജൂണിൽ ബറോഡാ മാർ ഗ്രീഗോറിയോസ് പള്ളിയുടെ സഹ പട്ടക്കാരനായി ചുമതലയേറ്റു. അതോടൊപ്പം ഗുജറാത്തിലെ കേന്ദ്രങ്ങളും ഇടവകകളും ആരംഭിക്കുന്നതിനുള്ള ശ്രമവും ആരംഭിച്ചു. ഗുജറാത്തിൽ വാപ്പി, ബൽസാർ, സൂററ്റ്, ബറൂച്ച്, ആനന്ദ്, മേഹ്സാന, രാജ്കോട്ട്, പോർ ബന്തർ, വരാവൽ എന്നീ സ്ഥലങ്ങളിലും മഹാരാഷ്ട്രയിലെ അഞ്ചേരി, ബാൻഡ് എന്നീ സ്ഥലങ്ങളിലും, രാജസ്ഥാനിലും, ഉദയ്പൂരിലും ഓർത്തഡോക്സ് സഭാംഗങ്ങളെ സംഘടിപ്പിച്ച് പുതിയ ഇടവകകൾ രൂപീകരിക്കുന്നതിനായി ഫാ. കെ. റ്റി. തോമസ് അവിശ്രമം അദ്ധ്വാനിക്കു കയും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്തു. ഇത് സഭാ നേതൃത്വം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വിദ്യാർത്ഥി ജീവിത കാലത്ത് തന്നെ വിദ്യാഭ്യാസ കാര്യങ്ങളിൽ അതീവ താൽപ്പര്യം കാണിച്ചിരുന്ന ഫാ. കെ. റ്റി. തോമസ് ഭാവി പ്രവർത്തനങ്ങൾ ക്കുവേണ്ടി ബറോഡാ കേന്ദ്രമാക്കി സൊസൈറ്റി ഓഫ് സെൻറ് ബേസിൽ എന്ന പേരിൽ ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. 1973 ജൂൺ 11ന് പ്രസ്തുത ട്രസ്റ്റ് ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ചുമത ലയിലുള്ള ഗുജറാത്ത് റിഫൈനറി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഭരണ ഭാരം ഏറ്റെടുത്തു. ഇപ്പോൾ 1700 വിദ്യാർത്ഥികൾ പഠിക്കുന്ന ആ സ്ഥാപനം. 1983 മുതൽ ഒരു ജൂണിയർ കോളേജായി ഉയർന്നിട്ടുണ്ട്. അതിനുശേഷം ഹലോൾ എന്ന സ്ഥലത്ത് എം. ജി. എം. സ്കൂളും, ബറോഡായിൽ സെന്റ് പോൾസ് സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും, ഒരു ഗുജറാത്തി മീഡിയം സ്കൂളും, ബറൂച്ചിന് സമീപമുള്ള അംഗ്ലേശ്വറിൽ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചു.

ബറോഡാ കേന്ദ്രീകരിച്ച് പല പ്രസ്ഥാനങ്ങൾക്കും ഫാ. കെ. . റ്റി. തോമസ് രൂപം നൽകി. ബറോഡാ ഗൈഡൻസ് അസോസിയേഷൻ സ്ഥാപക വൈസ് പ്രസിഡൻറായിരുന്നു. ബറോഡാ ജൂണിയർ ചേംബറിൽ സജീവ അംഗമായിരുന്നു. ബോംബെ ഭദ്രാസന കൗൺസിൽ അംഗം, ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ബോംബെ ഭദ്രാസനാധിപൻ ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഉപദേശകസമിതിയംഗം എന്നീ നിലയിലും ഫാ. കെ. റ്റി. തോമസ് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. ബറോഡാ, ആനന്ദ്, ഭാവ്നഗർ, ജാംനഗർ, രാജ്കോട്ട്, ഉദയപൂർ, പോർബന്തർ, വെരാവൽ, ബറൂച്ച്, സൂററ്റ്, ബൽസാർ, വാപ്പി, ഗാന്ധിധാം, മേഹ്സാന, ബാൻഡ്, അഞ്ചേരി, അബുദാബി

എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫാ. കെ. റ്റി. തോമസ് ബറോഡാ നിവാസികൾക്ക് ഇപ്പോഴും പ്രിയങ്ക രനായ ഫാദർ ആണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തനതായ ശൈലികൾ രൂപപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി എപ്രകാരം നടത്താമെന്ന് ഫാ. കെ. റ്റി. തോമസ് കാണിച്ചുകൊടുത്തു. ഊർജ്ജസ്വലനും, ഉന്നത ആശയനുമായ ഫാ. കെ. റ്റി. തോമസ് ഇതിനോടകം എണ്ണപ്പെട്ട വൈദികരിൽ ഒരാളായി മാറിക്കഴിഞ്ഞിരുന്നു. 1982-ൽ സഭയ്ക്ക് പുതിയ അഞ്ച് മെത്രാപ്പോലീത്തന്മാരെ ആവശ്യമായി വന്നപ്പോൾ ഫാ. കെ. റ്റി. തോമസിന്റെ പേര് മുൻപന്തിയിൽ വന്നു.

1982 ഡിസംബർ 28ന് തിരുവല്ല എം. ജി. എം. സ്കൂൾ അങ്കണത്തിൽ കൂടിയ മലങ്കര അസോസിയേഷൻ യോഗം ഫാ. കെ. റ്റി. തോമസിനെ മെത്രാൻ സ്ഥാനത്തേക്ക് തിരെഞ്ഞെടുത്തു. 1983 മെയ് മാസം 14-ാം തീയതി പരുമല സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ റമ്പാൻ സ്ഥാനം നൽകി. 1985 മെയ് പതിന ബിന് പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് തോമസ് മാർ അത്താനാസിയേസ് എന്ന പേരിൽ എപ്പിസ്ക്കോപ്പയായിഅഭിഷേകം ചെയ്തു തുടർന്നുള്ള ദിവസങ്ങൾ പരുമല സെമിനാരിയിൽ താമസിച്ച് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ ആരാധന കാര്യങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടി. പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ പരിശുദ്ധാത്മ വരപ്രസാദം അനസ്യൂതം പ്രാപിക്കുവാനും ഭാവി പ്രവർത്തനങ്ങൾക്ക് തയ്യാറെ ടുക്കുവാനും പരുമല സെമിനാരിയിലെ ധ്യാനവും പഠനവും സഹായിച്ചു.

1985 ഓഗസ്റ്റ് 1-ന് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ സാരഥിയായി ചുമതലയേറ്റു. 1991 ഒക്ടോബർ 24-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ ദ്വിതീയൻ കാതോലിക്കാബാവാ മെത്രാപ്പോലീത്തായാക്കി.

1985 മുതൽ 1998 വരെയുള്ള ചുരുങ്ങിയ കാലം കൊണ്ട് ചെങ്ങന്നൂർ ഭദ്രാസനം സഭയിൽ പല കാര്യങ്ങളിലും മുൻപന്തിയിലെത്തി. ഭദ്രാസന ത്തിന്റെ ബഹുമുഖ വളർച്ചയ്ക്കുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകി. ഭദ്രാസന ആസ്ഥാനത്ത് അതിമനോഹരമായ ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പടുത്തുയർത്തി. ഓതറ ദയറാ മെത്രാപ്പോലീത്തായുടെ താമസ സ്ഥലമാക്കിത്തീർത്തു. സഭയുടെ എല്ലാ മേഖലകളിലും ചെങ്ങന്നൂർ ഭദ്രാ സനവും, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും നിറഞ്ഞു നിൽക്കുന്നു.

ചെങ്ങന്നൂർ ഭദ്രാസനാധിപൻ, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹ ദോസിന്റെ സെക്രട്ടറി, കാതോലിക്കറ്റ് ആൻഡ് എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ, ഫിനാൻസ് കമ്മറ്റി പ്രസിഡൻറ്, ചർച്ച് അക്കൗണ്ട് കമ്മറ്റി പ്രസിഡൻറ്, ബാലസമാജം പ്രസിഡന്റ്, ഓതറ ദയറായുടെ വിസിറ്റർ ബിഷപ്പ്, ബഥേൽ പ്രതികയുടെ മാനേജിംഗ് എഡിറ്റർ, ചെങ്ങന്നൂർ ആസ്ഥാനമാക്കി യുള്ള മതസൗഹാർദ്ദസമിതി, സംയുക്ത ക്രിസ്തുമസ് എന്നിവയുടെ രക്ഷാ ധികാരി, മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ ആണ് തോമസ് മാർ അത്താനാസിയോസിൽ നിക്ഷിപ്തമായിരിക്കുന്നത്. തിരുമേനി മാവേലിക്കര വടക്കേത്തലയ്ക്കൽ കുടുംബ മഹായോഗത്തി ന്റെ രക്ഷാധികാരിയാണ്.

1998 ഏപ്രിൽ 3ന് അറുപത് വയസ്സ് പൂർത്തിയായ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് മംഗളാശംസകൾ നേരുന്നു. മലങ്കര സഭയേയും മനുഷ്യസമൂഹത്തേയും ഉന്നതങ്ങളിലേക്ക് നയിക്കു വാൻ ദൈവം ആയുസ്സും ആരോഗ്യവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കുഞ്ചാറ്റിൽ ശ്രീ. സി. ഐ. നൈനാൻ
വരിക്കോലിൽ കേശവനുണ്ണിത്താൻ

*

സമുദായമത്സരത്തിന്റെ മത്തുപിടി ച്ച മതിമയങ്ങി ഭ്രാന്തിളകാത്ത നിർമ്മല മനസ്കരാണല്ലോ ഗ്രാമീണരിലേറെപ്പേരും. തറവാടിത്തമുള്ള ക്രിസ്തീയ കുടുംബങ്ങ ളും നായർ കുടുംബങ്ങളും പലേടത്തും നിത്യസുഹൃത്തുക്കളായി അഭേദ്യബന്ധം പുലർത്തിപ്പോരുന്ന കാഴ്ച ആരെയാണ് ആനന്ദിപ്പിക്കാത്തത്. മുള്ളിക്കുളങ്ങര വന്മേലിൽ, വാത്തികുളത്ത് തകിടി, കാങ്കാലിൽ, പള്ളിക്കൽ പുത്തൻപുരയ്ക്കൽ, തണ്ടാനേത്ത്, ചാത്തറ, കറ്റാനത്ത് ഉരുത്തി, ടൗണിൽ കുറ്റിശ്ശേരിൽ, കളിക്കൽ, മേടയിൽ, പോളച്ചിറയ്ക്കൽ, വടക്കേത്തലയ്ക്കൽ, കുഞ്ചാറ്റിൽ തുടങ്ങി .പാരമ്പര്യമുള്ള ഒട്ടേറെ തറവാട്ടുകാരേയും എനിക്കറിയാം

എന്റെ ആത്മാർത്ഥ സുഹൃത്തുക്കളായ സുപ്രശസ്ത നോവലിസ്റ്റ് ശ്രീ പാറപ്പുറത്ത് കെ. ഇ. മത്തായിയും, എക്സ് എം. പി. ശ്രീ. എൻ. അലക്സാ ണ്ടറും മറ്റും വടക്കേത്തലയ്ക്കൽ കുടുംബക്കാരാണെന്നറിയുന്നതിന് വളരെ മുമ്പാണ് എനിക്ക് ആ തറവാടുമായിട്ട് ഉറ്റബന്ധം പുലർത്താനിടയായിട്ടുള്ള ത്. അവിടുത്തെ ഒരു വി. കെ. കൊച്ചുകുഞ്ഞുസാർ ആണ് അതിന് കാരണം. ഞങ്ങൾ ഒരുമിച്ച് വളരെക്കാലം ഒരു സ്കൂളിൽ അദ്ധ്യാപകരായിരുന്നിട്ടുണ്ട്. അന്ന് ഞാൻ അവിടെ കൂടെക്കൂടെ പോകുമായിരുന്നു. മറ്റെങ്ങും ഏറെ കാണാൻ കഴിയാത്തുള്ള ഒരസാമാന്യ യോജിപ്പായിരുന്നു ആ വീട്ടിലെ സഹോദരങ്ങൾ തമ്മിൽ ഞാൻ അന്നു കണ്ടിട്ടുള്ളത്. അവരിൽ എല്ലാം കൊ ണ്ടും പ്രമാണി പാപ്പി സാർ (നൈനാൻ സാർ) ആയിരുന്നു. ബിരുദധാരിയും കലാസാംസ്കാരികരംഗങ്ങളിൽ അതീവതല്പരനും ആദർശസുന്ദരനും ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ സ്വഭാവഗുണം എന്നെ പ്രത്യേകം ആകർഷിച്ചു. അന്ന് അവരുടെ വകയായി പ്രശസ്ത നിലയിൽ നടത്തപ്പെട്ടിരുന്ന ഒരു വായനശാല ഉണ്ടായിരുന്നു. അതിന്റെ നടത്തിപ്പിലും വാർഷി കാഘോഷങ്ങളിലും സജീവമായി ഞാനും പങ്കെടുത്തുപോകാറുണ്ടായിരു ന്നു. അന്ന് പേരെടുത്ത പല പ്രശസ്ത വാഗ്മികളേയും വാർഷിക യോഗ ങ്ങളിൽ പങ്കെടുപ്പിച്ചു പോന്നിരുന്നത് എന്റെ പ്രത്യേക ചുമതലയിൽ ആയി രുന്നു. കോൺഗ്രസ് പ്രവർത്തകൻ, പേരുകേട്ട നിയമസഭാ സാമാജികൻ, "സ്വരാട്ട്"പ്രതാധിപർ ഇങ്ങനെ വിവിധ നിലകളിൽ പ്രശസ്തനായ ശ്രീ. എ. കെ. പിള്ള, ഹാസസാഹിത്യസമ്രാട്ട്, എം. എൽ. എ., മഹാവാഗ്മി ഇങ്ങനെ വിശ്രുതനായ ശ്രീ. ഇ. വി. കൃഷ്ണപിള്ള തുടങ്ങിയ പല സുഹൃത്തുക്കളും അക്കൂട്ടത്തിൽപ്പെടും.

മാവേലിക്കരയെ സംബന്ധിച്ചടത്തോളം എന്റെ ചെറുപ്പത്തിൽ അത്ര ഏറെ പൊതുപ്രവർത്തകർ ഉണ്ടായിരുന്നെന്നു പറഞ്ഞുകൂടാ. ഉണ്ണുനീലി സന്ദേശത്തിന്റെ പഴയ താളുകളിൽ മയങ്ങിക്കിടന്നിരുന്ന തട്ടാരമ്പലത്തെ പുനർജീവിപ്പിച്ച് ഇന്നത്തെ നിലയിലാക്കിയ ശ്രീ. തട്ടാരമ്പലം രാമൻപിള്ള സാർ, വക്കീലന്മാരായ എൻ. ഗോപാലക്കുറുപ്പ്, വെന്നിയിൽ എൻ. പപ്പു പിള്ള, പത്രാധിപർ ശ്രീ. കുര്യൻ, കോമച്ചൻ വീട്ടിൽ നാരായണപിള്ള സാർ ഇങ്ങനെ വിരലിൽ എണ്ണാൻ മാത്രം ആളുകളേ അന്നുണ്ടായിരുന്നുള്ളൂ. അവരുടെ പിൻമുറക്കാരനായിട്ടാണ് നമ്മുടെ കഥാനായകൻ പാപ്പി സാർ മുന്നോട്ടു വന്നിട്ടുള്ളത്. ആലുവാ ക്രിസ്ത്യൻ കോളേജു പ്രിൻസിപ്പലായി രുന്ന ശ്രീ. എ. എം. വർക്കി ആയിരുന്നു അക്കാലത്തെ ഒരു മഹാവാഗ്മി. പെട്ടെന്ന് ദിവംഗതനായ ആ മഹാശയന്റെ സ്ഥാനം നമ്മുടെ പാപ്പി സാർ അചിരേണ സമ്പാദിച്ചു. സഹകരണ പ്രസ്ഥാനത്തിലും രാഷ്ട്രീ യകാര്യങ്ങളിലും മറ്റും ഞാനും ദിവംഗതനായ അറന്നൂറ്റിമംഗലം വേലുപ്പിള്ള സാറും, ഇറവങ്കര എൻ. കുട്ടപ്പൻപിള്ളയും അദ്ദേഹത്തോടൊപ്പം ഇറങ്ങി പ്രവർത്തിച്ചിട്ടുള്ളവരാണ്. സാമുദായികമായും ആത്മീയമായും അക്ഷീണം പ്രവർത്തിച്ചുപോരുന്ന അദ്ദേഹത്തിന്റെ ആദർശശുദ്ധി, ഉല്പതിഷ്ണുത്വം പുരോഗമനാശയം വാഗ്മിത്വം തുടങ്ങിയ മഹാഗുണങ്ങൾ ജനങ്ങളുടെ ആരാധനാപാത്രമായിട്ട് അദ്ദേഹത്തെ ഉയർത്താൻ തുണനിന്നു.

കൂടുതൽ അടുക്കാനും എന്റെ നിസ്തുല്യബഹുമാനം പിടിച്ചുപറ്റാനും ഇടയാക്കിയ ഒരു സംഭവം വിവരിക്കാതെ വയ്യാ. അമ്പലപ്പാട്ട് ദാമോദരനാ ശാൻ നിയമസഭാ സാമാജികനാകാൻ ഒരു സ്ഥാനാർത്ഥിയായി ആദ്യം രംഗ പ്രവേശം ചെയ്ത കാലം; ക്രിസ്ത്യാനികൾ ഒറ്റക്കെട്ടായി എതിർപാളയത്തിൽ എന്ന് പ്രസിദ്ധവുമായി. ഇങ്ങനെ ഇരിക്കെ ഒരു ദിവസം വൈകിട്ട് ആശാനും ഹരിപ്പാട്ട്
റ്റി. എം. വർഗ്ഗീസും കൂടി ശ്രീ. വർഗ്ഗീസിന്റെ കാറിൽ എന്റെ വീട്ടിൽ എത്തി. ഇവരെല്ലാം അന്ന് കൊല്ലം ബാറിലെ

അഭിഭാഷകർ ആയിരുന്നല്ലോ. അന്ന് അവിടെ വക്കീലൻമാരിൽ കാറുള്ളത് ശ്രീ. വർഗ്ഗീസിനു മാത്ര മായിരുന്ന എന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. അവർ എന്നെക്കൂടി കാറിൽ കയറ്റി. നേരെ തുമ്പമൺ എന്ന സ്ഥലത്തേക്കായിരുന്നു. പള്ളിയുടെ പടി ഞ്ഞാറുവശം തെക്കു ഭാഗത്തുള്ള ഒരു വലിയ ഗൃഹത്തിൽ തുമ്പമൺ അവി നാദാരുടെ (തെക്കെ വീട്ടിൽ) കയറി ചെന്ന് കാര്യം ഗൃഹനാഥനെ ശ്രീ. വർഗ്ഗീസ് ധരിപ്പിച്ചു. അദ്ദേഹം അനുകൂലിച്ചു. ആ രാത്രിതന്നെ നാലഞ്ചാ ളുകളെ കൂടി കണ്ടിട്ടേ പോകാവൂ എന്ന് വർഗ്ഗീസ് വക്കീലിനെ അദ്ദേഹം നിർബന്ധിച്ചു. അതിന് എന്നെയും വാര്യരെയും കൂടി അവിടെ താമസിപ്പി ക്കേണ്ട ആവശ്യമി ല്ലെന്ന് കണ്ടിട്ട് വാര്യരെ ഹരിപ്പാട്ട് അയക്കാനും എന്നെ കുഞ്ചാറ്റിൽ കാരുടെ മനോഗതി മനസ്സിലാക്കാൻ വഴുവാടിക്കയയ്ക്കാനും തീമാനിച്ചു. അപ്പോൾത്തന്നെ ഞങ്ങളെ കാറിൽ പടിഞ്ഞാറോട്ടയച്ചു. ഞാ നും കുഞ്ചാറ്റിൽ കാരുമായുള്ള ബന്ധം ആശാനും ശ്രീ. വർഗ്ഗീസിനും അറിയാ മായിരുന്നു. ശ്രീ. വാര്യരുവക്കീലിനെ ഹരിപ്പാട്ടു കൊണ്ടുവിട്ടിട്ട് വന്നപ്പോ ഴേക്ക് എന്റെ ദൗത്യം ഞാൻ ഭംഗിയായി നിർവഹിച്ചു കഴിഞ്ഞിരുന്നു. എനി ക്കതിൽ ഒരു പ്രയാസവും ഉണ്ടായില്ല. ഉല്പതിഷ്ണുക്കളിൽ ഉല്പതിഷ്ണു വായ ശ്രീ. പാപ്പിസാർ ആശാനെ ജയിപ്പിക്കാൻ ഏതു ത്യാഗം സഹിക്കാനും സന്നദ്ധനായി മുന്നോട്ടിറങ്ങൻ തീരുമാനിച്ച വിവരം ആണ് എന്നെ അറിയ ച്ചത്. യോജിപ്പേറിയ അദ്ദേഹത്തിന്റെ സഹോദരന്മാരും അതിനെ സസ ന്തോഷം പിന്താങ്ങുകതന്നെ ചെയ്തു. അന്നുമുതൽ അവർ അരംഗത്ത് ഇറങ്ങി അശ്രാന്തം പരിശ്രമിക്കുകയും സാരമായ ഫലം കൈവരിക്കുകയും ചെയ്തു. ക്രിസ്ത്യാനികളുടെ ബഹുഭൂരിപക്ഷം വോട്ടോടെ ആശാൻ അന്നു വിജയിക്കാൻ കാരണം മറ്റൊന്നല്ല.

ഈ നൈനാൻ സാറിന്റെ കുട്ടിക്കാലത്തെ ഓമനപ്പേരായിരുന്നു പാപ്പി. മാതൃഗൃഹമായ ആറാട്ടുപുഴ ഐക്കരമലയിൽ കൊച്ചാലമ്പലയ്ക്കലിൽ 1898 ഒക്ടോബർ രണ്ടിന് ആണ് അദ്ദേഹം ഭൂജാതനായത്. കുഞ്ചാറ്റിൽ ഇടിച്ചാ ണ്ടിയുടെയും അന്നമ്മയുടേയും പ്രഥമ സന്താനമായിട്ടാണ് ജനനം. ചാക്കോ, സഖറിയ എന്നു രണ്ടു സഹോദരൻമാരും കുഞ്ഞമ്മ എന്ന് ഒരു സഹോദരി യും പിന്നീട് ഉണ്ടായി. ബാല്യകാലജീവിതം ഈ സഹോദരീ സഹോരന്മാരു മൊത്ത് പരമാനന്ദസുന്ദരമായി കഴിച്ചുകൂട്ടി. മറ്റു കുട്ടികളേക്കാൾ എല്ലാ കാര്യത്തിലും ഒരടുക്കും ചിട്ടയും കണിശവും മറ്റും നമ്മുടെ കഥാനായകനിൽ കാണാമായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം വഴുവാടി പ്രൈമറിസ്കൂളിലും ഇംഗ്ലീഷ് വിദ്യാ ഭ്യാസം ബി.എച്ച്. ഹൈസ്കൂളിലുമാണ് അദ്ദേഹം നടത്തിയത്. എങ്ങും തോൽക്കാതെ പഠിച്ച ശ്രീ. പാപ്പി ഇൻറർ മീഡിയേറ്റിന് കോട്ടയം സി. എം എസ്. കോളജിലും ബി. എ. യ്ക്ക് മദ്രാസ് ക്രിസ്ത്യൻ കോളജിലും പഠിച്ചാണ ഡിഗ്രി എടുത്തത്. തുടർന്ന് എൽ. റ്റി. ബിരുദവും സമ്പാദിച്ചു. ഇതിനകം പതിന്നാലാം വയസ്സിൽ കായംകുളം പരത്തിമൂട്ടിൽ ശ്രീമതി. ശോശാമ്മയെ കല്യാണം കഴിച്ചു. അവരുടെ ദാമ്പത്യജീവിതം ആദ്യവസാനം സൗഭാഗ്യ സമ്പൂർണ്ണമായിരുന്നു. സി. എൻ. അലക്സാണ്ടർ, സി. എൻ. മാത്യു, അമ്മിണി, ജേക്കബ് സി. നൈനാൻ ഇത്രയും സന്താനങ്ങളാണ് അവർക്കുള്ളത്.

ഇവരിൽ അമ്മിണിയും അലക്സണ്ടറും ഇന്നു ജീവിച്ചിരിപ്പില്ല. ബാക്കി പ്പേർ എല്ലാം ഇന്ന് ഏറ്റവും നല്ലനിലയിൽ സർവ്വജനസമ്മതന്മാരായി സസുഖം കഴിയുന്നുമുണ്ട്. സത് സന്താനലാഭം ഒന്നുകൊണ്ടു മാത്രമറിയാവുന്നതാണ് മാതാപിതാക്കളുടെ മനോഗുണം. അതിനുള്ള ശരിയായ അളവുകോൽ വേറെ ഒന്നുംതന്നെ ഇല്ല. നല്ലവരെന്നു ഭാവിച്ചുപോരാറുള്ള പല വലിയ ആളുകളു ടേയും സന്താന ങ്ങൾ പിഴച്ചുപോവാറുള്ളത് നാം കാണാറുണ്ടല്ലോ. അതി നുള്ള കാരണവും മുൻ വിവരിച്ചതു തന്നെ.

പാപ്പി സാറിന്റെ കുട്ടിക്കാലത്ത് അന്ത്യോഖ്യായുടെ പാത്രിയർക്കീസായ അബ്ദുൾ മശിഹാ മലങ്കര വന്നപ്പോൾ പുതിയകാവ് പള്ളിയും സന്ദർശിച്ചു. അന്ന് ഒന്നാം ഫാറത്തിൽ പഠിച്ചിരുന്ന പാപ്പിയെ പ്രത്യേകം അനുഗ്രഹിച്ച തായി പലരും പറഞ്ഞറിയാം. അതുകൊണ്ടാവാം തോൽവിയുടെ രുചി അറി യാതെ തന്നെ ഡിഗ്രി എടുക്കാനിടയായതെന്ന് കരുതാം.

അദ്ദേഹത്തിന്റെ അദ്ധ്യാപകജീവിതം ബി. എച്ച്. ഹൈസ്കൂളിലാണ് ആരംഭിച്ചത്. അവിടെ മുപ്പതുകൊല്ലം ഉത്തമ അദ്ധ്യാപകനായി കഴിഞ്ഞു കൂടിയ അദ്ദേഹത്തെ കുണ്ടറ എം. ജി. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി പരിശുദ്ധ കാതോലിക്കാ ബാവാ ഗീവറുഗീസ് ബസ്സേലിയോസ് ബാവാ യുടെ പ്രത്യേക സംതൃപ്തി മൂലം നിയമിതനായി. തുടർന്ന് തഴക്കര എം. എസ്സ് എസിൽ പ്രഥമാദ്ധ്യാപകനായി പേരെടുക്കാനും കുട്ടികളുടേയും നാട്ടു കരുടേയും മതിപ്പ് പിടിച്ചുപറ്റി അവരുടെ കണ്ണിലുണ്ണിയായി കഴിയാനും അദ്ദേ ഹത്തിനൊരു പ്രയാസവും ഉണ്ടായില്ലെന്നുള്ളതാണ് വാസ്തവം.

സ്കൂൾ കാര്യങ്ങൾ നിർവിഘ്നം നിറവേറ്റിപ്പോരുന്നതിൽ ബദ്ധശ്ര ദ്ധനായിരുന്ന നൈനാൻ സാർ തനിക്ക് കിട്ടുന്ന വിശ്രമവേളകൾ ഒരിക്കലും പാഴാക്കിയിരുന്നില്ല. സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും നിസ്വാർത്ഥ സേവനം നടത്തിപ്പോന്നു. അനവധി മഹായോഗങ്ങളിൽ പ്രാസംഗികനായി പോകാനും പ്രത്യേകം ശ്രുഷ്കാന്തി

കാണിച്ചിരുന്നു.

വലിയമഠത്തിൽ വീരമണി സ്വാമിയുടെ മഠത്തിൽ പിറന്നു. വീണ മാവേ ലിക്കര 708-ാം നമ്പർ താലൂക്ക് ബാങ്കിന്റെ (അർബൻ ബാങ്ക്) വളർച്ചയ്ക്കും
നിലനിൽപ്പിനും വേണ്ടി ഞങ്ങളോടൊപ്പം അക്ഷീണ പരിശ്രമം ചെയ്ത സഹകാരികളിൽ മുൻനിന്ന് പ്രവർത്തിച്ച ഒരു ത്യാഗധനൻ ആയിരുന്നു നൈനാൻ സാർ.

വേദശാസ്ത്രപണ്ഡിതൻ. മാതൃകദ്ധ്യാപകൻ, മഹാവാഗ്മി, ഉത്തമ സഹകാരി, ആത്മീയവാദി, സമുദായസ്നേഹി, രാഷ്ട്രീയ പ്രവർത്തകൻ, സ്വദേശഭക്തൻ എന്നിങ്ങനെ ഏതേതു നിലകളിലാണ് അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത് അതിനെക്കുറിച്ചെല്ലാം ചുരുങ്ങിയ തോതിൽ പറഞ്ഞാലും ഒരു വലിയ പുസ്തകം തന്നെ എഴുതേണ്ടിവരും. അതിനാൽ ഞാൻ അതിനൊരുങ്ങുന്നില്ല. പറച്ചിലും പ്രവർത്തിയും തെല്ലും പൊരുത്ത പ്പെടാത്ത പൊതുകാര്യപ്രസക്തർക്കിടയിൽ നൈനാൻ സാർ ഒരത്ഭുത പ്രതിഭാസമായിത്തന്നെ പ്രശോഭിച്ചു. തന്റെ ആദർശ ശുദ്ധികൊണ്ട് അദ്ദേ ഹം ജനങ്ങൾക്കിടയിൽ നിത്യാരാധ്യനായി ജീവിക്കാനായി. 1965 ഡിസം ബർ ഏഴാം തീയതി അറുപത്തിയേഴാം വയസ്സിൽ ആണ് അദ്ദേഹം ദിവംഗത നായത്. അടക്ക ശുശ്രൂഷയിലും അനുശോചനയോഗത്തിലും ഞാനും സംബ ന്ധിച്ചിരുന്നു. നിരുദ്ധകണ്ഠരായിട്ടല്ലാതെ അന്നവിടെ കൂടിയ പുരുഷാര ത്തിൽ ആരും ഉണ്ടായിരുന്നില്ല. അവരുടെ വികാരവിക്ഷോഭം ഞാൻ നേരിട്ടു കണ്ടതാണ്. അതാർക്കും മറക്കാൻ ഒക്കാത്തതുമാണ്. അത്ര വലുതായിരു ന്നു ആ മഹാശയന്റെ മഹത്വം. അടക്കശുശ്രൂഷയിൽ പരിശുദ്ധ ഔഗേൻ ബാവാ, തോമാ മാർ ദീവന്നാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ് തുടങ്ങിയ വൈദിക ശ്രേഷ്ഠന്മാരും ഒട്ടേറെ പട്ടക്കാരും സംബന്ധിച്ചിരുന്നു. ആ പുണ്യാത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് ഞാൻ തല്ക്കാലം വിര മിക്കട്ടെ.

(കുഞ്ചാറ്റിൽ ശ്രീ. സി. ഐ. നൈനാന്റെ സുഹൃത്തും സുപ്രസിദ്ധ കവിയുമായ ശ്രീ. വരിക്കോലിൽ കേശവനുണ്ണിത്താൻ നമ്മുടെ പല കുടും ബാംഗങ്ങളുടെയും സുഹൃത്താണ്.

- ചീഫ് എഡിറ്റർ)

കെ. ഇ. മത്തായി
പാറപ്പുറത്ത്



## സർഗ്ഗധനനായ സാഹിത്യകാരൻ

റവ. ഡോ. മാത്യു ദാനിയേൽ

മലയാള സാഹിത്യത്തിൽ ഒരു പരിവർ ത്തനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന എഴുത്തു കാരനാണ് പാറപ്പുറത്ത് കെ. ഈ. മത്തായി (1924-1981) നവോത്ഥാന കാല ത്തിൽ നിന്നും ആധുനികതയിലേക്കുള്ള പരിവർത്തനത്തിന്റെ ഘട്ടം. അദ്ദേഹത്തി സാഹിത്യജീവിതം സമ്പന്നമായിരുന്നു. ഇരുപത് നോവലുകൾ പതിന്നാല് കഥാ സമാഹാരങ്ങൾ, വെളിച്ചം കുറഞ്ഞ വഴികൾ (നാടകം), മരിക്കാത്ത ഓർമ്മകൾ (സ്മരണ) സമാഹരിക്കപ്പെടാത്ത ഏതാനും ലേഖനങ്ങൾ, കുറിപ്പുകൾ - എന്നിവയാണ് പാറപ്പുറത്തിന്റെ സാഹിത്യസംഭാവനകൾ.

മധ്യതിരുവിതാംകൂറിലെ ഒരു ഗ്രാമത്തിലാണ്, പാറപ്പുറത്തിൻറ ജനനം-മലേവിക്കരയ്ക്കടുത്ത് കുന്നം ഗ്രാമത്തിൽ മാവേലിക്കരയോട് ചേർന്നു കിടക്കുന്ന ഭാഗങ്ങൾ "ഓണാട്ടുകര' എന്ന പേരിലാണ്, അക്കാലത്ത് അറിയപ്പെട്ടിരുന്നത്. അച്ചൻകോവിലാറിന്റെ തീരത്ത്, പാടങ്ങളും കൃഷി പറമ്പുകളും കൊണ്ടു സമ്പന്നമായ ഗ്രാമത്തിൽ പാറപ്പുറത്തിന്റെ ജാതകം എഴുതപ്പെട്ടു. ഗ്രാമത്തിന്റെ മുക്കും മൂലയും എല്ലുകക്കല്ലുകൾ പോലെ പാറപ്പുറത്തിന്റെ മനസ്സിൽ എഴുന്നു നില്ക്കുന്നുണ്ട്. കളങ്കരഹിതമായ വിസ്മയത്തോടെ കാണുകയും കേൾക്കുകയും പങ്കുചേരുകയും ചെയ്ത ജീവിതാനുവങ്ങൾ പാറപ്പുറത്തിന്റെ സാഹിത്യരചനകളിൽ നിറഞ്ഞു നിൽക്കുന്നു.

പത്തൊൻപതാമത്തെ വയസ്സിൽ 1944-ൽ മിലിട്ടറി സർവ്വീസിൽ ചേർന്നു. ജീവിതം വഴിമുട്ടി നിന്നപ്പോൾ മിലിട്ടറിയിൽ അഭയം തേടേണ്ടിവന്ന യുവാവ് പാറപ്പുറത്തിന്റെ ആദ്യകാല കഥകളിലും നോവലുകളിലെയും കഥാപാത്രമാകുന്നുണ്ട്. സാഹിത്യപരിശ്രമങ്ങൾക്കു തുടക്കം കുറിക്കുന്നത് ഈ ഘട്ടത്തി ലാണ്. ചെറുകഥാകാരനായിട്ടായിരുന്നു, അരങ്ങേറ്റം. പിന്നെ നോവലുകൾ രചിച്ചു തുടങ്ങി. മിലിട്ടറി സർവ്വീസിൽ കഴിയുന്ന ഘട്ടത്തിൽ തന്നെ, പാറപ്പുറ ത്തിന്റെ പ്രസിദ്ധ നോവലുകൾ പലതും വെളിച്ചം കണ്ടു. 1965-ൽ മിലിട്ടറി യിൽ നിന്ന് പിരിഞ്ഞു. നാട്ടിൽ തിരിച്ചെത്തി രണ്ടു വർഷം കൊണ്ട് രചിച്ച താണ് "അരനാഴികനേരം' എന്ന പ്രഖ്യാത നോവൽ.

പാറപ്പുറത്തിന്റെ സാഹിത്യജീവിതത്തിൽ ഒരു വഴിത്തിരിവ് സൂചി പ്പിക്കുന്ന ഘട്ടവും ഇതാണ് - ചലച്ചിത്ര രംഗവുമായി ബന്ധപ്പെട്ടത്. രണ്ടു നോവലുകൾക്കു ചലച്ചിത്രരംഗം പ്രമേയമാവുകയും ചെയ്തു (പ്രയാണം, ധർമ്മസങ്കടം). മാത്രമല്ല, പാറപ്പുറത്തിന്റെ ആക്കാലത്തെ ഇതര നോവ ലുകളുടെ ഭാവരൂപശില്പങ്ങളെ ചലച്ചിത്രസങ്കേതം ഗണ്യമായി സ്വാധീനി ക്കുകയും ചെയ്തു. പാറപ്പുറത്തിന്റെ പിൽക്കാല രചനകളിൽ ശ്രദ്ധേയ മായിട്ടുള്ളത് "ആകാശത്തിലെ പറവകൾ' എന്ന ബൃഹത് നോവലാണ്.

സമ്പന്നമായ സാഹിത്യജീവിതത്തിന് തിരശ്ശീല വീണു.

നവോത്ഥാനകാല സാഹിത്യകാരന്മാരുടെ പൈതൃകമാണ്, പാറപ്പുറ ത്തിന്റേത്. ജീവിതത്തെ യാഥാർത്ഥ്യനിഷ്ഠമായി സമീപിക്കുകയും സമാവിഷ്കരിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിന്റെ മരണമില്ലാത്ത സാരാംശമായിരുന്നു, ഈ പൈതൃകം. പരിചിത മേഖലയിൽ നിന്ന് അനു ഭവങ്ങൾ ആദാനം ചെയ്ത് കഥാഖ്യാനം ചെയ്തു പാറപ്പുറത്ത്. ജനിച്ചു വളർ ന്ന നാട്ടിൻപുറത്ത് നിന്നും ഇടത്താവളങ്ങളായ സൈനിക ജീവിതത്തിൽ നിന്നും ചലച്ചിത്ര ലോകത്തിൽ നിന്നുമാണ് പാറപ്പുറത്ത് കഥയും കഥാ പാത്രങ്ങളും കണ്ടെടുത്തത്. പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും യാഥാർത്ഥ്യബോധം പരമാവധി പുലർത്തുകയും ചെയ്തു. യാഥാർത്ഥ്യ നിഷ്ഠമായ ജീവിതാവിഷ്കരണമാണ്, പാറപ്പുറത്തിനെ നവോത്ഥാന കാല സഹിത്യപാരൃമ്പരത്തോടെ വിളക്കിചേർക്കുന്നത്.

ജീവിതദർശനത്തിന്റെ കാര്യത്തിലാവട്ടെ, ആധുനികരോടാണ് പാറപ്പുറത്തിന് അടുപ്പം. ജീവിതത്തോട് ഉദാരവും പ്രതീക്ഷാനിർഭരവുമായ സമീപനമായിരുന്നു. നവോത്ഥാനകാലികൾക്ക് ഉണ്ടായിരുന്നത്. എന്നാൽ പാറപ്പുറത്തിന്റെ ദർശനം ദുരന്തബോധത്തെ അധിഷ്ഠാനമാക്കുന്നു. മാനുഷ്യകത്തിന്റെ ദുരന്തത്തെ ഉള്ളടക്കുന്നവയാണ്, പാറപ്പുറത്തിന്റെ പ്രഖ്യാത നോവലുകളെല്ലാം. ജീവിതത്തിന്റെ ആത്യന്തിക വ്യർത്ഥതയെ ക്കുറിച്ചുള്ള അവബോധമാണല്ലോ, ആധുനിക കൃതികളെ ഭരിക്കുന്നത്. ദുരന്തബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഈ വ്യർത്ഥതാബോധം "അര നാഴികനേര'ത്തിലും "വഴിയമ്പലത്തിലും "ആകാശത്തിലെ പറവകളിലും ശക്തമായി അനുഭവപ്പെടുന്നു. അങ്ങനെ മലയാള സാഹിത്യത്തിൽ നവോ ത്ഥാനഘട്ടത്തിന്റെ ഉത്തരാർത്ഥത്തിൽ നിന്ന് നവീന ഭാവുകത്തത്തിലേ യ്ക്കുള്ള സംക്രമണത്തെയാണ്, പാറപ്പുറത്തിന്റെ കൃതികൾ പ്രതിനിധീ കരിക്കുന്നത്.

നവോത്ഥാനകാലത്തെ മിക്ക എഴുത്തുകാരെയും പോലെ ചെറുകഥാ കൃത്തായിട്ടാണ് സാഹിത്യ രംഗത്ത് പാറപ്പുറത്തിന്റെ അരങ്ങേറ്റം എന്നു പറഞ്ഞുവല്ലോ. പട്ടാള ജീവിതാനുഭവങ്ങളാണ്, അവയിലെ പ്രതിപാദ്യം "പട്ടാളക്കാഥികൻ' എന്ന

വിശേഷണം ചാർത്തിക്കാട്ടാനും പിന്നെ വൈകി യില്ല! ആദ്യകാല കഥകളിലെല്ലാം ഒരു പട്ടാളക്കാരന്റെ ജീവിതമുണ്ട്, ഒരു പക്ഷേ, അയാൾ വക്താവായിരിക്കാം, അല്ലെങ്കിൽ കഥാപാത്രമായിരിക്കാം. പട്ടാള ജീവിതത്തിൽ അടുത്ത പരിചയപ്പെട്ട ഓരോ വ്യക്തിയും കഥാപാത്ര മായി. അവരിൽ പാറപ്പുറത്ത് കണ്ടത് വേദനിക്കുന്ന സ്വന്തം മുഖമാണ്. അന്വേഷിച്ചിട്ടും കണ്ടെത്താത്ത സഹോദരിയിലും, പണിതീരാത്ത വീടിന്റെ കൽത്തറയിൽ നഷ്ടസ്വപനങ്ങൾക്ക് കാവലിരിക്കുന്ന സുഹൃത്തിലും എല്ലാം സ്വന്തം മുഖം തിരിച്ചറിഞ്ഞു. പട്ടാളബാരക്കുകളിൽ ജീവിക്കാൻ വിധിക്ക പ്പെട്ടവരുടെ ജീവിതവും നാട്ടിൻപുറത്തെ ജീവിതവും ഊട്ടും പാവുമായി ഇണക്കി അദ്ദേഹം കഥകൾക്ക് രൂപം നല്കി. ഇടത്തരം കുടുംബങ്ങളുടെ പ്രാരാബ്ധങ്ങൾ സ്വന്തം സ്വപ്നങ്ങൾ ത്യജിക്കാൻ നിർബ്ബന്ധിതരാകുന്ന യുവാക്കന്മാർ, ബാല്യകാല സ്നേഹത്തിന്റെ തിക്തമധുരമായ സ്മരണ കൾ ഉള്ളിലൊതുക്കി ജീവിതത്തിന്റെ പരുക്കൻ വഴിത്താരയിലൂടെ നട ക്കാൻ വിധിക്കപ്പെട്ട യുവതികൾ - എല്ലാം ആ കഥകൾക്കു വിഷയമായി. "ഒരു കൊച്ചനുജനെക്കുറിച്ച്', 'ചുഴലിക്കാറ്റിനും തീബോംബിനുമിടയിൽ, "ഒന്നുറങ്ങാൻ കഴിഞ്ഞെങ്കിൽ', "ആദ്യത്തെ പ്രേമലേഖനം', 'ഒരു ഫാമിലി ക്കാരൻ' തുടങ്ങിയ കഥകൾ പട്ടാള ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഏടുകളാണ്.

പാറപ്പുറത്തിന്റെ സിദ്ധിയും സാധനയും സാഫല്യം നേടുന്നത്, നോവൽ രചനയിലാണ്. ഇരുപത് നോവലുകൾ രചിച്ചിട്ടുണ്ട്, പാറപ്പുറത്ത് - നിണ മണിഞ്ഞകാല്പാടുകൾ' മുതൽ കാണാപ്പൊന്ന് വരെ (അവസാനത്തെ കൃതി അപൂർണ്ണമാണ്) അവയിൽ നിണമണിഞ്ഞ കാല്പാടുകൾ, പണി തീരാത്തീവട്,അരനാഴികനേരം, ആകാശത്തിലെ പറവകൾ എന്നീ കൃതികൾ മലയാള നോവൽ പ്രസ്ഥാനത്തിന് ലഭിച്ച മികച്ച ഈട് വെപ്പുകൾ തന്നെ. പാറപ്പുറത്ത് എന്ന നോവലിസ്റ്റ് അടിസ്ഥാനപരമായി കാല്പനികനാണ്. രചയിതാവിന്റെ അപരോക്ഷസാന്നിദ്ധ്യമാണ് നോവലുകളെ കാല്പനിക മാക്കുന്ന പ്രധാന ഘടകം. കാല്പനികൻ സ്വാനുഭവങ്ങളെ സാക്ഷി യാക്കിയാണ്, ജീവിതത്തെ അറിയുകയും ആവിഷ്ക്കരിക്കുകയും ചെയ്യുന്നത്. പാറപ്പുറത്ത് അനുഭവസീമയിൽ നിന്ന് അകലുന്നില്ല. എല്ലാ നോവലുകളിലും അദ്ദേഹത്തിന്റെ സാന്ധിദ്ധ്യം ഏറിയോ കുറഞ്ഞോ ഉണ്ട്.' നിണമണിഞ്ഞ കാല്പാടുകളിലെ മാത്യു പാറപ്പുറത്ത് എന്ന കെ. ഈ. മത്തായി തന്നെ. "അന്വേഷിച്ചു കണ്ടെത്തിയില്ല' എന്ന നോവലിലെ സൂസമ്മയുടെ ആത്മ വത്തയും മാത്യുവിന്റേതു തന്നെയാണ്. "പണിതീരാത്ത വീട്ടിലെ ജോസിൽ നാം വീണ്ടും പാറപ്പുറത്തിന്റെ മുഖം തിരിച്ചറിയുന്നു.

പാറപ്പുറത്തിന്റെ മാസ്റ്റർപീസാണ്, "അരനാഴികനേരം', അദ്ദേഹ ത്തിന്റെ സർഗ്ഗാത്മകവ്യക്തിത്വം (Writing Self) പൂർണ്ണതയിലെത്തുന്നത്, "അരനാഴിക നേര'ത്തിലാണ്. നോവലിസ്റ്റിന്റെ ജീവിതവുമായി ഗാഢമായ ബന്ധമുണ്ട്, അതിന്റെ പ്രമേയത്തിന്. പാറപ്പുറത്തിന്റെ വാക്കുകൾ.


"കുഞ്ഞേനാച്ചൻ കുറെക്കാലമായി എന്റെ മനസ്സിന്റെ ഉമ്മറത്ത് പായ് വിരിച്ചു ഒരു പച്ചക്കമ്പിളി പുതച്ചുകിടക്കുന്നു. പരിഷ്കാരവും പ്രതാപ വുമുള്ള പലരും ഇതിനിടെ ഇവിടെ വന്നുപോയി. അവരെയൊക്കെ സ്വീ കരിച്ചു സൽക്കരിക്കുമ്പോഴും ഓർമ്മ കുഞ്ഞനാച്ചനോടൊപ്പമായിരുന്നു. മറക്കുന്നതെങ്ങനെ? തിരിച്ചറിവായ നാൾ തൊട്ട് പലപേരിലും പലരൂപ ത്തിലും ഈ കഥാപാത്രം എന്റെ ജീവിതവുമായി അഭേദ്യമായ ബന്ധം പുലർത്തിപ്പോന്നിട്ടുണ്ട്. ഒരു തലമുറയുടെ ഇങ്ങേയറ്റത്തെ കണ്ണിയാണ്, കുഞ്ഞേനാച്ചൻ

വിവിധമാനങ്ങളുള്ള നോവലാണ്, "അരനാഴികനേരം'. കഥാപാത്ര പ്രധാനമായ നോവലാണിത്. അതേ അവസരത്തിൽ ഒരു കുടുംബകഥയു മാണ്; ഒപ്പം ഒരു സമൂഹത്തിന്റെ കഥയും. തൊണ്ണൂറ് കഴിഞ്ഞ പനച്ചമൂട്ടിൽ കുഞ്ഞേനാച്ചനാണ്, കേന്ദ്രബിന്ദു. ദീർഘമായ ജീവിതയാത്രയുടെ അന്ത്യത്തിൽ, ഗതകാലസ്മരണകളുമായി കഴിയുകയാണ്, കുഞ്ഞോനാച്ചൻ. സാധരണക്കാരിൽ സാധാരണക്കാരനായ കുഞ്ഞനാച്ചന്റെ ജീവിത തത്ത്വശാസ്ത്രത്തിന്റെ ഭൂമിക, സമ്പന്നമായ ജീവിതാനുഭമാണ്. ഒപ്പം വിശുദ്ധ വേദഗ്രന്ഥത്തിലെ പതിരില്ലാത്ത വചനങ്ങളും. ജീവിത സായാഹ്ന ത്തിൽ കാണുന്നതും കേൾക്കുന്നതുമെല്ലാം സ്വാസ്ഥ്യം കെടുത്താൻ പോന്നവയാണ്. കുടുംബത്തിലെ നന്മയുടെ സൂര്യൻ കെട്ടടങ്ങുന്നതായി വൃദ്ധൻ അറിയുന്നു. അതുകൊണ്ട് ശേഷിക്കുന്ന അരനാഴികനേരം സ്വസ്ഥ മായി തികയ്ക്കാനാവാതെ മരണം പൂകുന്നു. മധ്യതിരുവിതാം കൂറിലെ ക്രൈസ്തവ ജീവിതത്തിന്റെ അടരുകൾ അന്വേഷിക്കുന്നു, പാറപ്പുറത്ത് ഈ നോവലിലൂടെ. പാറപ്പുറത്തിന്റെ കൃതികളുടെ, വിശേഷിച്ച് നോവലുകളുടെ, രൂപപരവും ഭാവപരവുമായ സവിശേഷതകൾ അഭിവീക്ഷിക്കുമ്പോൾ, ക്രൈസ്തവ സങ്കല്പങ്ങളോടും ബൈബിളിനോടുമുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യം സുവ്യക്തമാകുന്നു. ദർശനത്തിലും ആവിഷ്കരണശൈലി യിലും ബൈബിളിന്റെ സ്വാധീനം പ്രകടമാണ്. കഥയും കഥാപാത്രങ്ങളും ആവിഷ്ക്കരണോപാധികളും ബൈബിളിനോട് ആത്മനിഷ്ഠമായി ബന്ധ പ്പെട്ടിരിക്കുന്നു. ബൈബിളിന്റെ പദവിന്യാസക്രമം ആദ്യകാല കഥന ശൈലിയുടെ ലാളിത്യവും ആർജവവുമാണ്. ഗ്രാമീണ ജീവിതത്തിൻറ വ്യവാഹാരഭാഷ ആഖ്യാനഭാഷയ്ക്കു അനുപൂരകമാകുന്നു. പിൽക്കാല നോവലുകളിൽ ബൈബിളിലെ കാവ്യാത്മക ഖണ്ഡങ്ങളുടെ സ്വാധീനത പ്രകടമാണ്. "അരനാഴികനേര'ത്തിലാകട്ടെ, അതിസാധാരണമായ ഒരു ജീവി തോദന്തത്തിന് ഭൗതികാതീതമായ മാനം നല്കുന്നത്

ബൈബിളിന്റെ ഈ ഭാഷാസാന്നിദ്ധ്യമാണ്.

ഇങ്ങനെ, അനുഭവപശ്ചാത്തലത്തിൽ മനുഷ്യാവസ്ഥയെ പാറപ്പുറത്ത് സമീക്ഷിക്കുകയും സമാവിഷ്ക്കരിക്കുകയും ചെയ്യുന്നു. ജെയ്ൻ ഓ നെപ്പോലെ ഇടത്തരക്കാരുടെ ഗാർഹിക ജീവിതത്തിലെ സാധാരണ സംഭവങ്ങളാണ്, പാറപ്പുറത്തിന്റെ കൃതികളിൽ നിറഞ്ഞു നില്ക്കുന്നത്. വിശ്വാസ്യത ഭഞ്ജിക്കാതെ അതിസാധാരണമായ ജീവിതാനുഭവങ്ങളെ ആവിഷ്ക്കരിച്ച്, മാനുഷ്യകത്തിന്റെ ദുരന്തസമസ്യകളെ നേരിടുന്ന പാറ പ്പുറത്തിന്റെ കൃതികൾക്ക് - വിശേഷിച്ച് നോവലുകളുടെ ശില്പത്തിനും ദർശനത്തിനും -- മൗലികത്വമുണ്ട്; കലാത്മകത്വമുണ്ട്. അതുകൊണ്ടു തന്നെ അവ കാലാതിവർത്തിയുമാണ്.

ശ്രീ. എൻ. അലക്സാണ്ടർ ധീരനായ സ്വാതന്ത്ര്യ സമര പോരാളി



എം. മുരളി എം. എൽ. എ.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ രണാ ങ്കണത്തിൽ കത്തിജ്വലിച്ച നിന്ന തലമുറയി ലെ ഉജ്ജ്വല താരമായിരുന്ന ശ്രീ. എൻ. അലക്സാണ്ടർ. തിരുവിതാംകൂറിലെ ത്രിമൂർ ത്തികളിൽ പ്രമുഖനായിരുന്ന ശ്രീ. ടി. എം. വർഗീസിന്റെ കാലടിപ്പാടുകൾ പിന്തുടർന്നു കൊണ്ട് ദേശീയ സ്വാതന്ത്ര്യ സമരരംഗത്തിറ ങ്ങിയ അലക്സാണ്ടർ സാർ വിദ്യാർത്ഥിയാ യിരിക്കെ തന്നെ പോലീസ് മർദ്ദനങ്ങൾക്കും ജയിൽ വാസത്തിനും വിധേയനായി. അധികാ

രം അങ്ങ് അകലെപ്പോലും സ്വപ്നം കണ്ടിട്ടില്ലാത്ത അലക്സാണ്ടർ സാറി ന്റെ യുവത്വം സ്വാതന്ത്ര്യ സമരത്തിനു സമർപ്പിക്കപ്പെട്ടതായിരുന്നു.

സ്വാതന്ത്ര്യ സമരത്തെ ഒളിഞ്ഞും തെളിഞ്ഞും ഒറ്റുകൊടുക്കുകയും ബ്രിട്ടീഷുകാരുടെയും, ദിവാന്മാരുടെയും പിണിയളുകളായി മാറി ജനവഞ്ചന നടത്തുകയും ചെയ്ത പലരും പിന്നീട് സ്വാതന്ത്ര്യസമരത്തിന്റെ ചരിത്ര ത്താളുകളിൽ സ്ഥാനം പിടിച്ചപ്പോഴും നിസ്വാർത്ഥതയോടെ ദേശീയ പ്രസ്ഥാനത്തിനായി എല്ലാം അർപ്പിച്ച അലക്സാണ്ടർ സാറിനെപ്പോലെ യുള്ളവരെ സ്വാതന്ത്ര്യാനന്തര തലമുറ വേർതിരിച്ചറിയുകയും, ആദരിക്കു കയും ചെയ്തുവെന്നത് കേരളീയരുടെ പ്രബുദ്ധതയ്ക്കും ദേശീയബോധ ത്തിനും നിദർശനമാണ്.

അലക്സാണ്ടർ സാറിന്റെ സമകാലികരിൽ നിന്നും, അദ്ദേഹം സ്വാത ന്ത്ര്യ സമരത്തിൽപ്പെട്ട് അനുഭവിച്ച ത്യാഗങ്ങളെയും, മർദ്ദനങ്ങളേയും പറ്റി അറിഞ്ഞപ്പോൾ ആവേശത്തോടെയും, അതിലധികമായ അഭിമാനത്തോടെ യുമാണ് പുതിയ തലമുറയിൽപ്പെട്ട എന്നെപ്പോലെയുള്ളവർ സാറിനെ മനസ്സിലാക്കിയത്.
പോലീസ് മർദ്ദനങ്ങൾ എൽമ്പോഴും മാപ്പ് എഴുതി കൊടുത്ത് നിഷ് ക്രമണം ചെയ്യാൻ സമ്മർദ്ദങ്ങളും, പ്രലോഭനങ്ങളും ഉണ്ടായപ്പോഴും അവയെ തൃണവൽഗണിച്ച അലക്സാണ്ടർ സാറിന്റെ ത്യാഗവും മനസ്സും ഒരു പക്ഷെ സ്വാതന്ത്ര്യാനന്തര തലമുറയ്ക്ക് പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞോ എന്ന് ദു:ഖത്തോടെ ഞാൻ സംശയിക്കുകയാണ്.

ഭരണഘടനാ നിർമ്മാണ സമതി അംഗമാകാനും പ്രഥമ പാർലമെന്റിൽ അംഗമാകാനും അദ്ദേഹത്തിനു അവസരം സ്വതന്ത്ര

ഭാരതം നൽകിയെങ്കിലും, അത് ആ ത്യാഗ സുരഭിലമായ ജീവിതത്തിനുള്ള അംഗീകാരമായോ മതിയാ യ പ്രതിഫലമായോ ഞാൻ കാണുന്നില്ല. സ്വാതന്ത്ര്യ സമരരംഗത്തെ നിസ്സാര ന്മാർ പോലും അധികാരശ്രേണികൾ ചവുട്ടിക്കയറിയപ്പോൾ അലക്സാണ്ടർ സാറിനെപ്പോലെയുള്ളവർ അവഗണന അനുഭവിച്ചു വെന്നത് ഒരു ചരിത്ര പാഠമാകേണ്ടതുണ്ട്.


മഹാമേരുവായിരുന്ന ശ്രീ. ടി. എം. വർഗീസിന്റെ തണലിൽ സ്വാതന്ത്ര്യ സമര ജ്വാലയിൽ എടുത്തുചാടിയ അലക്സാണ്ടർ സാർ ഏകാന്ത പഥികനെ പ്പോലെയാണ് മുന്നോട്ടു പോയത്.

സ്വാതന്ത്ര്യ സമരസേനാനികളുടെ അഖിലേന്ത്യാ പ്രസ്ഥാനത്തിൻറ പൊതുകാര്യ ദർശി എന്ന നിലയിൽ അദ്ദേഹം കേരളത്തിലും, ഡൽഹിയിലും യാത്ര ചെയ്യുകയും, സന്ദർശനങ്ങൾ നടത്തുകയും ചെയ്ത സന്ദർഭങ്ങളിൽ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യാനും, നിരവധി അനുഭവങ്ങൾ പറഞ്ഞറിയു വാനും എനിക്ക് ലഭിച്ചിട്ടുള്ള അവസരങ്ങൾ ഞാൻ അനുസ്മരിക്കുകയാണ്.

മദ്ധ്യതിരുവിതാംകൂറിന്റെ മണ്ണിനെ ദേശാഭിമാനത്താൽ അരുണാഭ മാക്കിയ അലക്സാണ്ടർ സാറിനെ നമ്മൾ വേണ്ടത്ര ആദരിച്ചോ എന്ന് ഞാൻ സംശയിക്കുകയാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ജന്മദേശമായ മാവേ ലിക്കരയ്ക്കും വീഴ്ചപറ്റി എന്നതാണ് എന്റെ എളിയ വിലയിരുത്തൽ.

നാടിനുവേണ്ടി ത്യാഗ സുരഭിലമായ ജീവിതം നയിച്ചവരെ നാടും ജനങ്ങളും വിസ്മരിക്കുകയെന്ന തെറ്റ് ആവർത്തിക്കാതിരക്കാൻ അലക്സാ ണ്ടർ സാറിന്റെ ജീവിതം നമുക്ക് പാഠമാകട്ടെ.

ശ്രീ. എം. എം. മത്തായി എക്സ് എം. എൽ. എ.
ആദർശങ്ങളിൽ അടിപതറാത്ത കർമ്മധീരൻ



കെ. ഇ. മാമ്മൻ

തിരുവിതാംകൂറിലാകെ സ്വാതന്ത്ര്യ സമരാഗ്നി കത്തിപ്പടർന്ന ഒരു കാലം. അതിന്നും ഓർമകളുടെ മങ്ങാത്ത, മാറാല പുരളാത്ത കോണുകളിൽ അഗ്നി തിളക്ക മാണ്. ആ തിളക്കത്തിൽ മറ്റൊരു മുഖവും ഞാൻ കാണുന്നു.

മധ്യതിരുവിതാംകൂറിലാകെ നിറഞ്ഞു നിന്നിരുന്ന ഒരു രാഷ്ട്രീയ നേതാവിന്റെ മുഖം. ആ മുഖം ഇപ്പോൾ ഞാൻ വീണ്ടു മോർക്കുന്നു. - ആ മഹാന്റെ മരണവാർത്ത ശ്രവിച്ചപ്പോൾ എം. എം. മത്തായിയെ സ്മരിച്ചു കൊണ്ട് ഓർമകളിലൂടെ പിന്നോട്ടൊന്നു
നടക്കട്ടെ.

ഉത്തരവാദിത്ത ഭരണത്തിനുവേണ്ടി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ സിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച രാഷ്ട്രീയ പ്രക്ഷോഭം അടിച്ചമർത്താ ൻ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ 1114-ലെ ഒന്നാം റഗുലേഷൻ നട പ്പാക്കി. ഇതു ലംഘിച്ചതിനു തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നി ന്ന് ആദ്യദിവസം അറസ്റ്റിലായ ചുരുക്കം നേതാക്കന്മാരിൽ ഒരാൾ മത്തായി ആയിരുന്നു. ചെങ്ങന്നൂർ മജിസ്ട്രേട്ട് കോടതി അദ്ദേഹത്തിനു രണ്ടു വർഷം കഠിനതടവും 2000 രൂപ പിഴയും വിധിച്ചു. അതെ പ്രക്ഷോഭത്തിന്റെ ആദ്യ നിരകളിലായിരുന്നു മത്തായിക്കെന്നും സ്ഥാനം.

ഞാൻ 1942 മുതലാണു മത്തായിയുമായി അടുത്തിടപഴകുന്നത്. തിരുവല്ല താലൂക്കിന്റെ പല ഭാഗങ്ങളിലും പ്രകടനങ്ങൾ സംഘടിപ്പിക്കാനും രാഷ്ട്രീയയോഗങ്ങൾ കൂട്ടാനും വേണ്ടി പലപ്പോഴും ഞങ്ങൾ ഒന്നിച്ചു പോ യിട്ടുണ്ട്.
കോൺഗ്രസ് യോഗങ്ങൾ കലക്കാനും യോഗസ്ഥലത്തു ബഹളം ഉണ്ടാക്കാനുംവേണ്ടി പ്രതിമാസം അഞ്ചു രൂപ നൽകി സർ സി. പി. അക്കാല ത്തു കുറെ റൗഡികളെ റിക്രൂട്ട് ചെയ്തു പ്രത്യേക പൊലീസ് സേനയായി സംഘടിപ്പിച്ചിരുന്നു. അഞ്ചു രൂപ പൊലീസ് എന്നറിയപ്പെട്ടിരുന്ന ഈ സേന യിലെ അംഗങ്ങൾ യൂണിഫോമില്ലാതെ വന്നു കോൺഗ്രസ് യോഗങ്ങൾ കല ക്കുക സാധാരണയായിരുന്നു.

തിരുവല്ലയ്ക്കു സമീപം കിഴക്കൻ മുത്തൂറ്റ് ഒരിക്കൽ കോൺഗ്രസ് പ്രചാരണയോഗം നടക്കുമ്പോൾ പൊലീസ് പിൻബലത്തോടെ മേൽപ്പറഞ്ഞ റൗഡിസംഘത്തിലെ നാലഞ്ചാളുകൾ വന്ന് അധ്യക്ഷ കസേരയ്ക്കു സമീപം നിന്നു സർ സി. പി. ജയ് വിളിച്ചു. കോൺഗ്രസ് മുർദാബാദ് മുദ്രാവാക്യ ങ്ങളും മുഴങ്ങി, ജനക്കൂട്ടം ക്ഷുഭിതരായെങ്കിലും ആരും ബഹളമുണ്ടാക്കരു തെന്നും കോൺഗ്രസുകാർ അക്രമരാഹിത്യം പാലിക്കുന്നതിനു പ്രതിജ്ഞാ ബദ്ധരാണെന്നും മത്തായി അഭ്യർത്ഥിച്ചപ്പോൾ ജനം ശാന്തരായി. റൗഡി സംഘത്തിന്റെ പ്രകടനത്തെ അവഗണിച്ചു മത്തായി അരമണിക്കൂർ പ്രസംഗി ച്ചു, അന്ന് ഉച്ചഭാഷിണി പ്രചാരത്തിലുണ്ടായിരുന്നില്ല. അതുകൊണ്ടു പ്രസംഗ കർക്കു വളരെ ഉച്ചത്തിൽ സംസാരിക്കേണ്ടിയിരുന്നു.

മത്തായിയുടെ പ്രസംഗശേഷം ഞാൻ എഴുന്നേറ്റു. അവിടെ ഉണ്ടായി രുന്ന മേശപ്പുറത്തു കയറിനിന്നാണു ഞാൻ സംസാരിച്ചത്. അഞ്ചുമിനിറ്റു കഴിഞ്ഞപ്പോൾ റൗഡി സംഘത്തിൽ ഒരുവൻ വന്നു മേശമുന്നോട്ടു തള്ളി മറിച്ചിട്ടു. മേശയോടൊപ്പം ഞാനും നിലത്തുവീണു. എന്നെ പിടിച്ചെഴുന്നേൽ പ്പിക്കാൻ യോഗാധ്യക്ഷൻ കെ. എ. മാത്യുവും മത്തായിയും ഓടിയെത്തി. ആ സമയം റൗഡിസംഘം ഞങ്ങൾക്കു ചുറ്റും വളഞ്ഞുനിന്ന് അവരുടെ അരയിൽ കെട്ടിയിരുന്ന ബെൽറ്റ് ഊരി ഞങ്ങളെ അടിക്കാൻ തുടങ്ങി. നാലഞ്ചു കളെ ഒറ്റയ്ക്ക് നേരിടാൻ തക്ക ശരീരികശക്തിയും ആത്മബലവുമുണ്ടായി രുന്ന മത്തായി അടികൾ ഏറ്റുവാങ്ങിക്കൊണ്ട് അഭ്യർത്ഥിച്ചതു ജനങ്ങൾ ആരും അക്രമത്തിനു മുതിരരുതെന്നാണ്. ഇതിനിടെ റൗഡി സംഘത്തിലൊ രുവൻ കത്തിയൂരി കെ. എ. മാത്യുവിന്റെ കഴുത്തിൽ കുത്തി. അദ്ദേഹത്തി റൗഡി ന്റെ കഴുത്തിൽ നിന്നു ചോര ചീറ്റുന്നതു കണ്ടതോടെ ജനങ്ങളുടെ ക്ഷമ നശിച്ചു. അവർ റൗഡിസംഘത്തിനു നേരെ ചീറിയടുത്തു. പക്ഷേ, പോലീസിന്റെ ഹായത്തോടെ റൗഡികൾ രക്ഷപ്പെട്ടു.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം എം. എം. മത്തായി അഭിഭാഷകവൃ ത്തിയിലേക്കു മടങ്ങി. തിരുവല്ല ബാറിലെ പ്രമുഖ ക്രിമിനൽ വക്കീലൻമാ രിൽ ഒരാളായി അദ്ദേഹം ഉയർന്നു.
കല്ലൂപ്പാറ മണ്ഡലത്തിൽ നിന്ന് 1954, 57, 60 വർഷങ്ങളിൽ മത്തായി കോൺഗ്രസ് സ്ഥാനാർത്ഥിയായി വൻഭൂരിപക്ഷത്തോടുകൂടി നിയമ സഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. നൂറുകണക്കിനു കോൺഗ്രസ് പ്രവർ ത്തകർ ചൊൽപ്പടിയിലുണ്ടായിരുന്ന മത്തായിയുടെ തെരഞ്ഞെടുപ്പു പ്രചാ രണശൈലി അനുകരണാർഹമായിരുന്നു.

കഴിഞ്ഞ പത്തു കൊല്ലമായി തളർവാതം പിടിപ്പെട്ടതുമൂലം പൊതു പ്രവർത്തനങ്ങളിൽ നിന്ന് അദ്ദേഹം വിട്ടുനിൽക്കുകയായിരുന്നു. 1973-ൽ കേന്ദ്ര സർക്കാർ താമ്രപത്രം നൽകി മത്തായിയെ ബഹുമാനിച്ചു. കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും സ്വാതന്ത്ര്യസമര പെൻഷനും അദ്ദേഹത്തിനു ലഭിച്ചിരുന്നു.
(മലയാളമനോരമയോട് കടപ്പാട്)

കണ്ടനാട് ശാഖ
കുടുംബചരിത്രം ഒന്നാം പതിപ്പിന് ശേഷം കണ്ടെത്തിയ കണ്ണി.
എൻ. നൈനാൻ (പറമ്പിൽ, മാവേലിക്കര ശാഖ).

വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ ഒരു സുപ്രധാന ശാഖകണ്ടനാട് സ്ഥാപിതമായിരുന്നു എന്നും, നിർഭാഗ്യവശാൽ ഈ കുടുംബത്തേയും കണ്ടനാട് ശാഖയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണി ഇന്നും അജ്ഞാത മായിരിക്കുന്നു എന്നും ഒന്നാം പതിപ്പിൽ ശ്രീ. സി. എൻ. അലക്സാണ്ടറുടെ കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ഒന്നാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിന് ശേഷം വടക്കേത്തലയ്ക്കൽ മഹാകുടുംബയോഗം രക്ഷാധികാരിയായ അഭിവന്ദ്യ തോമസ് മാർ അത്താനാ സിയോസ് തിരുമേനി കണ്ടനാട് ശാഖയുമായി ബന്ധപ്പെടുകയും, ശാഖ യിലെ കുടുംബ നേതാക്കന്മാരുമായി നമ്മുടെ കുടുംബവും, കണ്ടനാട് ശാഖ യും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി ഏതാണെന്നുള്ളതിനെപ്പറ്റി ആശയ വിനി മയം നടത്തുകയും ചെയ്തു. തുടർന്നുള്ള ചർച്ചയിൽ കാലം ചെയ്ത കണ്ട നാട് യൂയാക്കിം മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബം മവേലി ക്കര വടക്കേത്തലക്കൽ വീട്ടിൽ നിന്നും പിരിഞ്ഞ് കണ്ടനാട്ട് വന്ന് താമസമാ ക്കിയിരുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. നമ്മുടെ മാവേലിക്കര കാഞ്ഞിരത്തും മൂട്ടിൽ ശാഖക്കാർക്ക് ലഭിച്ചിട്ടുള്ള പ്രകാരം തരകൻ' സ്ഥാനവും മറ്റ് പല സ്ഥാനമാനങ്ങളും ഇവർക്കും ലഭിച്ചിട്ടുള്ളതിനാൽ കാഞ്ഞിരത്തുംമൂട്ടിൽ ശാഖയിലുള്ളവരാണ് കണ്ടനാട് ശാഖാംഗങ്ങൾ എന്ന് അനുമാനിക്കേണ്ടിയി രിക്കുന്നു.

1917-ൽ മാവേലിക്കര, തഴക്കര പുത്തൻപള്ളി യൂയാക്കിം മാർ ഈവാനി യോസ് തിരുമേനിക്ക് വടക്കേത്തലക്കൽ കുടുംബക്കാർ വിട്ടുകൊടുക്കുന്ന ഉടമ്പടിയിൽ താഴെ വിവരിക്കുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ജീർണ്ണാവസ്ഥയിൽ ആയിരിക്കുന്ന തഴക്കര പുത്തൻപള്ളിയുടെ ഉദ്ധാരണത്തിനും, ശ്രേയസ്സ്കരമായ പ്രവർത്തനത്തിനും വടക്കേത്തല യ്ക്കൽ നിന്നും കണ്ടനാട് കരോട്ടു വീട്ടിൽ ആയ യൂയാക്കിം മാർ ഈവാനി യോസ് തിരുമേനിയുടെ ആ സ്ഥാനമായി ഈ പള്ളിയും ഇതിന്റെ സ്വത്തുക്കളും വിട്ടുകൊടുത്തിരിക്കുന്നു''. കൂടാതെ അതേവർഷം വഴുവാടി പോള ചിറയ്ക്കൽ ശ്രീ. പി. എം. കൊച്ചുമ്മന്റെ വീട്ടിൽ വച്ചുകൂടിയ വടക്കേത്തല യ്ക്കൽ കുടുംബയോഗ വാർഷികത്തിൽ വടക്കേത്തലക്കൽ കണ്ടനാട് ശാഖ യിലെ അഭിവന്ദ്യ യൂയാക്കിം മാർ ഈവാനിയോസ് തിരുമേനിയാണ് അദ്ധ്യ ക്ഷത വഹിച്ചതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം തന്നെ കണ്ടനാട് കരോട്ട് വീട്ടുകാർ മാവേലിക്കര വടക്കേതലക്കൽ കുടുംബത്തിൽപ്പെട്ടവാ രാണുള്ളതിന് തെളിവാണ്.

അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി 1990 ഡിസം ബർ 27-ന് കണ്ടനാട്ട് ശാഖ സന്ദർശിക്കുകയും തിരുമേനിയുടെ അദ്ധ്യക്ഷ തയിൽ കരോട്ട് വീട്ടുകാരുടെ ഒരു യോഗം കൂടുകയും പ്രവർത്തനത്തിന് വേണ്ടി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ആ വർ ഷം ഡിസംബർ 29-ന് ഉമ്പമണ്ണിൽ വച്ച് നടന്ന വടക്കേത്തലയ്ക്കൽ കുടും ബമഹായോഗ വാർഷികത്തിൽ കണ്ടനാട് ശാഖാംഗങ്ങൾ സംബന്ധിക്കുക യും അവരെ ഈ കുടുംബമഹായോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. ഇപ്പോൾ എല്ലാ കുടുംബയോഗ വാർഷികത്തിലും മറ്റ് എക്സിക്യൂ ട്ടീവ് കമ്മറ്റികളിലും കണ്ടനാട് ശാഖാംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു ണ്ട്.

1990 ൽ ഉമ്പമണ്ണിൽ വച്ച നടന്ന കുടുംബയോഗ വാർഷികത്തിന് ശേഷം 1991-ൽ നമ്മുടെ കുടുംബയോഗ രക്ഷാധികാരി അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ശാഖാംഗങ്ങൾ എല്ലാവരും കൂടി കണ്ടനാട് ശാഖാ സന്ദർശിക്കുകയും, അഭിവന്ദ്യ തിരുമേനി കണ്ടനാട് കർമ്മേൽ ദയറായിൽ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

തുടർന്ന് കരോട്ട് വീട്ടിൽ വച്ച് യോഗം കൂടുകയും ചെയ്തു യോഗത്തി ലേക്ക് ഊഷ്മളമായ ഒരു വരവേല്പാണ് ഞങ്ങൾക്ക് ലഭിച്ചത്. തുടർന്ന് കുടുംബാംഗങ്ങൾ എല്ലാവരും കൂടി അഭിവന്ദ്യ യൂയാക്കിം മാർ ഈവാനി യോസ് മെത്രാപ്പോലീത്തായുടെ പിതൃസഹോദരനായ 1888-ൽ കബറട ങ്ങിയ അഭിവന്ദ്യ മങ്ങാൻ മാർ ദീവന്നാസിയോസിന്റെ കബറിടം സന്ദർ ശിക്കുകയും ചെയ്ത ശേഷം കരോട്ട് വീട്ടിലെ സൽക്കാരങ്ങൾ കഴിഞ്ഞ് തിരിച്ച് പോന്നിട്ടുള്ളതാകുന്നു.


ഇപ്രകാരം കണ്ടെത്താനുണ്ടായിരുന്ന കണ്ണി കണ്ടെത്തുന്നതിൽ സഹാ യിക്കുകയും കുടുംബയോഗങ്ങളിലെല്ലാം സജീവമായി പങ്കെടുക്കുകയും ചെയ്യുന്ന കണ്ടനാട് ശാഖാംഗങ്ങളോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ.

കണ്ടനാട് ശാഖ നമ്മുടെ വടക്കേത്തലക്കൽ മഹാ കുടുംബവുമായി ബന്ധിപ്പി ക്കാൻ അക്ഷീണ പരിശ്രമം ചെയ്ത കുടുംബയോഗ രക്ഷാധികാരി അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി മൺമറഞ്ഞുപോയ നമ്മുടെ മുൻകുടുംബയോഗ പ്രസിഡണ്ട് ശ്രീ. എൻ. അലക്സാണ്ടർ എക്സ് എം. പി. കുടുംബയോഗ ട്രഷറാർ ശ്രീ. സി. എൻ. അലക്സാണ്ടർ എന്നിവരോടുള്ള നന്ദിയും സ്നേഹവും രേഖ പ്പെടുത്തുന്നു.

കഴിഞ്ഞ ഒന്നാം പതിപ്പിൽ കണ്ടനാട്ട് ശാഖയുടെ ചരിത്രം ഉൾപ്പെടു ത്താൻ കഴിഞ്ഞില്ലങ്കിലും കണ്ടനാട് ശാഖാ ചരിത്രം കൂടി ചേർത്ത് രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ കുടുംബാംഗങ്ങൾക്കെല്ലാം അതി യായ സന്തോഷമുണ്ട്. ഇതിനെല്ലാമുപരി വിട്ടുപോയ കണ്ണി കൂടി ചേർക്കാൻ സഹായിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുകയും ചെയ്യുന്നു.



ശെമ്മാശന്മാരെ പഠിപ്പിച്ചിരുന്ന മാവേലിക്കര തഴക്കര പുത്തൻ പുരയിൽ മേടയിൽ സൂക്ഷിച്ചിരുന്ന ചാണ്ടി കത്തനാരുടെ ശുശ്രൂഷ കുപ്പായവും തക്സായും മറ്റും അഭിവന്ദ്യ തോമസ് മാർ അത്തനാസോസിയോസ് തിരുമേനിയ്ക്കു കൈമാറിയ പ്പോൾ.



മാവേലിക്കര പറമ്പിൽ സ്കറിയാ കത്തനാരുടെ ***95-***ാം
ജന്മദിനം പ്രമാണിച്ച് സന്നിഹിതരായ കുടുംബാംഗങ്ങൾ



നമ്മുടെ ***(വടക്കേത്തലയ്ക്കൽ)*** കുടുംബ പിതാക്കന്മാരാൽ
സ്ഥാപിതമായ തഴക്കര സെമിനാരിപ്പള്ളി**. *(*മാവേലിക്കര*)***



*1915*-ൽ കുഞ്ചാറ്റിൽ വച്ച് കൂടിയ കുടുംബയോഗം കഴിഞ്ഞ തലമുറയിലെ പ്രമുഖരായ പല വൈദികരേയും വ്യക്തികളേയും

ഈ ചിത്രത്തിൽ കാണാം.

മുൻ നിരയിൽ *L toR:* ഡീക്കൻ ഏബ്രഹാം (ഏബ്രഹാം മാർത്തോമ്മാ, തോമസ് കത്തനാർ (പുത്തൻകാവ്), ചെറിയാചൻ കൊട്ടയ്ക്കാട്ട് നൈനാൻ കഞ്ചാറ്റിൽ, ഇടിചാണ്ടി കത്തനാർ ഏറാംതോട്ടത്ത്, സ്കറിയ കത്തനാർ പറമ്പിൽ, തോമസ് കത്തനാർ പുത്തൻപുരയിൽ.



1974 -ൽ മാവേലിക്കര പാറപ്പുറത്തു ശ്രീ. കെ. ഇ. മത്തായിയുടെ
ഭവനത്തിൽ വച്ച്കൂടിയ വാർഷികയോഗത്തിൽ സംബന്ധിച്ചവർ



യൂത്ത് വിംഗ് - വടക്കേത്തലയ്ക്കൽ മാവേലിക്കര ശാഖ



തച്ചമം സെൻറ് ജോസഫ്സ് കത്തോലിക്കാപള്ളി.
പുനരൈക്യ പ്രസ്ഥാനത്തിലേക്ക് ഫീലിപ്പോസ് ജഡ്ജി
സംഭാവന ചെയ്ത സ്ഥലത്ത് നിലകൊള്ളുന്ന പള്ളി.





<u>പ്രോ എക്ലീസിയ എറ്റ് പൊന്തിഫിസ്</u>*:* സഭയ്ക്കും അതിന്റെ തലവനും വേണ്ടി ചെയ്യുന്ന സേവനങ്ങളുടെ പേരിൽ പൊതുവേ മാർപ്പാപ്പയ്ക്ക് അർഹരായവർക്ക് നൽകുന്ന സ്ഥാനം പിയൂസ് *12* മാർപാപ്പ ജഡ്ജ് മാരേട്ട് എ. ഫിലിപ്പോസിനു നൽകി




മാക്കുളം പള്ളി

പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ നിന്ന് പത്തനാപുരത്ത് (മാക്കുളം), പോയ പിതാക്കന്മാർ കൂട്ടായി വാങ്ങിയ 20 ഏക്കർ സ്ഥലത്തിന്റെ ഏറ്റവും ഉയർന്ന ഭാഗത്ത് 1917-ൽ പണികഴിപ്പിച്ച "ഹെർമോൻ ഓർത്തഡോക്സ് പള്ളി




ഗീവർഗ്ഗീസ് കത്തനാർ മാക്കുളം



പരുമല പള്ളിയിലുള്ള യൂയാക്കീം മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടം



പുത്തൻകാവ് മാർ പിലിക്സ്നോസ് തിരുമേനിയുടെ കബറിടം പുത്തൻകാവ് പള്ളി



അവിരാ മാരേട്ട്



മാരേട്ട് തറവാട്:- വടക്കേത്തലയ്ക്കൽ നൈനാന്റെ മൂത്തമകനായ ഉമ്മൂമ്മൻ ഇടപ്പള്ളി മുതൽ പിടിയായിരുന്ന കാലത്ത് ഇടപ്പള്ളി ത്തമ്പുരാൻ നിർദ്ദേശപ്രകാരം ഇണ്ടൻ ഉരുത്തി പണിക്കരുടെ മേൽനോട്ടത്തിൽ പണിയിച്ച കൊടുത്തത്.



വെരി. റവ. ഫാ. എബ്രഹാം മാരേട്ടിന്റെ ഭൗതികാവശിഷ്ടം അടക്കം ചെയ്ത കല്ലൂപ്പാറ ലൂർദ് പള്ളി( പുതുശ്ശേരി ഈട്ടിക്കൽ പള്ളി)




മാരേട്ട് പള്ളി:- മാരേട്ട് റമ്പാച്ചന്റെ പിതാവ് ഔസേപ്പ് ഇടിച്ചാണ്ടിയും സഹോദരൻ ഔസേപ്പ് മത്തായിയും അവരുടെ സഹോദരപുത്ര ന്മാരായ പാറക്കടവിൽ പീലിപ്പോസ്, മണ്ണഞ്ചേരി ഔസേപ്പ്, പാറ്റോട്ടിൽ പൗലോസ് ജോസഫ് എന്നിവർ ചേർന്ന് സ്വന്തം സ്ഥലത്ത് 1092-ാമാണ്ട് പണികഴിപ്പിച്ചത്.

വടക്കേത്തലയ്ക്കൽ മഹാകുടുംബയോഗം എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും, രണ്ടാം പതിപ്പ് പുസ്തക കമ്മിറ്റി അംഗങ്ങളും



നിൽക്കുന്നവർ ഇടത്തു നിന്നും രാജു കര്യൻ (മാവേലിക്കര), കെ. പി. ജീബോയി (കണ്ടനാട്), ഒ. മാത്യു മാവേലിക്കര, ഡോ. ജേക്കബ് വറുഗീസ് (മാവേലിക്കര), ഗീവറുഗീസ് തോമസ് (മാവേലിക്കര), സി. എ. സഖറിയ (പത്തനാപുരം), എൻ. നൈനാൻ (മാവേലിക്കര), അനി മാരേട്ട്, എം. ജെ. ചാക്കോ (അടൂർ), മാത്യൂസ് കോശി (ഊപടിക്കൽ), ഒ. എ. നൈനാൻ (ഊപടിക്കൽ), എം. തോമസ് (പത്തനാപുരം), സൈമൺ പി. തോമസ് (മാവേലിക്കര), നൈനാൻ ജോൺ (മാരേട്ട്), ഉമ്മചൻ മാരേട്ട്, ബിജു (പത്തനാപുരം).
ഇരിക്കുന്നവർ ഇടത്തുനിന്നും : പി. സി. തോമസ് (അടൂർ), സി. എൻ. മാത്യു മാവേലിക്കര), പി. നെൽസൺ (അടൂർ), കെ. ഒ. ഫിലിപ്പ് (മാവേലിക്കര), പി. എ. ജോർജ് (തുമ്പമൺ), എം. ഒ. ഏബ്രഹാം മാരേട്ട്, ഒ. എ. ചെറിയാൻ (ഊപടിക്കൽ), കെ. എം. വർഗീസ് (തുമ്പമൺ), കെ. സി. പാപ്പാൻ (തുമ്പമൺ, പി. ജി. സൈമൺ (അടൂർ), കെ. കെ. കോശി (ഊര്യേപടിക്കൽ)

അത്താനാസിയോസ് മെത്രാപ്പോലീത്തായും കുടുംബത്തിലെ ഏതാനും വൈദികരും. കുടുംബചരിത്രം രണ്ടാം പതിപ്പിന്റെ സ്കൂട്ടിണി കമ്മറ്റി അംഗങ്ങളും



ഇരിക്കുന്നവർ : റവ. റ്റി. എം. ഫിലിപ്പോസ്, റവ. കൊച്ചുമ്മൻ, നൈനാൻ, ഊരിയ
പടിക്കൽ, അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ റവ.ജോർജ് മാത്യു, തുമ്പമൺ, സിസ്റ്റർ ജോർജിയ, മാരേട്ട്.
നിൽക്കുന്നവർ : (ട്രിനി കമ്മറ്റിയംഗങ്ങൾ)സൈമൺ പി. തോമസ് (മാവേലി ക്കര), പ്രൊഫ. ഒ. എ. ചെറിയാൻ ഊപ്പടിക്കൽ, എൻ. നൈനാൻ (മാവേലി ക്കര) പി. നെൽസൺ അടൂർ, മാത്യു കോശി ഊര്യേപ്പടിക്കൽ, പി. എ. ജോർജ്ജ് തുമ്പമൺ.

വടക്കേത്തലയ്ക്കൽ കുടുംബവംശാവലി

ഉദ്ദേശം ഒൻപതു തലമുറയ്ക്ക് മുൻപ് ജീവിച്ചിരുന്ന ഇടിച്ചാണ്ടി എന്ന പേരായ പൂർവ്വപിതാമഹനാണ് ചരിത്രപരമായി നാം അറിയുന്ന ആദ്യത്തെ കുടുംബനായകൻ

ഇപ്പോഴത്തെ വടക്കേത്തലയ്ക്കൽ കുടുംബത്തിന്റെ (തെരുവിലേ വീട്) തൊട്ടുതെക്കുവശത്ത് പഴയപുര (റോഡിനു കിഴക്കുവശം) എന്നറിയപ്പെട്ടി രുന്ന വീട്ടിലാണ് ഇടിച്ചാണ്ടി താമസിച്ചിരുന്നത്.

ഇടിച്ചാണ്ടിക്ക് ചെറിയാൻ, നൈനാൻ, കിരിയാച്ചൻ എന്നീ മൂന്നാണ മക്കളാണുണ്ടായിരുന്നത്. ഇവരിൽ മൂത്തവനായ ചെറിയാച്ചന് ഉമ്മുമ്മൻ, നൈനാൻ എന്ന രണ്ടാൺമക്കളുണ്ടായിരുന്നു മൂത്തവനായ ഉമ്മുമ്മൻ മൂന്നാൺ മക്കളിൽ ചെറിയ, ഗീവർഗീസ് എന്നിവരാണ് അടൂർ ശാഖ സ്ഥാപി ച്ചത്. മൂന്നാമൻ ഇടിച്ചാണ്ടി കത്തനാർ മാവേലിക്കര പുത്തൻപുരയിലും താമസിച്ചു. ഇദ്ദേഹത്തിന്റെ പിൻ തലമുറയാണ് പുത്തൻപുര ഉപശാഖ. ഉമ്മുമ്മ ഇളയസഹോദരൻ നൈനാൻ സ്ഥാപിച്ചതാണു സ്രാമ്പിക്കൽ ഉപശാഖ.
ആദ്യപിതാമഹൻ ഇടിച്ചാണ്ടിയുടെ രണ്ടാമത്തെ മകൻ നൈനാൻ ഉമ്മുമ്മൻ, അവിരാ എന്നീ രണ്ടാൺമക്കളുണ്ടായിരുന്നു. ഇവരിൽ ഉമ്മുമ്മ നാണ് മാരേട്ടു ശാഖാ സ്ഥാപകൻ, അവിരാ ഊപടിക്കൽ ശാഖയും.

ആദ്യപിതാമഹൻ ഇടിച്ചാണ്ടിയുടെ ഇളയ മകൻ കിരിയാച്ചന്റെ പിൻ തലമുറയാണ് മാവേലിക്കര ശാഖ. കിരിയാത്തന്റെ മൂത്തമകൻ ഇടിച്ചാണ്ടി യുടെ രണ്ടാമത്തമകൻ ഫിലിപ്പോസ് (പെരുമാൾ) തരകന്റെ നാലാമത്തെ മകൻ ഇടിച്ചാണ്ടിയുടെ പിൻതലമുറയാണ് പത്തനാപുരം ശാഖ, അഞ്ചാമ ത്തെ മകൻ മാത്തുണ്ണിയുടെ പിൻതലമുറ തുമ്പമൺ ശാഖയും. സൗകര്യാർത്ഥം പുത്തൻപുരയിൽ ഉപശാഖയെയും സാമ്പിക്കൽ ഉപശാഖയെയും മാവേലിക്കര ശാഖാ ചരിത്രത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നു.

മാവേലിക്കര ശാഖയിലെ കാഞ്ഞിരത്തുംമൂട് ഉപശാഖയിൽ പെട്ട ഫിലി പ്പോസ് തരകന്റെ പിൻതുടർച്ചക്കാരനാണ് കണ്ടനാട് ശാഖയായി കാലാ തരത്തിൽ രൂപപ്പെട്ടത്. മേൽ കൊടുത്തിരിക്കുന്ന വംശാവലി വിശദമായി പട്ടിക രൂപത്തിൽ ചേർത്തിരിക്കുന്നത് ദയവായി കാണുക.